ഭിസുഖമായി കടന്ന ശെഷം ലാഭഗിരിയുടെ അരികിൽ എത്തുക
യും ചെയ്തു- ആ ഗിരിയിൽ വെള്ളി എടുക്കുന്നൊരു കുഴി ഉണ്ടാകകൊ
ണ്ടു പണ്ടു യാത്രക്കാരിൽ പലരും ആ സ്ഥലത്തിൽ ചെന്ന ശെഷം കാണ്മാനായി
വഴി തെറ്റി കുഴിയുടെ വക്കത്തു ചെന്നു കുത്തനെ നൊക്കിയ
പ്പൊൾ പൊള്ള ഭൂമി ഇടിഞ്ഞതിനാൽ വീണു ചിലർ മരിച്ചു മറ്റും ചിലർ
മുടങ്ങി മരണം വരെക്കും മുഴുവനും സ്വസ്ഥരാകുന്നതും ഇല്ല വെള്ളി എ
ടുക്കുന്ന കുഴിയെ കാണ്മാനായി യാത്രക്കാരെ വിളിക്കുന്നതിന്നു ദെ
മാസാമി കുഴിക്കും വഴിക്കും മദ്ധ്യെ നിന്നു കൂടനെ പൊകുന്ന ആശാമയ
ക്രിസ്ത്യാനികളെ കണ്ടപ്പൊൾ എടൊ ഇവിടെ വരുവിൻ ഞാൻ ഒന്നു കാ
ണിപ്പാൻ ഉണ്ടു എന്നു പറഞ്ഞു-

ക്രിസ്തി- വഴി തെറ്റി അങ്ങൊട്ടു ചെല്ലുവാൻ തക്ക കാൎയ്യം എന്തു

ദെമാസാമി- ഇവിടെ വെള്ളി എടുക്കുന്ന ഒരു കുഴി ഉണ്ടു അതിൽ ധനത്തി
നായി ജനങ്ങൾ കുഴിക്കുന്നതു പൊലെ നിങ്ങളും വന്നു അല്പം കുഴിച്ചാൽ
ബഹു സമ്പത്തു ഉണ്ടാകും—

അപ്പൊൾ ആശാമയൻ ക്രിസ്തിയനൊടു നാം ചെന്നു നൊക്കുക എന്നു പറഞ്ഞു

ക്രിസ്തി- ഞാൻ അവിടെ പൊകുന്നില്ല അനെകം ആളുകൾ പൊയി നശിച്ചത
ല്ലാതെ ആ ധനം സമ്പാദിക്കുന്നവരുടെ യാത്രക്കു മുടക്കം വരുത്തുന്നൊ

ആ കണ്ണിയത്രെ ആകുന്നത എന്നെ ഞാൻ കെട്ടിരിക്കുന്നു എന്നു പറഞ്ഞു. ഒരു ദെമാവൊടു അത് എത്രയും അനൎത്ഥവും എറിയ സഞ്ചാരികൾക്കു താമസവും ഉണ്ടാക്കീട്ടുള്ള സ്ഥലമല്ലയൊ എന്ന ചൊദിച്ചു-

ദെമാസ്വാമി- നല്ലവണ്ണം സൂക്ഷിക്കുന്നവൎക്ക അനൎത്ഥമുള്ളതല്ല എന്നല ജ്ജിച്ചു പറഞ്ഞു-

അപ്പൊൾ ക്രിസ്തിയാൻ ആശാമയനൊടു ഒർ അടി പൊലും നാം തെറ്റാതെ നെർവഴിയിൽ തന്നെ നടന്നു കൊണ്ടിരിക്ക എന്ന പറഞ്ഞു

ആശാമയൻ- ധനികസക്തന്മാർ വന്നു കുശലവാക്കു കെട്ടാൽ നൊക്കുവാൻ ചെല്ലും നിശ്ചയം—

ക്രിസ്തി- അവന്റെ സ്വഭാവത്തിന്ന ആ വഴി തന്നെ രസം തൊന്നുക കൊണ്ട അവൻ സംശയം കൂടാതെ അവിടെ പൊകും പക്ഷെ മരിക്കയും ചെയ്യും—

അപ്പൊൾ ദെമാസ്വാമി എന്നാൽ നിങ്ങൾ നൊക്കുവാൻ വരുന്നില്ലയൊ എന്ന പിന്നെയും വിളിച്ചു—

ക്രിസ്തി- ദെമാ നീ കൎത്താവിന്റെ നെർവഴിക്കു ഒരു വൈരിയാകുന്നു നിന്റെ തെറ്റു നിമിത്തം അവന്റെ സെവകന്മാരിൽ ഒരുവൻ നിന്നെ വിധിച്ചിരിക്കുന്നു ഞങ്ങളെയും നിന്റെ നാശത്തിലകപ്പെടുത്തുവാൻ നൊക്കുന്നതിന്ന എന്തു കാരണം- ഞങ്ങൾ നെർവഴി തെറ്റിയാൽ കൎത്താവ് അത് കെട്ടു ഞങ്ങൾ ധൈൎയ്യത്തൊടെ ഇരിപ്പാൻ ആഗ്രഹിക്കുന്ന സ്ഥലത്തു അപമാനിക്കും

ദെമാസ്വാമി- നമുക്ക എല്ലാവൎക്കും ഒരു മതം തന്നെ അല്ലയൊ നിങ്ങൾ അല്പം താമസിച്ചാൽ ഞാനും കൂടയാത്രയാകും എന്ന പറഞ്ഞു-

ക്രിസ്തി- നിന്റെ പെർ എന്തു ഞാൻ വിളിച്ചത് തന്നെ അല്ലയൊ-

ദെമാസ്വാമി- അതെ ദെമാ എന്ന തന്നെ എന്റെ പെർ ഞാൻ അബ്രഹാമിന്റെ പുത്രനാകുന്നു-

ക്രിസ്തി- ഞാൻ അറിയും നിന്റെ മുത്തച്ഛൻ ഗെഹസിയും നിന്റെ അച്ഛൻ യൂദാവും ആയിരുന്നവരല്ലൊ അവരുടെ പ്രവൃത്തിയിലും നീ പിഞ്ചെന്നു പിശാചിന്റെ സെവകനായിരിക്കുന്നു നിന്റെ അച്ഛൻ ദ്രൊഹി

സാക്ഷിമരിച്ച പ്രകാരം നിങ്ങൾക്കും വരുന്നതെങ്കിൽ രാജാവിന്റെ സന്നിധാനത്തിൽ എന്റെ ബൊധിന്റെ കാൎയ്യം നന്നാക്കി അറിയിക്കും എന്നു പറഞ്ഞൊ ദെസഞ്ചാരികൾ യാത്രയാക്കി-

ങ്ങെനിന്റെ ശെഷം ചെവികാസർതന്മാർ മുതലായവർ പാടിയിലി കൂടെ അദ്ദിക്കിൽ എത്തിയപ്പൊൾ ദെമാസിന്റെ മെൽ കെട്ടു ഉടനെ ഞെങ്ങൾ വായനൊട്ടു ചെരുകയും ചെയ്തു - അവർക്കു ഇവിടെ ലെക്ക നൊക്കി പിന്നെ മരിച്ചു [illegible] ഴിപ്പാൻ വെണ്ടി ഞാൻ വെണ്ട നിത്യം കയറി വരുന്നതെങ്ങിനെ [illegible] സംമുദ്രമൊഴിച്ചു പിന്നെ വൊ എന്നു ഞാൻ അറിയുന്നില്ല അന്നു മുതൽ അവൾ വഴിയിൽ വന്നു കണ്ടില്ലനെന്നെ അറിയും - അനന്തരം ക്രിസ്തിയാൻ-

ദെമാസിനൊടു കടന്നൊക്കു ശാപം
ഇഹത്തിലും പരത്തിലും വിടാ
അവൎക്കു പൊരും മണ്ണിലുള്ള ലാഭം
മെലാൽ വരുന്നതൊന്നും നിനയാതെ എന്നു പാടുകയും

ചെയ്തു - ഇതാപ്പുറകുടെ അപ്പുറം സഞ്ചാരികൾ വഴിങ്ങി [illegible] തന്നെ എത്തിയും പുരാണമായൊരു ഞങ്ങൾ നൊക്കി [illegible] ക്കിന്റെ മെൽ ഒരു സ്ത്രീയുടെ രൂപം പൊലെ ആക്കി കൊണ്ടു അവർ വളരെ അതിശയിച്ചു നൊക്കി കൊണ്ടിക്കുമ്പൊൾ ഒരുമായാൽ അതിന്റെ തലക്കലെ लोट: पत्नीं स्मरत എന്നൊരു എഴുത്തിനെ കണ്ടു അൎത്ഥം തിരിയാഞ്ഞു കൊണ്ടു തന്നെ ക്രാൾചതിയായുള്ള ക്രിസ്തിയാനെ വിളിച്ചു എഴുത്തിനെ കാണിച്ചാറെ അവൻ അക്ഷരങ്ങളെ അങ്ങൊട്ടു ഇങ്ങൊട്ടു നൊക്കിയ ശെഷം ലൊത്തിന്റെ ഭാൎയ്യയെ ഓൎക്കൊള്ളിൻ എന്നതിന്റെ അൎത്ഥം ബൊധിച്ചു പറഞ്ഞു സദൊമിൽ നിന്നു ഒടി പൊകുമ്പൊൾ ദ്രവ്യാഗ്രഹമുള്ള മനസ്സു കൊണ്ടു മറിഞ്ഞു നൊക്കി ഉപ്പു തൂണായിതീൎന്ന ലൊത്തിന്റെ ഭാൎയ്യ ഇതു തന്നെ എന്നറികയും ചെയ്തു-

അപ്പൊൾ ക്രിസ്തിയാൻ ആസഹൊദരാ ദെമാസ്വാമിയാഭഗിനിയെ കാണ്കയായിനത്തെ പിരിച്ച ശെഷം ഈകാഴ്ച എത്രയും ആവശ്യമായിരുന്നു [illegible] സമയം തൊന്നിയ പ്രകാരം അനുസരിച്ചു അവിടെക്കു ചരിച്ചു എങ്കിൽ നമ്മെയും പൊലെ വഴിയെ വരുന്നവൎക്കു ഒരു ദൃഷ്ടാന്തമായി തീരുവാൻ സംഗതി ഉണ്ടായിരുന്നു —

ആശാമയൻ- ആ ബുദ്ധികെട്ടതിനിമിത്തം എനിക്കഇപ്പൊൾ വളരെ സങ്കടം
ഉണ്ടു ഞാൻ ലൊത്തിന്റെ ഭാൎയ്യെപൊലെ ആയിതീരാഞ്ഞതു ആശ്ച
ൎയ്യം- അവളുടെ പാപത്തിന്നും എന്റെ പാപത്തിന്നും എന്തു
ത്രത്തൊളം ഭെദം ഉള്ളു- അവൾ തിരിഞ്ഞു നൊക്കി ഞാനൊ
പൊകുവാൻ ആഗ്രഹിച്ചു- ദൈവകരുണ വാഴ്ക- എന്നാൽ അ
ങ്ങിനെ ഉള്ള കാൎയ്യം എന്റെ ഹൃദയത്തിൽ തൊന്നിയതുകൊണ്ടു ഞാ
ൻ നാണിച്ചിരിക്കട്ടെ-

ക്രിസ്തി- ശെഷം വഴിയിൽ സഹായം എത്തെണ്ടതിന്നു നാം ഇവിടെ കണ്ടതു
ഒക്കെയും ഓൎക്കെണം ഈ സ്ത്രീ സദൊമിന്റെ ശിക്ഷാവിധിയിൽ
നശിക്കാതെ തെറ്റിപൊയി എങ്കിലും മറ്റൊരു ശിക്ഷാവിധി
യിൽ അകപ്പെട്ടു നാം കണ്ട പ്രകാരം ഒരു ഉപ്പുതൂണായിതീൎന്നു

ആശാമയൻ- അവളെ പൊലെ പാപം ചെയ്യാതിരിപ്പാൻ ഭയത്തിന്നാ
യിട്ടും പാപഭയമില്ലാത്തവൎക്കു വരുന്ന നാശത്തിന്റെ അടയാള
ത്തിന്നായിട്ടും ഇവൾ നമുക്ക ഇരിക്കട്ടെ അപ്രകാരം തന്നെ കൊ
രാ ദാഥാൻ അബീറാം എന്നിവരും അവരുടെ പാപത്തിൽ ന
ശിച്ചു ഇരുനൂറ്റെമ്പതു ആളുകളും ഭയത്തിന്നായിട്ടു ദൃഷ്ടാന്തങ്ങളാ
യിതീൎന്നു എങ്കിലും ദെമാസ് മുതലായവർ അങ്ങു സൌഖ്യമായി നി
ന്നു ഈ സ്ത്രീ തിരിഞ്ഞു നൊക്കിയതിനാൽ തന്നെ പ്രാണഛെദം
വരുത്തിയ ധനത്തെ അന്വെഷിപ്പാൻ എങ്ങിനെ കഴിയും എന്ന
എനിക്ക തിരിയുന്നില്ല അവർ കണ്ണു അല്പം തുറന്നെങ്കിൽ ഈ ഭയ
ക്രി ങ്കര ദൃഷ്ടാന്തം കാണുമായിരുന്നു- ക്രിസ്ത്യാൻ അവരുടെ കാൎയ്യം ഹൃ
ദയകാഠിന്യത്തിന്റെ അടയാളവും വളരെ ആശ്ചൎയ്യമുള്ളതുമാ
കുന്നു അവർ ന്യായാധിപതിയുടെ മുമ്പാകെ നിന്നും കുലനിലത്തിൽ
ഉം മൊഷണം ചെയ്യുന്നവരെ പൊലെ തന്നെ- ഏദെൻ തൊട്ടം
പൊലെ എത്രയും വിശിഷ്ട രാജ്യം കൎത്താവു സദൊമ്യൎക്ക കൊടു
ത്തതിനാൽ അവൎക്കാണിച്ച സ്നെഹത്തെ അവർ വിചാരിയാ
തെ അവന്റെ മുമ്പാകെ തന്നെ പാപം ചെയ്തു കൊണ്ടു അവ
ർ എത്രയും വലിയ പാപികളായിരുന്നു എന്നു പറഞ്ഞിട്ടുണ്ടു- ഇ

ങ്ങിനെക്കുള്ള ദൃഷ്ടാന്തങ്ങളെ കണ്ടിട്ടും വിചാരിയാതെ പാപം ചെ
യ്യുന്നവർ എല്ലാവരും കഠിനമുള്ള ശിക്ഷാവിധിയിലകപ്പെടും നിശ്ച
യം—

ആശാമയൻ നീ പറഞ്ഞവാക്കു സത്യം തന്നെ എങ്കിലും നീയൊ പ്രത്യെകമാ
യി ഞാനൊ ഇങ്ങിനെ ഉള്ള ദൃഷ്ടാന്തങ്ങളാകാതിരുന്നത് എ
ന്തൊരു കൃപ ദൈവത്തെ ഞാൻ ഇപ്പോൾ ഭയപ്പെട്ടു എപ്പൊഴും ലൊ
ത്തിന്റെ ഭാൎയ്യയെ ഓൎത്തുകൊള്ളുവാൻ വളരെ സംഗതി ഉണ്ട
ല്ലൊ—

അനന്തരം അവർ യാത്രയായി എത്രയും നല്ലൊരു നദീതീരത്ത് എ
ത്തി നദിക്കു ദാവീദ്രാജാവ് ദൈവനദി എന്നും യൊഹന്നാൻ ജീവവെള്ള
ത്തിന്റെ പുഴ എന്നും പെർ ഇട്ടിരിക്കുന്നു- അവരുടെ വഴി നദിയുടെ ക
രയിൽ കൂടി തന്നെ ആകകൊണ്ടു ക്രിസ്ത്യാനിയും ആശാമയനും വളരെ
സൌഖ്യമായി നടന്നു അതിലെ വെള്ളവും കുടിച്ചു ക്ഷീണതകൾ തീൎന്നു ഹൃദ
യസന്തൊഷം പ്രാപിക്കയും ചെയ്തു- ആ നദിയുടെ ഇരുപുറവും പൂത്തും കാ
ച്ചും കൊണ്ടിരിക്കുന്ന പലവിധ വൃക്ഷങ്ങളും ഉണ്ടു അവയുടെ ഇല യാത്രാകഷ്ട
ങ്ങളാൽ രക്തം ദുഷിച്ചുപൊകയാൽ ദഹനക്കെടു മുതലായ വ്യാധികൾ വരാ
തിരിപ്പാൻ എത്രയും വിശെഷമുള്ളതാകുന്നു അവിടെ വൎഷം മുഴുവനും തളി
ൎത്തും പൂത്തും കൊണ്ടിരിക്കുന്ന പുല്ക്കാവിൽ ഇറങ്ങുവാൻ വിരൊധമില്ലാതെ
വർ അവിടെ ഞാത്തുകൊണ്ടു കിടന്നുറങ്ങുകയും ചെയ്തു- രാവിലെ അവർ എഴു
നീറ്റു വൃക്ഷഫലം പറിച്ചു ഭക്ഷിച്ചു പുഴയുടെ വെള്ളവും കുടിച്ചാറെ കിടന്നു
റങ്ങി അങ്ങിനെ അവർ പലദിവസം കൂടി സുഖെന കഴിച്ച ശെഷം

ഹാ വഴിപൊക്കൎക്കു തീരം
പളുങ്കൊഴുക്കം പൊലിതാ
വൃക്ഷാദി പുഷ്പമണം ഗംഭീരം
ഫലങ്ങൾ തിന്നൊൻ നിറയാ
ഇതിന്റെ ഇലകൾ ഔഷധം വാങ്ങുവാൻ
തനിക്കാം സൎവ്വം വിറ്റു ബുദ്ധിമാൻ - എന്ന് പാടി-

ഇവിടെ നിന്നു പ്രയാണം തീൎന്നിട്ടില്ല എന്നവർ അറികകൊണ്ടു യാത്രയാക

വാൻശിക്ഷിച്ചാറെ ഭക്ഷിച്ചു കുടിച്ചു പുറപ്പെട്ടു കാൎയ്യം ചെയ്തു-
അപ്പോൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ അവർ അല്പം നടന്ന
ശെഷം നദിക്കും വഴിക്കും പിരിഞ്ഞു വഴിക്കു മഹാദുൎഘടവും പ്രയാണത്താൽ
അവരുടെ കാലുകൾ തെഞ്ഞതുമാകിയിരിക്ക കൊണ്ടു അവർ വളരെ ദുഃഖിച്ചു-
സഞ്ചാരികളുടെ ആത്മാവ് വഴി നിമിത്തം ക്ഷീണിച്ചു പൊയി- അവർ ഇ
ങ്ങിനെ നടന്ന സമയം വഴി നന്നാകിയെങ്കിൽ കൊള്ളാകിരുന്നു എന്നു ആശ
ിച്ചു മുമ്പൊട്ടു നൊക്കിയപ്പോൾ ഇടഭാഗത്തു ഒരു വയലും അതിലെക്കു ചെ
ല്ലുവാൻ തക്ക വെലിക്കടാവും കണ്ടു- അതിന്റെ പെർ ഇടവയൽ എന്നത
നെന്നാകുന്നു അപ്പോൾ ക്രിസ്തിയാൻ തന്റെ കൂട്ടുകാരനൊടു ഈ വയൽ ന
മ്മുടെ വഴിക്കൊട്ടു ചെന്നിരിക്കുന്നെങ്കിൽ നാം അതിലെ നടക്കാമല്ലൊ എന്നു
ചൊല്ലി കടാക്ഷിക്കൽ ചെന്നു നൊക്കി വെലിയുടെ അപ്പുറം ഒരു ഇടവഴി വ
ഴിക്കു ചെരത്തന്നെ ഉണ്ടു എന്നു കണ്ടു ഞാൻ ആഗ്രഹിച്ച പ്രകാരമാകിയ സ
ഹൊദരവാ നാം അതിലെ പൊയി സുഖെന നടക്കാം എന്നു പറഞ്ഞു-
ആശാമയൻ- ഇടവഴിക്കിൽ പൊകാൽ നെർവ്വഴി തെറ്റി പൊകുന്നില്ലയൊ
ക്രിസ്തി- അങ്ങിനെ ഒന്നും വരുന്നില്ല നെർവ്വഴി അടുത്തു ഉണ്ടല്ലൊ എന്നു ചൊ
ന്നാറെ ആശാമയനും സമ്മതിച്ചു ക്രിസ്തിയാന്റെ പിന്നാലെ വെലി
ക്കടാക്ഷി കടന്നു- ഇടവഴിയിൽ എത്തിയാറെ അവർ കാൽ നൊവു കൂ
ടാതെ നടന്നു മുമ്പൊട്ടു നൊക്കിയപ്പോൾ അവരെ പൊലെ നടക്കു
ന്ന വ്യൎത്ഥപ്രമാണി എന്നൊരുത്തനെ കണ്ടു എടൊ ഇതു എവ
ഴി എന്നു വിളിച്ചു ചൊദിച്ചാറെ വാനദ്വാരത്തിലെക്കു പൊകുന്ന വ
ഴി തന്നെ എന്നു കെട്ട ശെഷം ക്രിസ്തിയാൻ കണ്ടുവൊ ഞാൻ പറഞ്ഞ
പ്രകാരം തന്നെ വഴി നല്ലതു എന്നു അറിഞ്ഞില്ലയൊ ഇപ്പൊൾ ബൊധി
ച്ചുവൊ എന്നു പറഞ്ഞാറെ അവർ അവന്റെ വഴിയെ നടന്നു
കൊണ്ടിരുന്നു- എങ്കിലും ഇതാ സൂൎയ്യൻ അസ്തമിച്ചു ഇരുളും അധിക
മാക ശെഷം പിന്നാലെ ചെല്ലുന്നവർ മുമ്പിൽ നടന്നവനെ കാണ്മാ
ൻ വഹിയാതെ ഇരുന്നു-
മുമ്പിൽ നടന്ന വ്യൎത്ഥപ്രമാണി വഴിയെ കാണാഞ്ഞുകൊണ്ടു ആ പ്രദെശത്തി
ന്റെ ഉടമക്കാരൻ വ്യൎത്ഥപ്രശംസികളായ മൂഢന്മാരെ പിടിപ്പാൻ വെട്ടി

വെട്ടിക്കുണ്ടാക്കിയൊരു അഗാധകുഴിയിൽ വീണകൊണ്ടാലും വെട്ടിമരി
ക്കയും ചെയ്തു- ഡ്യൂഷിയുടെ ഒട്ടു ത്രിങ്കിയനും അവന്റെ കൂട്ടുകാരനും
കൂട്ടഞ്ഞിക്കാക്കും ഏന്തു എന്നു ചോദിച്ചതിന്നു ഉത്തരം പറവാൻ ഒരുത്ത
ല്ലാതെ ഞങ്ങളെ എന്നൊരുത്തിയ വിളിമാത്രം കെട്ടു- അപ്പോൾ ഡ്യൂശാമയ
ൻ ഹാ കഷ്ടം കഷ്ടം നാം ഇപ്പോൾ എവിടെ എന്നു ചൊല്ലി പറഞ്ഞാറെ ത്രി
ങ്കിയൻ താൻ അവനെ നെയ്ക്കുഴിയിൽനിന്നു തെറിച്ചു കളഞ്ഞു എന്നറിക
കൊണ്ടു മിണ്ടാതിരുന്ന അപ്പോൾ മഴയും മിന്നലും ഘോരമായി തുടങ്ങുക
ളവും പൊങ്ങി വരികയും ചെയ്തു-

അനന്തരം ഡ്യൂശാമയൻ വിളിച്ചു അക്കാണാൻ നെയ്ക്കുഴിയെ കഴിച്ചിട്ട തെന്തു എ
ന്നു ഉറക്കിട്ടു പറഞ്ഞു-

ത്രിങ്കിയൻ- എറവഴി നമ്മെ നെയ്ക്കുഴി തെറിക്കും എന്നു ഡ്യൂസമയം ഞാൻ
വിചാരിച്ചു-

ഡ്യൂശാ- ഞാൻ അപ്പോൾ തന്നെ വെളിച്ചത്തു കൊണ്ടു അല്പം വിരോധിച്ചു
എങ്കിലും നിന്റെ ഇന്നേക്കാൾ വൃദ്ധനാകുന്ന എന്ന വിചാരിച്ചു സ്പഷ്ട
മായി പറവാൻ ശങ്കിച്ചു-

ത്രിങ്കി- ഹാ സഹോദര ഞാൻ തന്നെ നെയ്ക്കുഴി തെറിച്ചു വരുന്ന കഷ്ടത്തി
ൽ ആക്കിയത് എനിക്ക് വളരെ സങ്കടം എങ്കിലും അറിഞ്ഞും കൊ
ണ്ടു ചെയ്തതല്ലായ്കയാൽ എന്നോടു ക്ഷമിക്കേണം

ഡ്യൂശാമ- ഹാ സഹോദര വിഷാദിക്കരുതെ ഞാൻ എല്ലാം ക്ഷമിച്ചിരിക്കു
ന്നു ഈ കഷ്ടവും നമുക്കു ഗുണമായിത്തീരുമെന്ന വിശ്വസിക്ക
യും ചെയ്യുന്നു-

ത്രിങ്കി- ഈ ഹൃദയമുള്ള സഹോദരൻ ലഭിച്ചതുകൊണ്ടു എനിക്ക് വളരെ
സന്തോഷം എങ്കിലും നാം ഇവിടെ താമസിക്കാതെ വേഗം മടങ്ങി
പോവാൻ നോക്കേണം-

ഡ്യൂശാ- സത്യം സഹോദര ഞാൻ മുമ്പിൽ നടക്കാം-

ത്രിങ്കി- അല്ല എന്റെ കുറവു നിമിത്തം നാം നെയ്ക്കുഴി തെറ്റിയതുകൊ
ണ്ടു അനർത്ഥം വല്ലതും ഉണ്ടെങ്കിൽ എനിക്ക് ആദ്യം വരേണ്ടതി
ന്നു ഞാൻ തന്നെ മുമ്പിൽ നടക്കട്ടെ-

ആശാമയൻ- വെങ്ങിനെ ഞങ്ങൾ ഇപ്പൊൾ മടങ്ങും ... ഉണ്ടാകുമെന്നു ഞാൻ
കുഴിഞ്ഞിറങ്ങിപ്പൊവാൻ സംഗതിവരും എന്നു പറഞ്ഞൊരെ- ഞാൻ ന്റെ ഹൃ
ദയം വെറുവഴിക്കുടനെ ഞങ്ങൾ ഇരിക്കട്ടെ നടന്ന വഴിയായിട്ട മട
ങ്ങിപ്പൊക ക്രിസ്ത്യാനി എന്നൊരുത്തന്റെ വാക്കു കെട്ടിട്ടൊ
ൽ കരെത്തു ധൈര്യം വന്നെങ്കിലും വെള്ളങ്ങൾ പൊങ്ങുകകൊണ്ടു
മടങ്ങിപ്പൊവാൻ മഹാപ്രയാസമായിരുന്നു (വഴിയിൽനിന്നു തെ
റ്റുവാൻ എളുപ്പം മടങ്ങിച്ചെരുവാൻ പ്രയാസം തന്നെ എന്നറിയാ)
ഇരുളും വെള്ളത്തിന്റെ പൊക്കവും ഭയങ്കരമാകകൊണ്ടു അവർ
അഞ്ചെട്ടു പ്രാവശ്യം മുങ്ങിപ്പൊവാറായിരുന്നതല്ലാതെ എത്രയും
വലഞ്ഞുപൊട്ടായും ആ രാത്രിയിൽ വെളിക്കടയാക്കൽ എത്തുവാൻ ക
ഴിയാതെ ഒരു പങ്ങുശാലയെ കണ്ടു അകത്തു പ്രവെശിച്ചു കഴിഞ്ഞ
തിനിമിത്തം കണ്ണും മയങ്ങി പുലരുവൊളം കിടന്നുറങ്ങുകയും
ചെയ്തു-

അവർ ഇങ്ങിനെ കിടന്നുറങ്ങിയ സ്ഥലത്തിന്റെ സമീപത്തു സംശയപുരി
എന്നൊരു കൊട്ടയുണ്ടായിരുന്നു അവിടെ വാഴുന്ന ആശാഭംഗൻ എ
ത്രയും പുലൎച്ചെക്കു എഴുനീറ്റു തന്റെ നിലങ്ങളിൽ എങ്ങും സഞ്ചരിച്ചു ആശാ
മയനും ക്രിസ്ത്യാനിയും ഉറങ്ങുന്നതു കണ്ടു കൊപിച്ചു ഉണരുവിൻ എന്നു ക്രുദ്ധിച്ചു നി
ങ്ങൾ എവിടെനിന്നു വരുന്നു എന്റെ ഭൂമിയിൽ നിങ്ങൾ എന്തുപണി എന്നു
ചൊദിച്ചാറെ അവർ ഞങ്ങൾ സഞ്ചാരികൾ ആകുന്നു വഴിയും തെറ്റി നടന്നു
എന്നു ചൊല്ലിയതു രാക്ഷസൻ കെട്ടപ്പൊൾ നിങ്ങൾ ഇന്നു രാത്രിയിൽ എന്റെ
ഭൂമിയെ ചവിട്ടി കടന്നതിനാൽ എനിക്കു ദ്രൊഹികളായി എന്റെ കൂടെ വ
രണം എന്നു കല്പിച്ചു അവരെ ബലപ്രമാണമാക്കി കൊണ്ടുപൊകയും ചെയ്ക
കൊണ്ടു തങ്ങളുടെ കുറ്റം അറികയാൽ വിരൊധം പറവാൻ കഴിയാതെ ഇ
രുന്നു- ഇങ്ങിനെ രാക്ഷസൻ അവരെ തന്റെ കൊട്ടയിലെ തടവിൽ കൊണ്ടു
പൊയശെഷം എത്രയും ഇരുട്ടും മലിനതയും ദുൎഗ്ഗന്ധവും നിറഞ്ഞ തടവി
ൽ പാൎപ്പിച്ചു അതിൽ അവർ ബുധനാഴ്ച തുടങ്ങി ശനിയാഴ്ച വൈകുന്നെര
ത്തൊളം അന്നപാനമിത്രങ്ങൾ കൂടാതെ കിടന്നിരുന്നു- ഈ കഷ്ടം എല്ലാം എ
ന്റെ കുറ്റത്തിന്റെ ഫലം എന്നു ക്രിസ്ത്യാനി അറികകൊണ്ടു ഇരട്ടിയായി

ദുഃഖിച്ചു-

അന്നരാത്രിയിൽ ആശാഭംഗാസുരൻ ഭാൎയ്യയായ നിരാശയൊടു കൂടെ ആലൊ
ചിച്ചിരിക്കെ രണ്ടു പരദെശികൾ എന്റെ ഭൂമിയെ ലംഘിച്ചിട്ടിരിക്കുന്നതു കൊണ്ടു
ഞാൻ അവരെ പിടിച്ചു തടവിൽ പാൎപ്പിച്ചിരിക്കുന്നു അവരെ ഞാൻ എന്തു ചെ
യ്യെണം എന്നു ചൊദിച്ചാറെ അവർ ആരെന്നും എവിടെനിന്നു വരുന്നു
എവിടെക്കു പൊവാൻ വിചാരിക്കുന്നു എന്നും അവൾ അന്വെഷിച്ചറിഞ്ഞ
പ്പൊൾ നിൎദ്ദയമായി എഴുനീറ്റാൽ പിന്നെ അവരെ നല്ലവണ്ണം അടിക്കെ
ണം എന്നു മന്ത്രിച്ചു പ്രകാരം അവൻ രാവിലെ എഴുനീറ്റു ഒരു മുൾവടി വാ
ങ്ങി തടവിൽ ചെന്നു തനിക്കു ഒരു നാളും വെറുപ്പു കാണിക്കാത്ത സഞ്ചാരി
കളെ നായ്ക്കളെ പൊലെ നിന്ദിച്ചു കഠൊരമായി അടിച്ചു പൊകയും ചെ
യ്തു- ഈ പ്രകാരം കൊണ്ട അടിയാൽ അവർ വളരെ വലഞ്ഞു അനങ്ങുവാൻ
കഴിയാതെ ആ ദിവസം മുഴുവൻ കരഞ്ഞും വീൎത്തും മുറയിട്ടും കൊണ്ടിരു
ന്നു- പിറെറ രാത്രിയിൽ രാക്ഷസി തടവുകാരുടെ അവസ്ഥ അന്വെഷി
ച്ചു അവർ ഇന്നിയും ജീവിച്ചിരിക്കുന്നു എന്നു കെട്ടാറെ തങ്ങൾ തന്നെ മരി
ച്ചു കൂടെണ്ടതിന്നു അവരൊടു കല്പിക്കെണം എന്നു ഭൎത്താവിനൊടു പറ
ഞ്ഞു- അതു കൊണ്ടു അവൻ രാവിലെ പിന്നെയും തടവിലെക്കു ചെന്നു മു
ന്പെയും വല്ലാത്ത മുഖലക്ഷണം കാട്ടി അവരുടെ മുറിവു തിണൎപ്പുകളും മറ്റും
കണ്ടപ്പൊൾ ഹാ നിങ്ങൾ ഒരു നാളും ഈ സ്ഥലത്തുനിന്നു വിട്ടുപൊകയില്ല കുടാ
വിഷ്ഠാ കത്തിയാലൊ കയറു കെട്ടി തൂങ്ങുന്നതിനാലൊ വിഷത്താലൊ മരിച്ചു
കളയുന്നതു നിങ്ങൾക്കു നന്നു ഇങ്ങിനെ ദുഃഖിച്ചു ജീവിക്കുന്നതു ബൊധമാകൊ
ല്ലയൊ എന്നു പറഞ്ഞ ശെഷം തങ്ങളെ വിടെണ്ടതിന്നു അവർ വളരെ അ
പെക്ഷിച്ചു- അപ്പൊൾ അവൻ അതിക്രുദ്ധനായി അവരുടെ മെൽ പാഞ്ഞു
അടുത്ത ക്ഷണത്തിൽ ഒരു മിന്നൽ വാതത്താൽ പിടിച്ചു കൈ രണ്ടും കുഴഞ്ഞി
ല്ലെങ്കിൽ അവരെ സംശയം കൂടാതെ കൊല്ലുമായിരുന്നു പ്രകാശം തെ
ളിവായാൽ അവന്നു പലപ്പൊഴും ഈ വക ദീനങ്ങൾ വരുവാറായിരുന്നു-
ഇപ്രകാരം അവൻ പൊയശെഷം സഞ്ചാരികൾ തങ്ങൾ ചെയ്യെണ്ടുന്നതി
നെ വിചാരിപ്പാൻ ഇടയുണ്ടായി അനന്തരം ക്രിസ്തിയൻ സഹൊദരനൊ
ടു കാൎയ്യം ബഹു സങ്കടമുള്ളതാകുന്നു ഇങ്ങിനെ ജീവിക്കയൊ മരിക്കയൊ

എന്തവെണ്ടു- എന്റെ ആത്മാവു ഇവനെക്കാൾ ഞെരിക്കിലയെയും ഉ
ൾക്കുന്നു (ക്രയാബെ. ൧, ൧൭) ഈ തടവിനെക്കാൾ ശവമായിരിക്കുന്നതു നല്ലതു സ
ത്യം ആകകൊണ്ടു നാം രാക്ഷസന്റെ വാക്കുപ്രകാരം ചെയ്ക എന്നവനെന്നു-
ആശാമയൻ നമ്മുടെ കാൎയ്യം എത്രയും ഭയങ്കരമുള്ളതാകുന്നു സംശയമില്ല ഇ
ങ്ങിനെ പാൎക്കുന്നതിനെക്കാൾ മരണം എനിക്കു നല്ലത് എന്നു ഞാനും വിചാരിക്കു
ന്നു എങ്കിലും നാം ഇരിക്കുന്ന രാജ്യത്തിലെ കൎത്താവ്-നീ കുലചെയ്യ
രുതെന്നു കല്പിച്ചതിനാൽ ഒരുത്തന്റെ ജീവനെ എടുത്തുകളയാൻ വിരോ
ധിച്ചുവെങ്കിൽ രാക്ഷസന്റെ വാക്കു പ്രമാണിച്ചു മരിച്ചുകളവാൻ എത്രയും വി
രോധം തന്നെ ഒരുവൻ അന്യനെ കൊല്ലുന്നവൻ ശരീരത്തെ മാത്രം നശിപ്പിക്കും
മരിച്ചുകളയുന്നവൻ ശരീരത്തോടുകൂടെ ആത്മാവിനെയും നശിപ്പിക്കുമല്ലൊ-
പിന്നെ സഹോദര നീ ശവക്കുഴിയിലുള്ള സ്വൈര്യത്തെ കുറിച്ചു പറഞ്ഞുവല്ലൊ എ
ന്നാൽ കുലപാതകന്മാർ എല്ലാവരും നരകാഗ്നിയിൽ വീഴും എന്നു ഓൎത്തിട്ടുവൊ ആത്മ
കുലപാതകന്നു നിത്യജീവൻ ഇല്ല-സകലത്തിന്നും വിധി കല്പിപ്പാൻ ഇക്ക ആ
ശാഭംഗാസുരന്റെ പക്കൽ ഉള്ളതല്ല നമ്മെപ്പോലെ അവൻ മറ്റും പലരെയും
പിടിച്ചു എങ്കിലും അവർ അവന്റെ കൈക്കൽനിന്നു വിട്ടുപൊയി എന്നു ഞാ
ൻ കേട്ടിരിക്കുന്നു-വല്ലപ്പൊഴും ഉണ്ടാകയില്ലൊ ദൈവം അവനെ ഒരു സമയം
നശിപ്പിക്കയൊ അവൻ വാതിൽ പൂട്ടുവാൻ മറക്കയൊ നമ്മുടെ അടുക്കൽ
വരുമ്പൊൾ ക്ഷണത്തിൽ മിൻവാതത്തിൽ പിടിച്ചു മടങ്ങുകയൊ ചെയ്കയാൽ
നാം ഒളിച്ചുപൊകാമല്ലൊ-എങ്ങിനെ എങ്കിലും ഞാൻ മരിച്ചുകളകയില്ല പു
രുഷന്നു യൊഗ്യമായ പ്രകാരം ധൈൎയ്യം കാട്ടി രാക്ഷസന്റെ കൈക്ക
ൽനിന്നു വിട്ടുപൊകുവാൻ ഇടവരെ പൊറുക്കും-ഞാൻ അത്ര മുമ്പെ ചെയ്യാ
ഞ്ഞതു മൌഢ്യം തന്നെ-ഹാ സഹോദരന്മാരെ ഈ കഷ്ടം ക്ഷമയൊടെ സഹി
ച്ചാൽ തൽകാലത്തു രക്ഷ ഉണ്ടാകും മരിച്ചുകളവാൻ ആവശ്യമില്ലെന്നി
ങ്ങിനെയുള്ള വാക്കുകൊണ്ടു ആശാമയൻ ക്രിസ്തിയാനെക്കുറെ മനസ്സാന്തവ
രുത്തി എങ്കിലും ആ ദിവസവും അന്ധകാരത്തിൽ ദുഃഖത്തോടെ കഴിഞ്ഞു ഭക്ഷ
ണപാനങ്ങൾ ഇല്ലായ്കയാലും സൎവ്വാംഗം മുറിഞ്ഞതിനാലും ശ്വാസം കഴി
ക്കയത്രെ ഉണ്ടായി-

വൈകുന്നെരത്തു രാക്ഷസൻ പിന്നെയും തടവിലെക്കു വന്നു അവന്റെ കല്പന

കല്പനയനുസരിച്ചു മരിച്ചുവൊ എന്നു നൊക്കിയവർ ജീവിച്ചിരിക്കുന്നതു ക
ണ്ടപ്പൊൾ ഏറെറവും ക്രുദ്ധിച്ചു ഞാൻ നിങ്ങളെ പറഞ്ഞിരിക്കും ഞാൻ പറഞ്ഞ
വാക്കനുസരിക്കായ്കകൊണ്ടു ഇനി ജനിക്കാതിരുന്നെങ്കിൽ നന്നായിരി
ക്കുന്ന എന്നു പറഞ്ഞു-

അപ്പൊൾ അവർ വളരെ വിറച്ചു ക്രിസ്തിയാനന മൊഹാലസ്യവും ഉണ്ടായിരുന്നെ
ങ്കിലും ഒന്നും സുബൊധമുണ്ടായാറെ അവർ രാക്ഷസന്റെ കല്പന
യെക്കുറിച്ചു തമ്മിൽ ആലൊചിച്ചപ്പൊൾ ക്രിസ്തിയാനൻ അനുസരിപ്പാൻ തൊ
ന്നിയത്കൊണ്ടു ആശാമയൻ ഹാസഹൊദര പണ്ടത്തിന്റെ ധൈൎയ്യം എ
വിടെ - അപ്പൊല്യൊനും മരണനിഴൽ താഴ്വരയിൽ നി കണ്ടും കെട്ടും സഹിച്ചും ഇ
രിക്കുന്ന സകല ഉപദ്രവങ്ങളും നിന്നെ ജയിപ്പാൻ മതിയായില്ല ഇത്ര
രഷ്യം ഭയങ്കരകഷ്ടസങ്കടങ്ങളിലും മഹാധീരനായിരുന്ന നീ ഇപ്പൊൾ എന്തി
ന്നു ഇത്ര പെടിക്കുന്നു - ഞാൻ നിന്നെക്കാൾ ബലഹീനനെങ്കിലും നിന്റെ കൂട
ഈ തടവിൽ പാൎക്കുന്നു രാക്ഷസൻ എനിക്കും മുറിയെല്പിച്ചു ഭക്ഷണപാനങ്ങ
ളെക്കും നിരൊധിച്ചു നിന്നെ പൊലെ ഞാനും ഈ അന്ധകാരത്തിൽ ദുഃഖി
ച്ചുകൊണ്ടിരിക്കുന്നു - ഹാസഹൊദരനാം കുറെ അധികം ക്ഷമിക്ക - മായാച
ന്തയിൽ നിചങ്ങല തടവു അവമൃത്യു എന്നിവ പെടിക്കാതെ വൃദ്ധജനകൊ
ഗ്രമായ ധൈൎയ്യം കാണിച്ചതു ഒക്കെ ഒരു ക്രിസ്ത്യാനിക്കു നിന്ദ്യമായതിനെ ഒഴി
പ്പാൻ വെണ്ടി നമ്മൾ കഴിയുന്നെടത്തൊളം ക്ഷമയുള്ളവരായിരിക്കെണം
എന്നു പറഞ്ഞു-

അന്നു രാത്രിയിൽ രാക്ഷസൻ ഭാൎയ്യയൊടു കൂടെ ഉറങ്ങുവാൻ പൊകുമ്പൊ
ൾ അവൾ തടവുകാർ നിന്റെ കല്പന അനുസരിച്ചുവൊ എന്നു ചൊദിച്ചാ
റെ ഈ കള്ളന്മാർ എത്ര കഷ്ടങ്ങളെ സഹിക്കേണ്ടി വന്നാലും തങ്ങളെ തന്നെ
നശിപ്പിപ്പാൻ മാത്രം മനസ്സില്ല എന്നവൻ പറഞ്ഞശെഷം രാക്ഷസി എ
ന്നാൽ രാവിലെ അവരെ തൊട്ടത്തിലെക്ക കൊണ്ടുപൊയി നീ മുമ്പെ കൊ
ല്ലപ്പെട്ടവരുടെ അസ്ഥികളെ കാണിച്ചു ഒൎന്നാഴ്ചവട്ടം കഴിയും മുമ്പെ ഞാ
ൻ നിങ്ങളെയും ഇവരെ പൊലെ സംഹരിച്ചു ഖണ്ഡംഖണ്ഡമാക്കി നുറുക്കി
കളയും എന്നവരൊടു പറയെണം എന്നു പറഞ്ഞു-

നെരം പുലൎന്നാറെ രാക്ഷസൻ തടവിലെക്ക ചെന്നു അവരെ തൊട്ടത്തി

ലൊക്കൊ കൊണ്ടു പൊക്കി ഭാര്യ പറഞ്ഞ പ്രകാരം എല്ലാം കാലത്തു തന്നെ അങ്ങളെ
വൊളെമ്മ സഞ്ചാരികളെ ആയവർ തന്റെ ഭൂമിയിൽ അതിക്രമി
ച്ചിരിക്കയാൽ ഞാൻ അവരെ പിടിച്ചു ബന്ധം ഖണ്ഡമാക്കിയിരുന്നു കീഴ
പ്രകാരം പത്തു ദിവസത്തിന്നകം നിങ്ങളെയും നുറുക്കും തടവിലെ പൊലെ
ചൊകാ എന്നു കല്പിച്ചു അതിടെ ഒളത്തും വരെയും അവരെ തല്ലിച്ചു ചൊ
ല്ലിയിരുന്നു - അതിന്റെ ശേഷം അവർ ശനിയാഴ്ച മുഴുവനും പൊ
ലെ ദുഃ പരവശന്മാരായി കിടന്നിരുന്നു - അന്ന രാത്രിയിൽ രാക്ഷസ
ൻ ഭാര്യയൊടു കൂട കട്ടിലിന്മെൽ കിടക്കുമ്പൊൾ അവർ പിന്നെയും തട
വുകാരെ കുറിച്ചു സംസാരിച്ചു അവരെ എത്ര കും ദണ്ഡിപ്പിച്ചാലും പറഞ്ഞു
പെടുത്തിച്ചാലും മരിച്ചു കളവാൻ മാത്രം മനസ്സുവരാത്തതു എന്തൊരത്ഭു
തമെന്നു രാക്ഷസൻ പറഞ്ഞാറെ രാക്ഷസി അതിന്നു എത്താനും ഒരു സംശ
യമുണ്ടാകും - തങ്ങളെ രക്ഷിപ്പാൻ വരുന്ന വല്ല സഹായക്കാരെ നൊക്കി
പാർക്കയൊ വാതിലിനെ തുറപ്പാൻ വല്ല മറു താക്കൊൽ ഉണ്ടാകയാൽ
നല്ല അവസരം നൊക്കി കൊണ്ടിരിക്കയൊ എന്നൊരു ഭയം എനിക്കുണ്ടു
ണ്ടു എന്നു പറഞ്ഞ ശേഷം അവൻ ഹാ പ്രിയെ നീ പറഞ്ഞതു സത്യമായിരി
ക്കും നാളെ ഞാൻ ഈ കാര്യത്തെ കുറിച്ചു അവരെ ശൊധന ചെയ്യും എ
ന്നു പറഞ്ഞു - ശനിയാഴ്ച പാതിരാത്രി തുടങ്ങി പുലരുവൊളം സഞ്ചാരികൾ പ്രാ
ർത്ഥിച്ചു കൊണ്ടിരിക്കുമ്പൊൾ ക്രിസ്ത്യാൻ ക്ഷണത്തിൽ കുതിച്ചെഴുന്നീറ്റു
ഹാ മൂഢനായ ഞാൻ ഈ ദുർഗ്ഗന്ധമുള്ള കാരാഗൃഹത്തിൽ ഇരിക്കുന്നതു എ
ന്ത - മടിയിൽ വാഗ്ദത്തം എന്നൊരു താക്കൊൽ കൊണ്ടു സംശയക്കൊ
ട്ടയിൽ എല്ലാ പൂട്ടുകളെയും തുറക്കാമല്ലൊ എന്നു പറഞ്ഞു സന്തൊഷി
ച്ചപ്പൊൾ ആശാമയൻ ഹാ സഹൊദര ഇതു എത്രയും നല്ല കാര്യം ക്ഷ
ണത്തിൽ മടിയിൽ നിന്നു ആ താക്കൊൽ എടുത്തു നൊക്കുക എന്നു
പറഞ്ഞ പ്രകാരം ക്രിസ്ത്യാൻ താക്കൊൽ എടുത്തു പൂട്ടിൽ ഇട്ടു തിരിച്ചപ്പൊൾ
താഴു ഇളകി വാതിലും തുറന്ന ശേഷം ഇരുവരും പുറത്തു പൊയി കൊ
ട്ടയിന്റെ വാതുക്കൽ ചെന്നു താക്കൊൽ ഇട്ടു തുറന്നു ഇരിമ്പു വാതി
ലൊളം എത്തി അതു തുറപ്പാൻ വെണ്ടി താക്കൊൽ ഇട്ടു തിരിച്ചു പണി
പ്പെട്ടു വെഗം ഒടി പൊകെണ്ടതിന്നു തുറക്കുന്നപ്പൊൾ വാതിൽ ശബ്ദിച്ചു

ന്റെ കാരച്ചൽ വഹിക്കാതാകകൊണ്ടു രാക്ഷസൻ ഒന്നെഴുന്നീറ്റു തടവു
കാരെ എത്തിപ്പിടിപ്പാൻ നോക്കി എങ്കിലും മുമ്പെപോലെ ദീനിൽ പാച്ചൽ വി
റച്ചു നടപ്പാൻ വഹിയാതെയായി- ഇങ്ങിനെ സഞ്ചാരികൾ പാഞ്ഞു രാജവഴി
യിൽ എത്തി രക്ഷ പ്രാപിപ്പാൻ സംഗതി വരികയും ചെയ്തു-
പിന്നെ അവർ വേലിക്കടമ്പിൽ കടന്ന ശേഷം വഴിയെ വരുന്നവർ ആരെ
ങ്കിലും ആശാഭംഗാസുരന്റെ കൈക്കലകപ്പെടാതിരിപ്പാൻ നാം ഇവി
ടെ ഒരു കാര്യം ചെയ്യേണം എന്നു പറഞ്ഞു തമ്മിൽ ആലോചിച്ച ശേഷം
ഒരു തൂണു നിറുത്തി പിന്നെ വാനദേശത്തിന്റെ കർത്താവിനെ നിരസിച്ചു
അവന്റെ വിശുദ്ധസഞ്ചാരികളെ നശിപ്പിപ്പാൻ അന്വേഷിക്കുന്ന ആശാ
ഭംഗാസുരന്റെ സംശയപുരിക്കിലേക്ക് പോകുന്ന വഴി ഈ വേലിക്കടമ്പിൽ കൂ
ടെ തന്നെ ആകുന്നു എന്നു തൂണിന്മേൽ കൊത്തി എഴുതിക്കയും ചെയ്തു- ശേഷം ക
ടന്ന പല സഞ്ചാരികളും ആ എഴുത്തു നോക്കി വായിച്ചതിനാൽ തെറ്റാ
തെ നേർവഴിയിൽ തന്നെ നടന്നുകൊണ്ടിരുന്നു- അപ്പോൾ അവർ

നാം വഴി തെറ്റി വേഗത്തിൽ
വിലക്കിയ സ്ഥലത്തെ കണ്ടു
വിചാരിയാതെ ആർ ഇങ്കൽ
പുക്കാലും പെട്ടുപോമങ്ങു
ഈ കോട്ടക്കിരുക്കു സംശയം
അതിൽ വസിപ്പോർക്കാശനിസ്സ്വം- എന്നു പാടി-

അനന്തരം അവർ യാത്ര കഴിച്ചു മുമ്പൊന്ന ഗിരിയുടെ കർത്താവിന്നുള്ള
വാഞ്ഛിതമലപ്രദേശത്തിൽ എത്തി അവിടെയുള്ള പറമ്പുകളും പൂങ്കാവു
കളും മുന്തിരിങ്ങാത്തോട്ടങ്ങളും നീരുറവുകളും മറ്റും കാണ്മാൻ മുകളിൽ ക
യറി വെള്ളം കുടിച്ചും കുളിച്ചും മുന്തിരിങ്ങാപഴം ഭക്ഷിച്ചും കൊണ്ടു സന്തോഷി
ച്ചു- അവിടെ ആട്ടിൻകൂട്ടങ്ങളെ മേച്ചുകൊണ്ടിരുന്ന ഇടയന്മാർ വഴിയരികെ തന്നെ
നില്ക്കകൊണ്ടു സഞ്ചാരികൾ അവരുടെ അടുക്കൽ ചെന്നു ക്ഷീണമുള്ളരാക
വഴിപോക്കരുടെ മര്യാദപ്രകാരം വടി ഊന്നിനിന്നു ഈ മലകളും ആട്ടിൻകൂട്ട
ങ്ങളും ആർക്കുള്ളതാകുന്നു എന്നു ചോദിച്ചു ഇടയന്മാർ ഈ മലകൾ ഇമ്മാനു
വേലിന്റെ ദേശവും തന്റെ പട്ടണത്തിൽനിന്നു നോക്കുന്നതുമാക

അന്നവന്റെ കൂട്ടുകാരൻ ഉത്സാഹവതിമിത്തം അവൻ തന്റെ രക്ഷിതാവിനെ വെച്ചുപൊ ട്ടു ആ—

ക്രിസ്തി- ഇതു വാനപട്ടണവഴി തന്നെയൊ

ഇടയന്മാർ- അതെ നിങ്ങൾ വഴിക്കിൽ തന്നെ

ക്രിസ്തി- അവിടെക്ക് എത്ര ദൂരം

ഇടയന്മാർ- അവിടെ എത്തന്നെ പൊകുന്നവർക്കല്ലാതെ മറ്റാർക്കും എത്തുവാൻ കഴിയാത്ത ദൂരം—

ക്രിസ്തി- വഴി നല്ലതൊ ദുർഗ്ഗമമൊ

ഇടയ- നല്ലവർക്ക് നല്ല വഴി- അക്രമക്കാർ അതിൽ വീഴും

ക്രിസ്തി- വലഞ്ഞും ക്ഷീണിച്ചും ഇരിക്കുന്ന സഞ്ചാരികൾക്ക് വെണ്ടി ഇവിടെ വല്ല ഉപകാരവും ഉണ്ടൊ ക്ഷമൊ

ഇടയ- അതിഥിസല്ക്കാരത്തെ മറക്കരുത് എന്ന് ഈ മലകളുടെ കർത്താവ് ഞങ്ങളൊട് കല്പിച്ചിരിക്കകൊണ്ട് ഈ സ്ഥലത്തിലുള്ള നന്മകളെ യഥെഷ്ടം അനുഭവിക്കാം—

അപ്പൊൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ ഇവർ സഞ്ചാരികൾ തന്നെ എന്ന് ഇടയന്മാർക്ക് ബൊധിച്ചാറെ നിങ്ങൾ എവിടെനിന്നു വരുന്നു- ഈ വഴിയിൽ എങ്ങിനെ എത്തി യാത്രക്കാരിൽ ചിലർ മാത്രമെ ഈ മലകളൊളം എത്തുന്നുള്ളു കൊണ്ട് നിങ്ങൾ ആരുടെ സഹായത്താൽ ഇത്രൊടം സ്ഥിരപ്പെട്ടിട്ടുന്നു എന്നു ചൊദിച്ചതിന്ന സഞ്ചാരികളുടെ ഉത്തരം കെട്ട് പ്രസാദിച്ച് അവരെ സ്നെഹത്തൊടെ നൊക്കി നിങ്ങൾ വാഞ്ഛിത മലപ്രദെശത്തിലെക്ക് വന്നത് എത്രയും നന്നായി എന്ന് അവർ പറഞ്ഞു—

അനന്തരം ജ്ഞാനാഢ്യൻ പരിചയവാൻ ജാഗരണൻ ഭക്തൻ നിഷ്കളങ്കൻ എന്ന ഇടയന്മാർ അവരെ കൈ പിടിച്ചു കൂടാരത്തിലെക്ക് കൊണ്ടുപൊയി ഭക്ഷണം വെച്ചു കൊടുത്തു നമുക്ക് അന്യൊന്യപരിചയം ഉണ്ടാകെണ്ടതിന്നും നിങ്ങൾ ഇവിടെ പാർത്തു വാഞ്ഛിത മലകളുടെ നന്മ കൊണ്ട് ആശ്വസിച്ചാൽ നന്നായിരിക്കും എന്നു പറഞ്ഞത് അവർ സമ്മതിച്ചു രാവു അധികം ആകകൊണ്ടു ഉറങ്ങുവാൻ പൊകയും ചെയ്തു—

പിന്നെ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ രാവിലെ ഇടയന്മാർ

ത്തുശാ മയത്രിന്തിയന്മാരെ മലകളിന്മെൽ ഉലാവികൊണ്ടുള്ളങ്ങനെ വിളിച്ചു
റെ അവർ ഒക്കത്തക്ക പുറപ്പെട്ടു നടക്കുമ്പോൾ ദെശം എല്ലാം നന്നായി കാണ്മാ
ൻ ഇടയുണ്ടായി- ഇടയന്മാരെല്ലാം തമ്മിൽ തങ്ങൾ സംസാരിക്കുന്നു ഇവിടെ ഉള്ള
വിചിത്രകാഴ്ചകളിൽ വിചിത്രകാഴ്ചകളെ ഒന്നൊന്നായി പറഞ്ഞുകാണിക്കുന്നതിൽ
പ്രകാശം അവരെ ബോധിപ്പിക്കുന്നതിന്മെൽ കാരെറിയും ശ്രദ്ധയും കാണ്മതുള്ള ഭാഗങ്ങ
ളെ കണ്ടുതാഴെ എന്നൊക്കെണം എന്നു പറഞ്ഞാറെ അബ്ബശാ മയത്രിന്തിയന്മാ
ർ ഒരു മലയിൽ ഏഴെ ബന്ധം ബന്ധമാകുന്നതിനു ഇടക്കുന്ന ശവങ്ങളെ കണ്ടു ഇ
തിന്റെ കാരണം ക്രിസ്തിയാൻ ചോദിച്ചപ്പോൾ ഇടയന്മാർ ഉത്തരം ചൊല്ലിയില്ല
നെ കുറിച്ചു ഹമനയുൻ ഫിലെതൻ എന്നവരുടെ വ്യാജോപദെശത്താ
ൽ തെറ്റിപോയവരുടെ അവസ്ഥ കെട്ടില്ലയൊ അവർ തന്നെ ഈ ശവങ്ങ
ൾ- ആരെങ്കിലും അധികം കയറി ഈ മലയുടെ മുകളിൽ ചെന്നു വീഴാതിരി
ക്കെണ്ടതിന്നു ഇന്നുവരെയും മറക്കാതെ ദൃഷ്ടാന്തത്തിന്നായി വെച്ചി
രിക്കുന്നു എന്നു പറഞ്ഞു-
അതിന്റെ ശെഷം അവർ അവരെ സന്ദ്രെക്ഷാമലമെൽ കയറ്റിയു
രവനൊക്കെ കണ്ടിരിക്കുമ്പോൾ ശെഷം അവർ നൊക്കി ഒരു ശവക്കുഴി
യിൽ തപ്പിത്തപ്പി നടന്നു കാലും തടഞ്ഞു പുറത്തു ഇറങ്ങുവാൻ കഴിയാത്ത ചില കു
രുടന്മാരെ കണ്ടു അതെന്തു എന്നു ക്രിസ്തിയാൻ ചോദിച്ചപ്പോൾ ഇടയന്മാർ ഈ മ
ലകളെ ഒട്ടും എത്തുമ്പൊ ഒരു വഴിയിൽ കിഴിയുന്നതിന്നു ചെറിയൊരു വെ
ലിക്കടമ്പ കണ്ടില്ലയൊ അതു ഊശാഭിമാനന്റെ സംശയപുരിയിലെക്കു
പൊകുവാൻ ഒരു ഇടവഴി തന്നെ- ആ കുരുടന്മാർ മുമ്പെ സഞ്ചാരികളായി
ട്ടു ആ വെലിക്കടമ്പെക്കൊളം എത്തി നെരെ വഴി ദുർഘടമാകകൊണ്ടു അതിനെ വിട്ടു
കടമ്പ കടന്നു ഇടവഴിക്കൽ നടക്കുമ്പോൾ ഊശാഭിമാനൻ അവരെ പി
ടിച്ചു സംശയപുരിയിലെ തുറുങ്കിൽ പാർപ്പിച്ചു കുറയകാലം കഴിഞ്ഞാറെ കണ്ണും
പൊട്ടിച്ചു ശ്മശാനത്തിൽ ആക്കിയ ശെഷം അവർ ഇന്നുവരെയും
അങ്ങിനെ തപ്പിത്തപ്പി നടക്കെണ്ടിവന്നു- ജ്ഞാനവഴിയെ വിട്ടു തെറ്റിന
ടക്കുന്നവൻ മരിച്ചവരുടെ കൂട്ടത്തിൽ വസിക്കും എന്ന വാക്ക് അവരിൽ നിവൃ
ത്തിയായി എന്നതു കേട്ടാറെ സഞ്ചാരികൾ അന്യൊന്യം നൊക്കി കണ്ണീ
രും വാർത്തു എങ്കിലും ഇടയന്മാരൊടു ഒന്നും മിണ്ടിയില്ല-

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത എന്തെന്നാൽ ഇടയന്മാർ അവരെ ഒരു മല യുടെ അടിയിലെക്ക വരുത്തി ഒരു വാതിലിനെ തുറന്ന അകത്തു നൊക്കെണം എന്ന പറഞ്ഞാറെ അവർ നൊക്കി എല്ലാം ഇരുട്ടും പുകയും ഉള്ളതെന്നും നിറഞ്ഞിരിക്കുന്നു എന്ന കണ്ടു അഗ്നിയുടെ ശബ്ദവും പ്രാണവെദന പിടിച്ചവരുടെ നിലവിളിയും കെട്ടു ഇതെന്തു എന്ന് ക്രിസ്ത്യാനി ചൊദിച്ചതിന്ന ഇടയന്മാർ ഉത്തരം ഇത നരകത്തിലെക്കുള്ള ഇടവഴി തന്നെ - ഏസാവു പൊലെ ജന്മാവകാശത്തെയും യൂദാ പൊലെ കർത്താവിനെയും വിൽക്കുന്നവരും അലക്ഷന്തരെ പൊലെ സുവിശെഷത്തെ നിന്ദിക്കുന്നവരും അനന്യാവും സഫീരയും എന്ന പൊലെ സത്യത്തെ മറച്ചു വ്യാ ജം പറയുന്നവരും ആയ സകല കപടഭക്തിക്കാർ ഇതിലകപ്പെട്ടു എന്ന പറഞ്ഞു -

ആശാമയ - അവർ ഒക്കെ സഞ്ചാരവെഷം ധരിച്ചില്ലയൊ

ഇടയന്മാ - വളരെ കാലമായി ധരിച്ചു സത്യം -

ആശാ - ഇവരെല്ലാം നാശത്തിലകപ്പെട്ടവർ വഴിയിൽ എത്രൊടം എത്തിയി രുന്നു —

ഇടയ - ചിലർ ഈ മലപ്രദെശം കടന്ന ദൂരെ ദൂരം എത്തി മറ്റും ചിലർ ഈ മലയൊളം തന്നെ എത്തിയില്ല -

അപ്പൊൾ സഞ്ചാരികൾ തങ്ങൾ സർവ്വശക്തനൊടു ബലത്തിന്നായി പ്രാർത്ഥിക്കെ ണം എന്ന പറഞ്ഞാറെ ഇടയന്മാർ അതെ പിന്നെ ബലം ലഭിച്ചാൽ അതിനെ കൊ ണ്ടു വ്യാപരിപ്പാനും ആവശ്യം എന്ന പറഞ്ഞു -

അതിന്റെ ശെഷം സഞ്ചാരികൾക്കു യാത്രയാകുവാൻ തൊന്നി അപ്രകാരം ഇടയന്മാ ർക്കും അവരെ യാത്രയാക്കുവാൻ മനസ്സായി മലകളുടെ അറ്റത്തൊളം കൂടെ ചെന്നു തമ്മിൽ പിരിയും മുമ്പെ സഞ്ചാരികൾക്കു നമ്മുടെ കുഴലിൽ കൂടെ നൊക്കുവാൻ പ്രാപ്തി ഉണ്ടൊ കാൺപാനുള്ള പട്ടണവാതിലിനെ കാണിക്കുന്നതൊ എന്ന് പറഞ്ഞു എല്ലാവരും സ മ്മതിച്ചപ്പൊൾ അവരെ പ്രകാശമലമെൽ കയറി നൊക്കുവാൻ ആ കുഴൽ കൊ ടുത്തു എങ്കിലും മലയുടെ അടിയിലെ വാതിൽക്കൽ കണ്ടു കണ്ടും കെട്ടു ഉള്ള കാഴ്ച ങ്ങളുടെ ഓർമ്മനിമിത്തം കൈ കിറുകിറ വിറക്കയാൽ കുഴലിൽ നൊട്ടം ഉറച്ചില്ല എങ്കി ലും വാതിൽ പൊലെ ഒന്നു കണ്ടു എല്ലാ പിന്നെ സ്ഥല മഹത്വത്തിന്റെ അല്പം ഒരു ശൊഭയും കാണുന്നു എന്നത്രെ അവർക്ക തൊന്നി - പിന്നെ അവർ ഇറങ്ങി പാ ടി —

മനുഷ്യരിൽ എങ്കിലും ഘൊരതരഹസ്യം
ഉടയശുശ്രൂഷയാൽ ഏറ്റിപരസ്യം
മറപ്പൊരുൾ എല്ലാറ്റിൽ ഉറച്ചമായാൽ
അനേകർ പഠിക്കും ഉടയവശാൽ - എന്നെപാടുകയും ചെയ്തു

അവർ യാത്ര ചെയ്യുമ്പൊൾ ഉടയവരിൽ ഒന്നാമൻ അവർക്ക് വഴിക്കുടെ ഒരു സൂചകം ഇട്ടുകൊടുത്തു - രണ്ടാമൻ മുഖസ്തുതിക്കാരനെ സൂക്ഷിക്കിലിൻ എന്നും മൂന്നാമൻ ആഭിചാരനിലത്തു ഉറങ്ങരുത് എന്നും നാലാമൻ ദൈവം നിങ്ങളുടെ യാത്രസംഗിക്കുമാറാകട്ടെ എന്നും പറഞ്ഞു അവരെ അയക്കുകയും ചെയ്തു - അപ്പൊൾ ഞാൻ സ്വപ്നത്തിൽ നിന്നു ഉണർന്നുപൊയി -

ഞാൻ പിന്നെയും ഉറങ്ങി സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ ആ രണ്ടു സഞ്ചാരികൾ മല പ്രദെശത്തിൽ നിന്നു ഇറങ്ങി പട്ടണത്തിന്നായി പ്രയാണം ചെയ്കപ്പൊൾ പർവ്വതങ്ങളുടെ ഇടഭാഗത്തിൽ കിടക്കുന്ന വഞ്ചനനാട്ടിൽ നിന്നു ചെറിയൊരു ഇടവഴിയിൽ കൂടി അജ്ഞായൻ എന്നെത്രയും ഉല്ലാസിയായൊരു ബാല്യക്കാരൻ അവരുടെ വഴിയിൽ ചെന്നു വന്നു അവനൊടു ക്രിസ്തിയൻ അല്ലയൊ ചങ്ങാതി എവിടെനിന്നു വരുന്നു യാത്ര എവിടെക്കാകുന്നു എന്നു ചൊദിച്ചു

അജ്ഞായൻ - സ്വാമി ഞാൻ ഈ മലകളുടെ ഇടഭാഗത്തിലുള്ള ദെശത്തിൽ ജനിച്ചു വാനപട്ടണത്തെക്കു യാത്രയാകുന്നു -

ക്രിസ്തി - എങ്കിലും വാതിൽക്കൽ കൂടി അകത്തു കടപ്പാൻ വിചാരിക്കുന്നത് എവിടെ വല്ല ഉപായങ്ങൾ ഉണ്ടാകുവാൻ സംഗതി ഉണ്ടൊ -

അജ്ഞാ - എല്ലാവരും എന്നപൊലെ ഞാനും കടക്കും -

ക്രിസ്തി - അവർ നിനക്കായി തുറക്കെണ്ടതിന്നു വാതിൽക്കൽ കാണിപ്പാൻ വല്ലതും ഉണ്ടൊ -

അജ്ഞാ - ഞാൻ കർത്താവിന്റെ ഇഷ്ടം അറിഞ്ഞു നെരായി നടന്നു ഒരൊരുത്തർക്കു കൊടുപ്പാനുള്ളത് കൊടുത്തു ഉപവസിക്കയും ചെയ്തുവരു പ്രാർത്ഥിക്കുന്നതല്ലാതെ ജന്മദെശത്തെയും വിട്ടു യാത്രയാകുന്നു -

ക്രിസ്തി - എങ്കിലും ഞാൻ ഒന്നു പറയട്ടെ നീ നിന്നെ കൊണ്ടു എന്തു തന്നെ വിചാരിച്ചാലും ഈ വഴിക്കുടെ തുടക്കത്തിലെ ഇടുക്കുവാതിൽക്കൽ കൂടി വരാത്ത വളഞ്ഞ വഴിയായി അകത്തു വന്നതിനാൽ [illegible]

ൽനിന്നുള്ളതും കവച്ചുകടക്കുന്നവരുമാകുന്നു എന്നെനിക്കു ഇണ്ടായിട്ടു പട്ടണപ്ര
വെശത്തിന്നു തടവുണ്ടാകും എന്നു ഞാൻ ഭയപ്പെടുന്നു-

അജ്ഞാ- സ്വാമികളെ ഞാൻ നിങ്ങളെയും നിങ്ങൾ എന്നെയും ഒട്ടും അറികുന്നില്ല-
നിങ്ങളുടെ ദെശാചാരപ്രകാരം നിങ്ങൾ നടന്നുകൊള്ളു എന്റെ ദെശാചാ
രപ്രകാരം ഞാനും നടക്കും- എന്റെ നാട്ടും നിങ്ങൾ പറഞ്ഞ ഇടുക്കവാ
തിലും തമ്മിൽ ബഹുദൂരമായിരിക്കുന്നു എന്നു ലൊകത്തിൽ എങ്ങും സമ്മ
തം അവിടെക്കുള്ളവർക്കു ആർക്കും വാതുക്കലെക്കു പൊകുന്ന വഴി അ
റികുന്നില്ല ഇത്ര നല്ല ഇടവഴി ഞങ്ങൾക്കു ഉണ്ടാകകൊണ്ടു അറിവാൻ ആ
വശ്യവുമില്ല-

ആ മനുഷ്യൻ സ്വവഞ്ചിതനായിരിക്കുന്നത് താൻ ജ്ഞാനി എന്നു വിചാരിക്കുന്നത്
ക്രിസ്തിയൻ കണ്ടപ്പൊൾ ആശാമയനൊടു ഇവൻ മൂഢനായാൽ വെണ്ടതില്ല
എങ്കിലും ഞാൻ ജ്ഞാനി എന്നു വിചാരിക്കുന്നവനെ ഉപദെശിച്ചാൽ ആശ്രയ
യം- ഭൊഷനായവൻ വഴിയിൽ നടക്കുമ്പൊൾ അവന്റെ ജ്ഞാനം കുറഞ്ഞുപൊ
കും താൻ ഭൊഷനാകുന്നു എന്നു എല്ലാവരൊടും പറകയും ചെയ്യും പ്രസം. ൧൦.
൩ ഇനി ഞങ്ങൾ അവനൊടു സംസാരിക്കയൊ താൻ ഇപ്പൊൾ കെട്ടതിനെ വിചാ
രിപ്പാൻ ഇടയുണ്ടാകെണ്ടതിന്നു വിട്ടുകളയായൊ എന്നാൽ നല്ലത് നാം പിന്നെയും ഒരു
സമയം അവനായിട്ടു കാത്തു അവന്നു വല്ല ഗുണം ചെയ്യാനുള്ളതു കണ്ടു നൊക്കാം
എന്നു പത്രത്തെ ചൊദിച്ചാറെ

ആശാമയൻ- അജ്ഞാനി കെട്ടതെ മതി
ഇടക്കം പൊരാഞ്ഞാൽ വല്ലാത്ത തെറ്റി
എന്നൊപ്പിക്കുന്നൊരു സദുപദെശം
കൈക്കൊള്ളാതിരിക്കില്ല എല്ലാവശം
ഉണരില്ലാതെയും കതിക്കും നിശ്ചയം
ഇതിപ്പെട്ടെ ഉപചാരത്താൽ പ്രസിദ്ധം എന്നു പാടി-

അവൻ എല്ലാം ഒരിക്കൽ കെട്ടാൽ നന്നല്ല നാം ഇപ്പൊൾ അവനെ വിട്ടു കഴിഞ്ഞൊ
രു സമയം അവനൊടു സംസാരിക്കാമല്ലൊ എന്നു പറകയും ചെയ്തു- ഇങ്ങിനെ അ
വർ യാത്ര ആയശെഷം അല്പം നടന്നു ഇരുട്ടുള്ളൊരു വഴിയിൽ ചെന്നപ്പൊൾ
എഴു പിശാചുകൾ ഒരു മനുഷ്യനെ എഴു കയറുകൾ കൊണ്ടു കെട്ടി അവ

ൾ മുമ്പെ വഴിത്തലെൻറ അടിയിൽ വെച്ചു കണ്ടവാതിലിൻറ നെരെ ഉഴച്ചു
വരിക്കുന്നതു കണ്ടു ഭ്രമിച്ചു കടന്നുപൊന്നാറെ അവൻ ധൃഷ്ട്യാഗവുമില്ലയൽ ശ്ര
ദ്ധാഗിക്കുമിരിക്കും എന്നു ക്രിസ്തിയാൻ വിചാരിച്ചു നൊക്കി എങ്കിലും വിശ്രമിച്ചു
യുക്താക്കളെ പൊലെ മുഖം താഴ്ത്തി കൊണ്ടു അവനെ സ്പഷ്ടമാക്കി തിരിഞ്ഞു
പ്പൊയതിന്റെ ശെഷം ആശാമയനും നൊക്കി വ്യഭിചാരിക്കു നരകഗാമിയുമാ
യ ധിക്കാരി എന്നൊരു എഴുത്തു അവന്റെ പുറത്തു പതിച്ചത് കണ്ടു അപ്പൊ
ൾ ക്രിസ്തിയാൻ തന്റെ കൂട്ടക്കാരനൊടു ഈ സ്ഥലത്തിൽ തന്നെ മുമ്പെ ഉണ്ടായ ഒ
രു കാര്യം ഞാൻ ഓൎക്കുന്നു സത്യപുരക്കാരനായ അല്പവിശ്വാസി എന്നൊരു സ
ല്പുരുഷൻ ഇവിടെ വന്നു ഘാതകവഴിയൊളം എത്തിയപ്പൊൾ ഉറങ്ങിയിരുന്നു ക
ണ്ടപ്പൊൾ ഉണ്ടായിരുന്നു എന്നാറെ വിസ്താരവാതിൽ തൊട്ടു ഇറങ്ങുന്ന ഇടവഴിയി
ൽ ധൈര്യക്ഷീണഹൃദയൻ ശങ്കാമയൻ അപരാധി എന്ന മൂന്നു കള്ളന്മാർ ഓടി
യാറി വന്നു അല്പവിശ്വാസിയെ കണ്ടു ഉടനെ ചെല്ലു അപ്പൊൾ അവൻ ഉണർന്നു യാ
ത്ര ചെയ്വാൻ തുടങ്ങി എങ്കിലും അവർ അവനൊടു ഹത്തിൽ നില്ക്കണം എന്നു കൂക്കി
ച്ചു പറഞ്ഞാറെ അല്പവിശ്വാസി വിറച്ചു ഓടിപ്പൊവാനും എതിർപ്പാനും വഹിയാതെ
നിന്നു സമയം ക്ഷീണഹൃദയൻ നിന്റെ മുതൽ ഇങ്ങു കൊണ്ടുവാ എന്നു കല്പിച്ചതിനെ
ന്ന അനുസരിപ്പാൻ അവൻ മടിവു കാണിച്ചാറെ ശങ്കാമയൻ അടുക്കെ ചെന്നു
അവനിൽ നിന്നു ഒരു കെട്ടു വെള്ളിക്കാശ് പറിച്ചെടുത്തപ്പൊൾ അവൻ കള്ളൻ ക
ള്ളൻ എന്നു നിലവിളിച്ചാറെ അപരാധി കൈയിൽ ഉള്ള പൊന്തികയാൽ
ഒരു അടി തലയിൽ കൊണ്ടു മൊഹിച്ചു വീണു ചൊര ഒഴുകി പൊകിഞ്ഞതിന്റെ
ശെഷം കള്ളന്മാർ വഴിപൊക്കരുടെ ശബ്ദം കെട്ടു നല്ലാശ്രയപുരത്തിലെ കൃപാധ
നി വരുന്നു എന്നു പെടിച്ചു അവനെ വിട്ടു ഓടിപ്പൊകയും ചെയ്തു - കുറെ നെരം ക
ഴിഞ്ഞാറെ അല്പവിശ്വാസിക്കു ബൊധമുണ്ടായി എഴുനീറ്റു വഴിപ്പെട്ടു യാത്രത്തു
ടങ്ങി - ഇതത്രെ ആ കാര്യം -

ആശാമ - അവർ അവനുള്ളതെല്ലാം കവൎന്നുവൊ

ക്രിസ്തി - അവന്റെ രത്നമണികൾ കിട്ടാഞ്ഞത് ഒഴികെ കള്ളന്മാർ ചിലവിന്നു
വെച്ചുകൊള്ളതിൽ മിക്കവാറും പറിച്ചെടുക്കയാൽ അല്പം ചെമ്പുമാത്രം
ശെഷിച്ചതു ഉള്ളതിനെ രത്നമണികളെ വില്പാൻ കഴിയായ്കകൊണ്ടു വ
ളരെ സങ്കടപ്പെട്ടു ക്ഷീണപ്പെട്ടും യാത്ര തീരും വരെ വലപ്പൊഴും പിച്ച

സഹിക്കെണ്ടിയും വന്നു-

ആശാമ- വാനപട്ടണവാതിൽക്കലെ കാണിക്കെണ്ടുന്ന അവന്റെ ചീട്ടും അവർ പറിച്ചെടുക്കാഞ്ഞതു ആശ്ചര്യമല്ലയൊ-

ക്രിസ്തി- ആശ്ചര്യം തന്നെ അവൻ വളരെ പേടിച്ചു തനിക്കുള്ളതൊന്നും രക്ഷിപ്പാൻ കഴിയായ്ക കൊണ്ടു അതുവും ഒളിപ്പാൻ പ്രയാസം ഉണ്ടായിട്ടില്ലായിരുന്നു അവർക്കു അതു കിട്ടാഞ്ഞതു ദൈവകരുണയാലത്രെ-

ആശാമ- രത്നമണികൾ അവർക്കു കിട്ടായ്ക കൊണ്ടു അവൻ സന്തോഷിച്ചില്ലയൊ-

ക്രിസ്തി- അതിനു സംഗതി ഉണ്ടായിരുന്നു എങ്കിലും അവൻ വഴിയൊക്കെയും തനിക്കുണ്ടായ ഖെദം മാത്രം വിചാരിച്ചു രത്നമണികൾ ശെഷിച്ചതു ഓർത്തില്ല നെരമായി മറന്നും മറന്നില്ലെപ്പോൾ ഓർത്താലും ആശ്വസിച്ചാലും ഉടൻ നഷ്ടമായവരുടെ അവസ്ഥ ഓർക്കവണ്ണം ദുഃഖിച്ചു നടക്കും എന്നു ഞാൻ കേട്ടിരിക്കുന്നു

ആശാ- അയ്യൊ കഷ്ടം അവന്റെ ദുഃഖം എത്രയും അസഹ്യം തന്നെ-

ക്രിസ്തി- എത്രയും അസഹ്യം അന്യരാജ്യത്തിൽ യാത്രയാകുമ്പോൾ ഇപ്രകാരം എല്ലാം കവർന്നു പോകയും മുറിയും ഏറ്റുകൊണ്ടാൽ എന്തൊരു കഷ്ടം- നമുക്കും അങ്ങിനെ വന്നു എങ്കിലൊ- അവൻ ദുഃഖത്താൽ മരിക്കാഞ്ഞത് ആശ്ചര്യമല്ലൊ- അവൻ ശെഷം വഴി എല്ലാം സങ്കടപ്പെട്ടു ഖെദിച്ചു കൊണ്ടു അവരൊട് കണ്ടെത്തുകയും ഉണ്ടായ സ്ഥലവും വിവരവും കവർച്ചക്കാരുടെ പെരുകളെയും തനിക്കു വന്ന നഷ്ടവും മുറിവും അറിയിച്ചു നടന്നു എന്നു കെട്ടിരിക്കുന്നു-

ആശാ- എന്നാൽ അവൻ ചിലവിന്നു വെണ്ടി രത്നമണികളെ വില്ക്കയൊ പണയം വെച്ചു വല്ലതും വാങ്ങുകയൊ ചെയ്യാഞ്ഞതു എന്തു

ക്രിസ്തി- നീ ഒരു കുട്ടിയെപോലെ സംസാരിക്കുന്നു- അവൻ ആർക്കു എങ്ങിനെ വില്ക്കയും പണയം വെക്കയും ചെയ്യും- അവർ അതിനെ കൊള്ളുമൊ- ആ കവർച്ചയുണ്ടായ ദിക്കിൽ അവന്റെ രത്നങ്ങൾക്കു കിട്ടുന്ന വില കിട്ടുന്നില്ല അവിടെ അഭക്ഷണ സാധനങ്ങളും അവന്നു ആവശ്യമല്ലാതെ രത്നങ്ങൾ കൂടാതെ വാനപട്ടണത്തിൽ അവൻ എത്തിയാൽ അകത്തു പ്രവെശിപ്പാൻ കഴികയി

ല്ലത്തതപതിനായിരം കള്ളന്മാരുടെ ഉപദ്രവത്തെക്കാൾ മഹാസങ്ക
ടമുള്ളതായിരുന്നു എന്നവൻ നല്ലവണ്ണം അറിഞ്ഞു-
ശി- ഹാ സഹോദര ഇത്ര ഉഷ്ണിച്ചു പറയുന്നത് എന്തിന്ന എസാവു മുഴു
ങ്ങിവെച്ചു വയറ്റിന്നായി എത്രയും വലിയതായ ജന്മാവകാ
ശം വില്ക്കയും ചെയ്ത പ്രകാരം അല്പവിശ്വാസിക്കും ചെയ്തുകൂടെ-
ഗു- എസാവു തന്റെ ജന്മാവകാശം വിറ്റ പ്രകാരം മറ്റും ചില
അല്പന്മാരും ചെയ്തുവരുന്നതിനാൽ അവനെപോലെ ശ്രേഷ്ഠാനുഗ്രഹത്തി
ൽ നിന്നു ഭ്രഷ്ടരായി പോകും- എങ്കിലും എസാവിന്നും അല്പവിശ്വാസി
ക്കും തമ്മിൽ വളരെ വ്യത്യാസമുണ്ടു- എസാവിന്റെ ജന്മാവകാശം
ബാഹ്യമത്രെ അല്പവിശ്വാസിയുടെ ജന്മാവകാശം ആന്തരം തന്നെ-
എസാവിന്റെ ദൈവം വയറു അല്പവിശ്വാസിയുടെ ദൈവം വയ
റു അല്ല- എസാവിന്റെ അനുഗ്രഹം ജഡസംബന്ധമത്രെ അല്പവിശ്വാസി
യുടെ അനുഗ്രഹം ആത്മീയം തന്നെ- വയറു നിറക്കുന്നതല്ലാതെ എസാവു
ഒന്നും അപേക്ഷിച്ചില്ല- ഞാൻ മരിച്ചാൽ ഈ ജന്മാവകാശം കൊ
ണ്ടു എനിക്ക എന്തു പ്രകാരം എന്നവൻ പറഞ്ഞുവല്ലൊ- അല്പവിശ്വാസി
ക്കു വിശ്വാസം അല്പമെങ്കിലും ജഡമോഹങ്ങളെ ഉപേക്ഷിച്ചു രത്നങ്ങ
ൾ വില ഏറിയതാകുന്നു എന്നറിഞ്ഞു എസാവു പോലെ വില്ക്കയും ചെയ്കി
ല്ല- എസാവിന്നു വിശ്വാസം അല്പമെങ്കിലും ഉണ്ടായിരുന്നു എന്നറിവാ
നില്ലല്ലൊ- അവിശ്വാസിയും ജഡമോഹങ്ങളുടെ അടിമയുമാ
യ മനുഷ്യൻ ജന്മാവകാശവും ആത്മാവും മറ്റും എല്ലാം നരകത്തി
ലെ പിശാചിന്നു വില്ക്കുന്നതിൽ ആശ്ചര്യം എന്തു- അങ്ങിനെയുള്ളവർ
കാമവികാരത്താൽ മദിച്ച കാട്ടുകഴുതയെ പോലെ ആരു എങ്ങിനെ എ
ങ്കിലും തങ്ങളുടെ മനോഗതം സാധിപ്പിക്കയും ചെയ്യും- എങ്കിലും അ
ല്പവിശ്വാസിയുടെ മനസ്സു ദൈവത്തിൽ ചെന്നിരുന്നു മേലിൽനി
ന്നു ഇറങ്ങിവരുന്ന ആത്മികകാര്യങ്ങളാൽ ദിവസവൃത്തി കഴിക്കു
ന്നതു സാരം എന്നു നിശ്ചയിച്ചിരുന്നു- ഇങ്ങിനെയുള്ളവൻ വയറു നി
റപ്പാൻ വ്യർത്ഥസാധനങ്ങൾക്കായി തന്റെ രത്നങ്ങളെ വില്ക്കുമൊ-
ഒരു മനുഷ്യൻ പുല്ലു കൊണ്ടു വയറു നിറെക്കേണ്ടതിന്നു ഒരു വിശം

കൊട്ടക്കമൊ കാക്കശവം കൊത്തിതിന്നുന്നത് പ്രാവു കണ്ടിട്ടു താനും
ചത്തിന്നമൊ — അവിശ്വാസികൾ എല്ലാം പണെയും വെള്ളങ്ങളുമൊ
ഗലാഭത്തിന്നായിട്ടുത്തങ്ങളെക്കും തന്നെ വിശ്വാസം ചെയ്യുന്നത് പൊലെ
സത്യവിശ്വാസം അല്പമെങ്കിലും ലഭിച്ചവർ ചെയ്ക ക്രൂരതാ — ഗൗരസൈരാ
ദരക്കിമുമ്പെ ചൊദിച്ചത് ഒരു ബുദ്ധിമൊശമല്ലയൊ —

ആശാമ — ഉണ്ടായിരിക്കും എങ്കിലും നിന്റെ ത്രയിൽ പറഞ്ഞത് കൊണ്ടു എനിക്ക കുറെ അത്ഭുതം തൊന്നിയിരിക്കുന്നു —

ക്രിസ്തി — എന്റെ പാരുഷ്യം നിങ്ങൾക്കായതെ കാഷ്ടം സ്പഷ്ടമായി വിചാരിച്ചാൽ നമ്മിൽ എല്ലാം നന്നാകും —

ആശാമ — എങ്കിലും ക്രിസ്തിയാനെ വഴിയിൽ കൂടെ വരുന്നൊരു ആ അവന്റെ ശബ്ദം കെട്ടതിനാൽ തന്നെ ഭയപ്പെടുന്ന കള്ളന്മാർ ഇരുവർക്കും അത്ര എന്ന് എനിക്കു തൊന്നുന്നു അല്പവിശ്വാസി ഉൽകൃഷ്ടം പൂണ്ടു പൊരുതാഞ്ഞത് എന്തു —

ക്രിസ്തി — അവർ ഭീരുക്കൾ എന്നു പലരും പറഞ്ഞു എങ്കിലും പരീക്ഷാസമയത്തിൽ അങ്ങനെ മാത്രം അങ്ങിനെ തൊന്നിയിന്നു ഉൽകൃഷ്ടം അല്പവിശ്വാസിക്കുണ്ടായില്ല അങ്ങിനെയുള്ള പൊരിൽ നിന്നെക്കുണ്ടാകുമൊ എന്നൊരു സംശയം എനിക്കുണ്ട് നമ്മിൽ നിന്നു ദൂരമായിരിക്കുമ്പൊൾ അവരെ ഭീരുക്കൾ എന്നു വിചാരിപ്പാൻ എന്തു പ്രയാസം അവർ അടുക്കെ വരട്ടെ എന്നാൽ നിന്റെ ഉൽകൃഷ്ടം സ്പഷ്ടമാകും —
അവർ വിരച്ചു പറിക്കാരും പാതാളപ്രഭുവിന്റെ സെവകന്മാരുമാകുന്നു — വെണമെങ്കിൽ താനും വന്ന് അവരുടെ സഹായത്തിന്നായി സിംഹം പൊലെ അലറും അല്പവിശ്വാസിക്ക് എന്നപൊലെ എനിക്കും ഒരിക്കൽ അവരെക്കൊണ്ട് ഉപദ്രവം ഉണ്ടായി ക്രിസ്ത്യാനിക്ക് ഉചിതമായ പ്രകാരം എതിർത്തു നിൽക്കുമ്പൊൾ അവർ ഒന്നു വിളിച്ചു ഉടനെ യജമാനനും വന്നു ദൈവകരുണയാൽ ബലമെറിയ ആയുധ വസ്ത്രങ്ങളെ ധരിച്ചില്ലെങ്കിൽ പ്രാണനാശം വരുമായിരുന്നു — എങ്ങിനെ എങ്കിലും പുരുഷന്നു യൊഗ്യമായ പ്രകാരം ശത്രുക്കളെ സകലവും നന്നായി നില്പാൻ എന്തൊരു പ്രയാസം അങ്ങിനെയുള്ള പട കഴിച്ചവന്നു അ

ത്രം അതിന്റെ അവസ്ഥ അറികും-

ആശാ- എങ്കിലും കൃപാധനി വഴിയിൽ ഉണ്ടെന്ന തൊന്നിയപ്പൊൾ തന്നെ അവർ മണ്ടിപൊയല്ലൊ-

ക്രിസ്തി- രാജാവിന്റെ വീരനായ കൃപാധനിയുടെ വരവിനാൽ അവർ പലപ്പൊഴും യജമാനനൊടു ക്രൊധമില്ലയായാൽ ഒരു ആശ്ചര്യവുമില്ല എങ്കിലും രാജാവിന്റെ പ്രജകൾ എല്ലാവരും വീരന്മാർ അല്ലായ്കയാൽ വീര്യം പ്രവൃത്തിപ്പാൻ കഴിയുന്നതുമല്ല- ദാവീദ് ഗൊലിയാത്തെ ജയിച്ച പ്രകാരം ഒരു ശിശുവിന്നു കഴിയുമൊ- കാളയുടെ ശക്തി കാരെള്ളപക്ഷിക്കു ഉണ്ടൊ- ചിലർ ബലവാന്മാരാകുന്നു മറ്റും ചിലർ ബലഹീനന്മാരത്രെ- ചിലർക്കും അധികം മറ്റും ചിലർക്ക് അല്പവിശ്വാസം ഉണ്ടു- അല്പവിശ്വാസി വീരൻ അല്ലായ്കയാലവൻ തന്നെ അകെ കാണ്ടുള്ളൊട്ടിൽ തൊറ്റുപൊയി-

ആശാ- കൃപാധനി അവരൊടു എതിരെ എങ്കിൽ നന്നായിരുന്നു-

ക്രിസ്തി അവൻ തന്നെ ആയാലും പ്രയാസമുണ്ടു തന്റെ ആയുധാഭ്യാസം മറക്കാതെ- വാളൊടു എതിർത്താൽ അവരെ നന്നായി തടുക്കും എങ്കിലും ക്ഷീണഹൃദയനും ശങ്കാമയനും ഉൾപുക്ക പൊരുതാൽ അവനെയും നിലത്തു തള്ളിയിട്ടുകളവാൻ സംഗതി ഉണ്ടാകും- എന്നാൽ ഒരുത്തൻ ക്ഷീണശേഷം ഞെറിവ്ഷാഹം കൃപാധനിയുടെ മുഖത്തിലെ മുറിവുകളുടെ കലകൾ ഞാൻ പറഞ്ഞത് സത്യം എന്നു തെളിയിക്കുന്നു- യുദ്ധകാലത്തിൽ ഞങ്ങൾ ജീവിക്കും എന്ന ആശവിട്ടുപൊയിരുന്നു- എന്നവൻ ഒരിക്കൽ പറഞ്ഞ പ്രകാരം ഞാൻ കേട്ടിരിക്കുന്നു- ആ പെരുങ്കള്ളന്മാരുടെ ഉപദ്രവം നിമിത്തം ദാവീദ് എത്രനില വിളിച്ചു കരകയും ചെയ്തു- ഹെമാനും ഹിസ്കിയാവും തങ്ങളുടെ ആയുഷ്കാലത്തിൽ വീരന്മാരായിരുന്നു എങ്കിലും ഇവരൊടു പൊരുതുവാൻ ആവശ്യമായപ്പൊൾ വളരെ കഷ്ടിച്ചു അദ്ധ്വാനിക്കയും ചെയ്തു- അപ്പൊസ്തലന്മാരിൽ പ്രധാനനായിട്ടുള്ള ഒരു പെത്രു ഒരിക്കൽ തന്നാൽ എന്തെല്ലാം കഴിയും എന്നറിവാൻ വെണ്ടി പൊരുതപ്പൊൾ ഇവർ അവനെ ഒരു പെൺകിടാവിനെ പൊലും പെടിക്കുമാറാക്കി

കൂടാതെ അവരുടെ പ്രഭുത്വപ്പൊഴും വിളിപ്പാട്ടിൽ തന്നെ ഇ
രിക്കകൊണ്ടു അവൎക്കിനിമെലും സഹായിപ്പാൻ വെഗം വരുംഎങ്കി
ലും അവനൊടു അടുക്കുന്നവന്റെ വാൾ പാട്ടു കുന്തം അസ്ത്രംവിൽ എ
ന്നിവ ഒന്നുംനില്ക്കുന്നില്ല അവൻ ഇരിമ്പിനെ വൈക്കൊൽ പൊലെയും
ചെമ്പു ചത്തമരത്തെ പൊലെയും വിചാരിച്ചു അമ്പു അവനെ ഒടി
ക്കയില്ല കവിണക്കല്ലുകൾ അവന്നു താളടി പൊലെ ഇരിക്കുന്നു
കുന്തത്തിന്റെ ഇളക്കത്തെ അവൻ പരിഹസിക്കുന്നു (ഇയ്യൊബ് ൪൧. ൨൬–
൨൯) ഇങ്ങിനെയുള്ളവനെ വിരൊധിപ്പാൻ മാനുഷശക്തി മതിയാകുമൊ
മാ- ഒരാൾക്കു യൊദ്ധിന്റെ കുതിര കിട്ടി കയറി നല്ലവണ്ണം നടത്തുവാൻ
ധൈൎയ്യം ഉണ്ടെങ്കിൽ വലിയ കാൎയ്യങ്ങളെ ചെയ്വാൻ സംഗതി ഉണ്ടാകും
സത്യം അതെന്തിന്നു- ആ കുതിരയുടെ കഴുത്തു ഇടിമുഴക്കം ധരിച്ചു വെ
ട്ടുക്കിളിയെ പൊലെ പെടിക്കുന്നില്ല അതിന്റെ മൂക്കിന്റെ പ്രതാപം ഭയ
ങ്കരമാകുന്നു താഴ്വരയിൽ അതിന്റെ കുളമ്പുകൾ മാന്തുന്നു തന്റെ
ശക്തിയൊടെ പ്രസാദിച്ചു ആയുധക്കാരുടെ നെരെ എതിൎപ്പാനായി ഒ
ട്ടു അടിഷെണിയിക്കൽ പരിഹസിച്ചു ഭയപ്പെടാതെയും വാളിൽനിന്നു പി
ന്മാറാതെയും ഇരിക്കുന്നു- അമ്പുറ്റിയും മിന്നുന്ന കുന്തവും അതിന്റെ
നെരെ ഇളകുന്നെങ്കിൽ ഗൎവ്വംകൊണ്ടും കൊപംകൊണ്ടും നിലത്തെ വിഴുങ്ങു
ന്ന കാഹളത്തിന്റെ ധ്വനിയെ പ്രമാണിക്കുന്നില്ല കാഹളങ്ങളുടെ ഇടയിൽ
ഹാ ഹാ എന്നു വിളിച്ചു യുദ്ധത്തെയും സെനാപതികളുടെ ആൎപ്പിനെയും അ
ട്ടഹാസത്തെയും ദൂരത്തിൽനിന്നു മണക്കുന്നു (ഇയ്യൊബ ൩൯. ൧൯-൨൫)
എങ്കിലും കാലാളുകളായ നാം ശത്രുവിനൊടു എതിൎത്തു പൊരുതുവാൻ ആ
ഗ്രഹിക്കരുത് മറ്റെവൎക്കു പൊരിൽ തൊറ്റു പൊയ പ്രകാരം കെൾക്കുന്നെങ്കി
ൽ നാം അവരെക്കാൾ ധൈൎയ്യത്തൊടെ നിന്നു ജയിക്കും എന്നു വിചാരിക്ക
യുമരുത്- അങ്ങിനെ വിചാരിക്കുന്നവർ പരീക്ഷാകാലത്തിൽ അധികം
തൊല്ക്കുവാറുണ്ടു- കൎത്താവിനെ വെണ്ടി മറ്റെല്ലാ മനുഷ്യരെക്കാ
ളും വലിയ കാൎയ്യം ചെയ്യുന്ന വണ്ണം പൊരുതാം എന്നു തന്റെ മഹാഹൃദ
യത്താൽ വിചാരിച്ചിരുന്ന പെത്രുവിനെ ഒരു വെലക്കാരത്തി ഭ്രമിപ്പിച്ചു ന
ഷ്ടം വരുത്തിയതിനെ നിരൂപിക്കുന്നവൊ

നെഞ്ഞിൽ ഈവക പരിഭൂഷ ചിന്നട ചിതകൊണ്ടുനാം എല്ലാ ആക്രമങ്ങ ളൊട്ടും കൂടെ പരിശകൊയ്യും ധരിച്ചിട്ടു പുറപ്പെടെണം- പരിശക്കില്ലാഞ്ഞാ കൊണ്ടുള്ള വിശാലതനൊക്കെണ്ടു ആപത്ത വന്നു ചെതിപ്പാൻ പാടില്ലാതെ കാക്കിവന്നു പരിശ ഇല്ലെങ്കിൽ അവൻ നമ്മെ ഒട്ടും ഭയപ്പെടുകയില്ല- സകലത്തിനും മീതെ വിശ്വാസത്തിന്റെ പരിശ കൈപിടിച്ചു കൊണ്ടാൽ ദുഷ്ടനായവന്റെ അഗ്നിയാസ്ത്രങ്ങളെ കെടുത്തുവാൻ കഴികും എന്നാണല്ലൊ നിശ്ചയമുള്ളവൻ പറഞ്ഞു- രാജാവ് ഒരു നായകനെ നടക്കെണം എന്നല്ല താൻ കൂടെ പൊരെണ്ടിനാണ് നാം പ്രാർത്ഥിക്കുന്നത്- അതിനാൽ ദാവീദ് മരണനിഴലിന്റെ താഴ്വരയിലും സന്തൊഷിക്കയും ദൈവം കൂടെ തന്നെ ഇരുന്നാൽ ഒരു ആലംബി പൊലും മാറിപൊകുന്നതിനെ കാൾ താൻ ഇരിക്കുന്ന സ്ഥലത്തു തന്നെ മരിക്കുന്നതു നല്ലു എന്നു മൊശ വിചാരിക്കയും ചെയ്തുവല്ലൊ ഹാ സഹൊദരാ അവൻ നമ്മുടെ കൂടെ ഉണ്ടായാൽ നാം പതിനായിരം വിരൊധികളെ വെട്ടിക്കൊണ്ടൊ എങ്കിലും അവൻ ഇല്ലാതിരുന്നാൽ സഹായക്കാരും നശിക്കും—

ഞാൻ പൊരിൽ ഉണ്ടായിരുന്ന ദൈവകാരുണ്യത്താൽ ഇന്നുവരെയും ജീവിച്ചിരിക്കുന്നു എങ്കിലും എന്റെ പൌരുഷത്തിൽ പ്രശംസിപ്പാൻ എന്തുമില്ല- നാം അനന്തരം തുടങ്ങിയതിൽ എന്തെങ്കിലും ആപത്തുകളും വരാതിരുന്നാൽ കൊള്ളാം എങ്കിലും സിംഹവും കരടിയും എന്നെ പിഴുങ്ങിട്ടില്ലാത്തകൊണ്ടു യാതൊരു ചെലാക്കില്ലാത്ത ഫിലിസ്ത്യൻ വന്നാലും ദൈവം എന്നെ രക്ഷിക്കും എന്നു ഞാൻ വിശ്വസിച്ചിരിക്കുന്നു എന്നു ക്രിസ്തിയാൻ പറഞ്ഞു—

അല്പവിശ്വാസിക്കെന്തൊരു കഷ്ടം
ദ്രവ്യവിശെഷം കവർച്ചയിൽ നഷ്ടം
ആക്കിയതാലെ ദരിദ്രനാകൊ
എന്നതിങ്ങിനെ കെട്ടവൻ ഒ
വാളു വിശ്വാസം അതാൽ അറികൊ
നീയും അല്ലാക്കിൽ ഒർത്തുവരുന്നുണ്ടൊ - എന്നു പാടി -

ഇങ്ങിനെ അവർ മുമ്പാകും ഇഗ്ഞൊറൻസ് പിമ്പാകും നടന്നു കൊണ്ടിരുന്ന

സമയം ഒരു തിരിഞ്ഞ ഞെരുവഴി കണ്ടു ഏതിൽ പൊകെണം എന്നു സംശയി
ച്ചിരിക്കുമ്പൊൾ വെള്ള ഉടുത്തും മുഖം വെളുപ്പിച്ചും ഉള്ള കറുത്ത മനുഷ്യൻ അ
ത്തരികെ വന്നു നിങ്ങൾ ഇവിടെ നില്ക്കുന്നത് എന്തിന് എന്നു ചൊദിച്ചാറെ ഞങ്ങൾ വാനപ
ട്ടണത്തെക്കു യാത്രയാകുന്നു ഏതു വഴി എന്നറിയുന്നില്ല എന്നവർ പറ
ഞ്ഞതിന്റെ ശെഷം അവൻ ഞാനും പൊകുന്നു അവിടെക്കു തന്നെ. എന്റെ കൂടെ
പൊരുവിൻ എന്നു പറഞ്ഞതു കെട്ടു അവർ അവന്റെ പിന്നാലെ ചെന്നതി
ന്റെ ശെഷം വഴി ക്രമെണ വളഞ്ഞു തങ്ങൾ പൊവാൻ ഇച്ഛിച്ച പട്ടണത്തിൽ നി
ന്നു മുഖം പൃഷ്ഠവശം ആക്കി തിരിഞ്ഞിരിക്കുന്നു എന്നിട്ടും അവർ അവന്റെ
പിന്നാലെ പൊയി അവരെ ബൊധം വരും മുമ്പെ ഒരു വലയിൽ കുടുങ്ങി വലഞ്ഞു നി
ല്ക്കുമ്പൊൾ കറുത്തവന്റെ വസ്ത്രം ഇളകിയതിനാൽ അവർ എവിടെ എന്നറിഞ്ഞു
വലവിട്ടു പൊവാൻ കഴിയായ്കകൊണ്ടു കില സമയം ദുഃഖിച്ചു കിടക്കയും
ചെയ്തു—

അപ്പൊൾ ക്രിസ്തിയാനി തന്റെ കൂട്ടാളിയൊടു ഞാൻ എന്റെ തെറ്റു ഇപ്പൊ
ൾ കാണുന്നു. മുഖസ്തുതിക്കാരനെ സൂക്ഷിച്ചുകൊൾവിൻ എന്ന് ഇടയന്മാർ നമ്മൊടു ക
ല്പിച്ചില്ലയൊ കൂട്ടുകാരനൊടു മുഖസ്തുതി പറയുന്നവൻ അവന്റെ കാല്ക്കു
ഒരു വല വിരിക്കുന്നു എന്ന് ജ്ഞാനം ഉള്ളവൻ പറഞ്ഞപ്രകാരം നമുക്കി
ന്നു ഭവിച്ചു എന്നു പറഞ്ഞു—

ആശാമയൻ— വഴി അറിവാൻ വെണ്ടി അവർ നമുക്കു തന്നെഴുത്തുചീട്ടിനെ
നൊക്കി വായിക്കയും നശിപ്പിക്കുന്നവന്റെ വഴികളിൽനിന്ന
അകന്നിരിക്കയും നാം ചെയ്തിട്ടില്ലല്ലൊ. നിന്റെ അധരങ്ങളുടെ വ
ചനത്താൽ ഞാൻ നശിപ്പിക്കുന്നവന്റെ വഴികളിൽനിന്ന് എ
ന്നെ കാത്തിരിക്കുന്നു എന്നു ദാവീദ് പറഞ്ഞു നമ്മെക്കാൾ ബുദ്ധിമാ
നായിരുന്നു—

അവർ അങ്ങിനെ വലയിൽ ദുഃഖിച്ചുകൊണ്ടിരിക്കുമ്പൊൾ കൈയിൽ ച
മ്മട്ടിയുള്ളൊരു പ്രകാശമയൻ അടുക്കെ വന്നു നിങ്ങൾ എവിടെനിന്നു വരു
ന്നു ഇവിടെ എന്തിന്നു കിടക്കുന്നു എന്നു ചൊദിച്ചാറെ അവർ ഞങ്ങൾ സീയൊനി
ലെക്കു പൊകുന്ന സഞ്ചാരികൾ ആകുന്നു വെള്ള ഉടുത്തൊരു കറുത്തവൻ ഞ
ങ്ങളെ കണ്ടു ഞാനും അവിടെക്കു തന്നെ പൊകുന്നു എന്റെ കൂടെ വരുവിൻ

എന്നു പറഞ്ഞു ഞങ്ങളെ നെർവ്വഴിയിൽനിന്ന തെറ്റിച്ചുകളഞ്ഞു എന്ന
റിയിച്ചാറെ ചമ്മട്ടി പിടിച്ചവൻ അവൻ കള്ള അപ്പൊസ്തലനും വെളിച്ച
ദൂതവെഷം ധരിച്ച മുഖസ്തുതിക്കാരനുമാകുന്നു എന്നു പറഞ്ഞു വലകീറി
അവരെവിട്ടു ഞാൻ നെർവ്വഴിയിൽ നിങ്ങളെ ആക്കെണ്ടതിന്നു എ
ന്റെ പിന്നാലെ വരുവിൻ എന്നു കല്പിച്ചു മുഖസ്തുതിക്കാരനെ അനുസരിച്ചു
ഉപെക്ഷിച്ചു പൊയ വഴിയിൽ അവരെ എത്തിക്കയും ചെയ്തു — അപ്പൊ
ൾ അവൻ കഴിഞ്ഞ രാത്രിയിൽ നിങ്ങൾ എവിടെ പാൎത്തു എന്ന ചൊദിച്ചു —
സഞ്ചാരികൾ — വാഞ്ഛിതമലയിൽ ഇടയന്മാരൊടു കൂടതന്നെ —
പ്രകാശമയൻ — വഴി അറിവാൻ വെണ്ടി അവരിൽനിന്നു ഒരു സൂചകച്ചീ
ട്ടു തന്നുവൊ —
സഞ്ചാരികൾ — തന്നു
പ്രകാശ — സംശയമുണ്ടായപ്പൊൾ നിങ്ങൾ അതിനെ നൊക്കി വായിച്ചുവൊ
സഞ്ചാരി — വായിച്ചില്ല —
പ്രകാശ — എന്തുകൊണ്ടു വായിച്ചില്ല
സഞ്ചാ — ഞങ്ങൾ ഒട്ടു മറന്നു പൊയി —
പ്രകാശ — മുഖസ്തുതിക്കാരനെ സൂക്ഷിപ്പിൻ എന്ന ഇടയന്മാർ പറ
ഞ്ഞില്ലയൊ —
സഞ്ചാരി — പറഞ്ഞു എങ്കിലും ഈ വെള്ളവസ്ത്രധാരി മുഖസ്തുതിക്കാരൻ
തന്നെ എന്നു ഞങ്ങൾ വിചാരിച്ചില്ല —

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ നിങ്ങൾ നിലത്ത
കിടപ്പിൻ എന്നവൻ കല്പിച്ചു അവരും അനുസരിച്ചു കിടന്നപ്പൊൾ നട
ക്കെണ്ടുന്ന നല്ല വഴി ഉപദെശിപ്പാൻ അവരെ നല്ലവണ്ണം ശിക്ഷിച്ചു അ
ടിക്കുന്നതിന്നിടയിൽ ഞാൻ സ്നെഹിക്കുന്നവരെ ഒക്കെ ശാസിച്ചു ശിക്ഷി
ക്കയും ചെയ്യുന്നു — നിങ്ങൾ ഉണൎന്ന അനുതപിച്ചു ഇടയന്മാരുടെ വാക്കുകളെ മ
റക്കാതെ നെർവ്വഴിയിൽ സൂക്ഷിച്ചു നടന്നുകൊൾവിൻ (അറി. ൩. ൧൯) എന്ന
കല്പിച്ചാറെ അവർ അവനെ പുകഴ്ത്തി യാത്രയായപ്പൊൾ

സഞ്ചാരിക്കൂട്ടം തെറ്റിപ്പൊകും കാലം
അനുഭവിപ്പതൊക്കെ നൊക്കുവിൻ

സുബുദ്ധിചൊൽ മറന്നാൽ ഒരു ജാലം
കൈക്കൊണ്ടാൽ കുടുക്കിക്കെട്ടിവെച്ചതിൻ
ദുർവശ്യങ്ങളും അവർക്കുണ്ടാകും അല്ലൽ
സംരക്ഷണങ്ങളൊടു കൂടെ തല്ലൽ എന്ന് പാട്ടുകളും ചെയ്തു-

കുറെ കാലം കഴിഞ്ഞശെഷം അവർ നെർവഴിയിൽ കൂടി മന്ദമായും എതി-രെ വരുന്നൊരുത്തനെ ദൂരത്തിന്ന കണ്ടപ്പൊൾ ക്രിസ്തിയാൻ തന്റെ കൂട്ടാ-ളിയൊട് അങ്ങു ചിയൊന് പുറമിട്ടു മടങ്ങിപ്പൊകുന്നൊരാൾ നമ്മുടെ നെരെ വരു-ന്നുണ്ടെന്ന പറഞ്ഞു-

ആശാ- ഞാൻ അവനെ കാണുന്നു- വക്കെഷം അവൻ മുഖസ്തുതിക്കാരൻ ആകാം നമ്മെ തന്നെ നല്ലവണ്ണം കരുതെണം എന്ന പറഞ്ഞു- അനന്തരം നാസ്-തികനായ അവൻ ക്രമത്താലെ അടുത്തുവന്നു നിങ്ങളുടെ യാത്ര എവിടെക്ക് എന്ന ചൊദിച്ചു-

ക്രിസ്തി- ചിയൊൻ മലെക്ക് തന്നെ എന്ന പറഞ്ഞാറെ നാസ്തികൻ പൊട്ടി-ച്ചിരിച്ചു—

ക്രിസ്തി- നിങ്ങൾ ചിരിക്കുന്നത് എന്തിന്ന-

നാസ്തികൻ- ബുദ്ധിഹീനന്മാരായ നിങ്ങൾ ഇത്ര കഷ്ടമുള്ള പ്രയാണം ചെയ്യു-ന്നത് കാണുകയാൽ ചിരിക്കുന്നു- നിങ്ങളുടെ പ്രയാസത്തിന്റെ ഫലം നടത്തം തന്നെ-

ക്രിസ്തി- എന്തിന്ന ഞങ്ങളെ ചെർക്കയില്ല എന്ന് വിചാരിക്കുന്നുവൊ-

നാസ്തികൻ- ചെർക്കുന്നതിന്ന എന്തെ നിങ്ങൾ കാനക്കുലത്തെപൊലെ അന്വെഷിക്കുന്ന സ്ഥലം ഈ സർവ്വലൊകത്തും ഇരിക്കയില്ല നിശ്ചയം.

ക്രിസ്തി- എങ്കിലും പരലൊകത്തിൽ ഉണ്ടല്ലൊ-

നാസ്തിക- എന്റെ നാട്ടിൽ പാർത്ത സമയം ഞാനും നിങ്ങൾ ഇപ്പൊൾ പറഞ്ഞതി-നെ കുറിച്ചു കെട്ടു കാണ്മാനായി പുറപ്പെട്ടു ഇരുപതു സംവത്സരമായിട്ട് ആ പട്ടണത്തെ തെടിനടന്നു എങ്കിലും യാത്രയുടെ ഒന്നാം ദിവസം കണ്ട-തിൽ അധികമായിട്ട് ഒന്നും ഇന്നുവരെയും കാണായ്‌വന്നില്ല-

ക്രിസ്തി- അങ്ങിനെ ഒരു സ്ഥലം കാണ്മാനുണ്ടെന്ന് ഞങ്ങൾ കെട്ടും വിശ്വ-സിച്ചും ഇരിക്കുന്നു—

നാസ്തി- എന്റെ നാട്ടിൽ പാർത്ത സമയം ഞാൻ വിശ്വസിച്ചില്ലെങ്കിൽ ഇ
ത്രോടം തേടി അന്വേഷിക്കുമൊ അങ്ങിനെയൊരു സ്ഥലം ഉണ്ടാ
യിരുന്നാൽ നിങ്ങൾ നടന്നതിൽ അധികം ദൂരം ചെന്നവനായ ഞാൻ
ദേഹം കാണാതിരിക്കയില്ലായിരുന്നു നിശ്ചയം- അത് ഇല്ലായ്ക
കൊണ്ടത്രെ ഞാൻ വിട്ടുപോയ നന്മകളെ പിന്നെയും അനുഭ
വിച്ചു ആശ്വസിപ്പാനായി മടങ്ങി പോന്നു-

അപ്പോൾ ക്രിസ്തിയൻ തന്റെ കൂട്ടാളിയായ ആശാമയനോട് ഇവൻ പറ
യുന്നത് സത്യം തന്നെയൊ എന്ന് ചോദിച്ചു

ആശാമ- സൂക്ഷിക്ക- അവൻ മുഖസ്തുതിക്കാരൻ തന്നെ- നാം മുമ്പെ ഇ
ങ്ങിനെ ഒരുത്തന്റെ വാക്കിനെ അനുസരിച്ചപ്പോൾ എത്ര ദുഃഖം
അനുഭവിച്ചു എന്ന് ഓർക്ക- സീയോൻ മല ഇല്ല എന്നവൻ
പറഞ്ഞുവല്ലൊ- വാഞ്ഛിത മലകളിൽനിന്ന് പട്ടണവാതിലിനെ
കണ്ടുവല്ലൊ- നാം വിശ്വാസപ്രകാരം നടക്കേണ്ടുന്നതാകുന്നു- ൨ കൊ
മ്മട്ടിക്കാരൻ നമ്മെ പിന്നെയും പിടിക്കാതിരിക്കേണ്ടതിന്നു നാം നടക്ക
ആത്- എന്റെ പുത്രാ അറിവിന്റെ വചനങ്ങളെ വിട്ടു തെറ്റിപ്പോ
കുന്നതിനുള്ള ഉപദേശം കേൾക്കാതെ വിട്ടുകളക എന്നൊരു വാക്കിനെ നീ
ന്നെ എന്റെ ചെവിയിൽ മന്ത്രിക്കേണ്ടതായിരുന്നു- സഹോദര
അവനെ കേൾക്കാതെ നമ്മുടെ ആത്മാക്കളുടെ രക്ഷക്കായിട്ടു
നാം വിശ്വസിക്ക-

ക്രിസ്തി- ഹാ സഹോദര നിന്റെ വിശ്വാസത്തെ കുറിച്ചു എനിക്കു സംശയം ഉ
ണ്ടാക കൊണ്ടു ഞാൻ അങ്ങിനെ ചോദിക്ക അല്ല നിന്റെ പരമാ
ർത്ഥ ഹൃദയത്തിൽനിന്ന് ഒരു ഫലം പറിച്ചെടുത്ത് അറിഞ്ഞുകൊ
ള്ളാൻ വേണ്ടി ചോദിച്ചതെ ഉള്ളൂ- ഈഹലോകത്തിന്റെ പ്രഭുവാ
മനുഷ്യനെ കുരുടനാക്കി എന്ന് എനിക്ക് വേണ്ടും വണ്ണം ബോധി
ച്ചിരിക്കുന്നു- സത്യവിശ്വാസം നമുക്ക് ഉണ്ട് എന്നറിഞ്ഞിട്ടു നാം നട
ക്ക- സത്യത്തിൽ ഒരു കളവും ഇല്ലല്ലൊ-

ആശാ- ഞാൻ ഇപ്പോൾ ദൈവമഹത്വത്തിന്റെ ആശയിൽ സന്തോ
ഷിക്കുന്നു എന്ന് പറഞ്ഞാറെ ഇരുവരും നാസ്തികനെ വിട്ടു നട

ഇങ്ങനെ പൊൾ അവൻ മിത്ഥ്യതന്റെ വഴിക്കെ പൊകയും ചെയ്തു—

അപ്പൊൾ ഞാൻ സ്വപ്നത്തിൽ കണ്ടത് എന്തെന്നാൽ അവർ പ്രയാണം ചെയ്തു ഇന്ദ്രിയാകർഷകം മയക്കം വരുത്തുന്ന കാറ്റ് നിറഞ്ഞ ദെശത്തിൽ എത്തിയാറെ ആശാമയൻ—വളരെ ഉറക്കം തൂങ്ങി ക്രിസ്തിയനൊട് എന്റെ കണ്ണുകൾ ഇപ്പൊൾ വളരെ മയങ്ങുന്നു ഒന്നും കാണ്മാൻ കഴികയില്ല നാം അല്പം ഉറങ്ങുക എന്നു പറഞ്ഞു—

ക്രിസ്തി— അതരുത് ഉറങ്ങിയാൽ പിന്നെക്കും ഉണരുമൊ—

ആശാ— എന്തിന്നു സഹൊദര അദ്ധ്വാനിക്കുന്നവന്നു ഉറക്കം വെണ്ടതല്ലയൊ നാം അല്പം ഉറങ്ങിയാൽ ആശ്വാസമുണ്ടാകും.

ക്രിസ്തി— ആഭിചാരനിലത്തു ഉറങ്ങരുത് എന്നു ഇടയന്മാരിൽ ഒരുവൻ പറഞ്ഞില്ലയൊ—ശെഷമുള്ളവർ ചെയ്യുന്നതു പൊലെ നാം ഉറങ്ങാതെ ബുദ്ധിയുള്ളവരും ജാഗ്രതയുള്ളവരുമായിരിക്കണം എന്നു ആ വചനത്തിന്റെ പൊരുളാകുന്നു—

ആശാ— സത്യം ഞാൻ എന്റെ തെറ്റു സമ്മതിക്കുന്നു ഇവിടെ ഞാൻ തനിച്ചു ഇരുന്നെങ്കിൽ ഉറങ്ങി നാശം വരുമായിരുന്നു—ഏകാകിയായിരിക്കുന്നതിനെക്കാൾ രണ്ടു പെരായിരിക്കുന്നതു ഏറെ നല്ലതു എന്നു ജ്ഞാനമുള്ളവൻ പറഞ്ഞതു സത്യം—ഇതുവരെ നിന്റെ സംസർഗ്ഗം എനിക്കു ഉപകാരമായിരുന്നു—ദൈവം നിന്നെ അനുഗ്രഹിക്കട്ടെ—

ക്രിസ്തി— എന്നാൽ നാം ഉറക്കം ഒഴിപ്പാൻ സല്ലാപം ചെയ്ക

ആശാ— അങ്ങിനെ ആകട്ടെ എനിക്കു വളരെ ഇഷ്ടം—

ക്രിസ്തി— എങ്കിലൊ എവിടെ തുടങ്ങെണം—

ആശാ— ദൈവം നമ്മെ കൊണ്ടു പ്രവൃത്തിപ്പാൻ തുടങ്ങിയെടത്തിൽ നിന്നു തന്നെ മനസ്സുണ്ടെങ്കിൽ നീ ആരംഭിക്ക.

ക്രിസ്തി— ഞാൻ മുമ്പെ ഒരു പാട്ടു പാടട്ടെ—

ഉറക്കം തൂക്കം പൊൾ വരും അപായം
അതിനെ ഒഴിച്ചു ലാഭിക്കട്ടൊരുപായം
ശുഭസംസർഗ്ഗം എന്നു വിശ്വാസി

ഇതൊന്നത്തിപറയാത്തദ്ധ്യായം

സല്ലാപം ചെയ്തുദൈവചൊല്ലുടെ

കലാപംഎന്നിലെല്ലാംഎന്നിട-

അപ്പോൾക്രിസ്തിയൻതുടങ്ങിആശാമയനോട്ടുഇന്നുകാണുന്നപ്രകാരംചെ
യ്യാൻതുണക്കത്തുളംപങ്ങിനെമനസ്സാക്കിഎന്ന്ചോദിച്ചു-

ആശാ- എന്റെആത്മരക്ഷയെഅന്വെഷിപ്പാൻആളംപങ്ങിനെമനസ്സാ
ക്കിഎന്നൊ-

ക്രിസ്തി- അതുതന്നെഞാൻചോദിച്ചത്-

ആശാ- ഞാൻബഹുകാലമായിമായാചന്തയിൽക്രയവിക്രയങ്ങളാക്കിവെച്ച
സാധനങ്ങളിൽരസിച്ചുഒരുവലിയകച്ചവടക്കാരനായിരുന്നുചൊരാ
ധനമദ്യപാനംദ്രവ്യാഗ്രഹംദുർമ്മോഹംവൈരാഗ്യാസംഗംവഞ്ചനചതി
വൈപരീത്യംഅസൂയാദിതങ്ങളുംഎന്നുംമറ്റുംഎന്റെആചരങ്ങ
ൾകൊണ്ടുരാപ്പകൽവ്യാപാരംചെയ്തുവന്നശേഷംനിന്നിൽനിന്നുംത
ന്റെവിശ്വാസഭക്തികൾനിമിത്തംമായാചന്തയിൽനിന്നുമരിച്ചവി
ശ്വസ്തനിൽനിന്നുംകേട്ടദൈവകാര്യങ്ങളെവിചാരിച്ചതിനാൽഈ
ക്രിയകൾക്കുടെഅവസാനംമരണമാകുന്നുഎന്നുംഅവനിമിത്തം
ദൈവത്തിന്റെകോപംഅനുസരണക്കേടിന്റെമക്കളുടെമെൽ
വരുന്നുഎന്നുംകാണുകകൊണ്ടുംചെയ്തുവരുന്നതിനെ—

ക്രിസ്തി- നീഅപ്പോൾതന്നെഈപാപബോധത്തിന്റെശക്തിയിൽകുടുങ്ങി
യൊ—

ആശാ- അതില്ലപാപത്തിന്റെവെറുപ്പുംഅതിനാൽവരുന്നശിക്ഷയുംസ
മ്മതിപ്പാൻമടിച്ചുതകൊണ്ടുഞാൻവചനത്തിന്റെവെളിച്ചംകാ
ണാതിരിക്കേണ്ടതിന്നുകണ്ണടച്ചു-

ക്രിസ്തി- ദൈവാത്മാവിന്റെപ്രവൃത്തിനിന്നിൽഈപ്രകാരംവിരോധിപ്പാ
ൻഎന്തുസംഗതി-

ആശാ- പാപിക്കുമാനസാന്തരംവരുത്തുവാൻദൈവംപാപഭയംജനിപ്പി
ക്കുന്നതിനാൽതുടങ്ങുന്നുഎന്നറിയായ്കകൊണ്ടുഅതുദൈവാത്മാവി
ന്റെപ്രവൃത്തിയാകുന്നുഎന്നുഞാൻവിചാരിച്ചില്ല-അതുകൂടാ

ത്തെഞാൻ പാപത്തിൽ രസിച്ചു അതിനെ വെടിഞ്ഞിപ്പാനും ഒരു
ക്കും ഉപദേഷ്ടാരായ ചങ്ങാതിമാരെ കിട്ടുവാനും മനസ്സുണ്ടായില്ല- ഒരു
പാപബോധവും എനിക്ക് അവരുടെ സഹായമായിരിക്കകൊണ്ട് എനി
ൻ്റെ ഒന്നുപോലും സഹിപ്പാൻ കഴിഞ്ഞില്ല-

ക്രിസ്തി- എന്നാൽ ആ സുഖം കൂട്ടുകിടപ്പോൾ എന്തു പൊങ്ങിയെന്ന തോ
ന്നും-

ആശാ- കിടപ്പോൾ അങ്ങിനെ എങ്കിലും കൂടക്കൂട പുതുതായി മ
ഹാസങ്കടമുണ്ടായി

ക്രിസ്തി- എന്നാൽ നിൻ്റെ പാപം കൂടക്കൂട ഉണ്ടായതെങ്ങിനെ

ആശാ- ഞാൻ വല്ല ഭക്തനായ മനുഷ്യനെ വഴിയിൽ വെച്ചു കാണുകയും
ദൈവവചനം കേൾക്കയും എനിക്കു തലമറവും വല്ലവരുടെ രോഗങ്ങളെ
കയും വല്ലവരും ക്ഷണത്തിൽ മരിക്കയും ഞാനും ഒരു സമയം മരി
ച്ചു ന്യായവിസ്താരത്തിന്നു പോകേണ്ടി വരും എന്നു വിചാരിക്കയും ചെയ്താ
ൽ എൻ്റെ പാപം ഓൎക്കും-

ക്രിസ്തി- അങ്ങിനെ ഉണ്ടായപ്പോൾ പാപം എന്തു വഹിക്കാം കുറെ തള്ളുവാ
ൻ തോന്നിയോ-

ആശാ- അല്ല ഭയങ്കരമാക്കി തോന്നി പാപം ചെയ്യാൻ ഇച്ഛിച്ചതും ശേഷം
കൂട്ടുകെട്ടിച്ചുണ്ടായിട്ടും-

ക്രിസ്തി- അപ്പോൾ നിനക്ക് എന്തു ബോധിച്ചു-

ആശാ- എൻ്റെ നടപ്പു ഞാൻ മാറ്റുന്നില്ലെങ്കിൽ നാശം ഉണ്ടാകും എന്ന
റിഞ്ഞു ചിന്തിച്ചു-

ക്രിസ്തി- പിന്നെപ്പോൾ നന്നാക്കുവാൻ ആരംഭിച്ചോ-

ആശാ- ഉടനെ ഞാൻ പാപകൂട്ടുകളെ ഒഴിക്കും പാപിഷ്ഠന്മാരായ ചങ്ങാതിമാ
രെ കൂട്ടിട്ടു പ്രാൎത്ഥിച്ചു ദൈവവചനം വായിച്ചു പാപത്തെ ഓൎത്തുക
രഞ്ഞു അയല്ക്കാരോടു സത്യം പറഞ്ഞു മറ്റും അങ്ങിനെയുള്ള സൽക്രി
യകളെ ചെയ്വാൻ തുടങ്ങി-

ക്രിസ്തി- ഞാൻ അതിനാൽ രക്ഷ പ്രാപിക്കും എന്നപ്പോൾ തോന്നിയോ-

ആശാ- കുറെ നാൾ അങ്ങിനെ തോന്നിയെങ്കിലും ക്രമത്താലെ എൻ്റെ ദുഃഖ

ങ്ങൾ മടങ്ങി വന്നു വരുത്തുകയും ചെയ്ത-

ക്രിസ്തി- അതെങ്ങിനെ- നീ അപ്പൊൾ ഗുണവാനാകയില്ലൊ-

ആശാ- ഞങ്ങളുടെ നീതികളൊക്കെയും അഴുക്കുള്ള ഷ്ടീവസ്ത്രം പൊലെ എന്നും ന്യായപ്രമാണക്രിയകളാൽ ഒരു മനുഷ്യനും നീതികരിക്കപ്പെടുകയില്ല- നിങ്ങളൊടു കല്പിച്ചതൊക്കെയും എല്ലാം ചെയ്ത ശെഷം ഞങ്ങൾ പ്രയൊജനമില്ലാത്ത വെലക്കാരാകുന്നു എന്നു പറവിൻ എന്നും മറ്റും വെദവാക്യങ്ങളുടെ ആകാട്ടിനാൽ സംശയിച്ചു എന്റെ നീതി അഴുക്കുള്ള ഷ്ടീവസ്ത്രം പൊലെ എന്നും ന്യായപ്രമാണക്രിയകളാൽ ഒരു മനുഷ്യനും നീതി ഇല്ല എന്നും ഞങ്ങളൊട് കല്പിച്ചിരിക്കുന്നതൊക്കെയും ചെയ്ത ശെഷം ഞങ്ങൾ പ്രയൊജനമില്ലാത്തവരാകുന്നു എന്നും വന്നു പൊയാൽ ക്രിയകളാൽ സ്വർഗ്ഗം പൂകാം എന്ന വിചാരം മൌഢ്യം തന്നെ എന്നു ഞാൻ നിശ്ചയിച്ചു- ഒരുത്തൻ വീട്ടുകാരനൊട് നൂറു ഉറുപ്പികക്ക ചരക്കു കടമായി വാങ്ങിയത് വീട്ടാതെ ശെഷം കൊള്ളുന്ന സകല വസ്തുവിന്നും മുതൽ കൊടുത്താലും മുതലാളി അവനെ പിടിച്ചു തടവിൽ പാർപ്പിപ്പാൻ ന്യായമുണ്ടല്ലൊ എന്നൊർക്കയും ചെയ്തു-

ക്രിസ്തി- നല്ല ഉപമ- അതിന്നെക്കൊണ്ടുള്ള ഉപദെശം എന്തു-

ആശാ- പാപത്താൽ ദൈവത്തിന്നു പെട്ട മഹാകടം ഞാൻ നടപ്പു മാറ്റി സൽക്രിയകളെ ചെയ്വാൻ തൊടങ്ങുന്നതിനാൽ വീട്ടുവാൻ കഴികയില്ല കൊണ്ടു മുമ്പെ ഞാൻ ചെയ്ത അപരാധങ്ങളാൽ വരുത്തിയ നാശഭയത്തിൽനിന്നു എനിക്ക എങ്ങിനെ രക്ഷ ഉണ്ടാകും എന്നു വിചാരിച്ചു-

ക്രിസ്തി- ആ വിചാരം നന്നായി എന്നാൽ പിന്നെയൊ-

ആശാ- നടപ്പു മാറ്റിയ ശെഷം ഞാൻ ചെയ്തു വരുന്ന ക്രിയകളെ സൂക്ഷ്മമായി നൊക്കുന്തൊറും അവ സകലവിധ പാപം കൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു കണ്ടു മുമ്പെത്ത നടപ്പു പാപം കൂടാതെ ആയിരുന്നെങ്കിൽ ഇപ്പൊൾ ഞാൻ ഒരു ദിവസത്തിൽ ചെയ്യുന്ന പാപം എന്നെ നരകത്തിലാക്കുവാൻ മതി എന്ന വിചാരം എന്നെ വിട്ടുകാമാത്രം ചെയ്യുന്നില്ല-

ക്രിസ്തി- അപ്പൊൾ നീ എന്തു ചെയ്ത

ആശാ- എന്തു ചെയ്യെണം എന്നറിയാതെ വിശ്വസ്തന്റെ അടുക്കൽ ചെന്നു

എന്റെ അപരാധങ്ങൾ അവനൊടു ഞാൻ അറിയിച്ചപ്പൊൾ അവൻ പാപം
കൂടാതെയുള്ളൊരുത്തനെന്റെ നിമിത്തം ജനിക്കപ്പെട്ടു ഞാൻ നിന്റെ
യും സകലലൊകത്തിന്റെയും നിമിത്തം നിന്നെ രക്ഷിപ്പാൻ മരിക്ക
യില്ലയൊ എന്ന പറഞ്ഞു—

ക്രിസ്തി- അവൻ പറഞ്ഞത് സത്യം എന്ന് നീ അപ്പൊൾ വിശ്വസിച്ചുവൊ—

ആശാ- നടപ്പുമാറിയതിനാൽ എനിക്ക ആശ്വാസവും പ്രസാദവും ഉണ്ടായ
പ്പൊൾ അവൻ അങ്ങിനെ എന്നൊട് പറഞ്ഞു എങ്കിൽ ഞാൻ അവ
ന്റെ ദുഷ്ടൻ എന്ന പെർ തിങ്ങിയ മാറി ഇരുന്നു എങ്കിലും എന്റെ പൊരാ
യ്മയും സൽക്രിയകളിൽ കലർന്ന പാപവും സ്പഷ്ടമായ ശെഷം അതു സ
ത്യം തന്നെ എന്ന പ്രമാണിക്കേണ്ടി വന്നു—

ക്രിസ്തി- ഒരിക്കലും പാപം ചെയ്തിട്ടില്ലാത്തവൻ ഉണ്ടെന്ന് നിനക്ക അപ്പൊൾ
ഉടനെ ബൊധിച്ചുവൊ—

ആശാ- ആ വാക്കുകൾ ആദ്യം കെട്ടപ്പൊൾ ഞാൻ വിസ്മയിച്ചു എങ്കിലും
കുറെ അധികം സംഭാഷണവും ചെയ്തശെഷം ഉണ്ടായശെഷം എനിക്ക ആ
ബൊധം വന്നു—

ക്രിസ്തി- പാപമില്ലാത്തവൻ ആരെന്നും അവനാൽ നീ എങ്ങിനെ നീതീകരി
ക്കപ്പെടും എന്നും കൂടി ചൊദിച്ചുവൊ—

ആശാ- ചൊദിച്ചു അത്യുന്നതന്റെ വലത്തുഭാഗത്തിരിക്കുന്ന കർത്താവായ
യെശു തന്നെ പാപമില്ലാത്തവനാകുന്നു അവൻ ഭൂലൊകത്തിൽ മനുഷ്യ
നായി നടന്ന സമയം ചെയ്തതിലും മരത്തിന്മെൽ തറക്കപ്പെട്ടു സഹിച്ച
കഷ്ടങ്ങളിലും വിശ്വസിക്കുന്നതിനാൽ നീ നീതീകരിക്കപ്പെടും എന്ന അവ
ൻ പറഞ്ഞാറെ ഒരൊരുത്തൻ മനുഷ്യന്റെ നിമിത്തം വെറെ ഒരുത്തനെ
ദൈവമുമ്പാകെ നീതിമാനാക്കുവാൻ മതിയാകുമൊ എന്ന ഞാൻ ചൊ
ദിച്ചപ്പൊൾ ശക്തിയുള്ള ദൈവമായ അവൻ ചെയ്തതും മരിച്ചതും ത
ന്നിക്കായിട്ടല്ല എനിക്കായിട്ടു തന്നെ ഉണ്ടായിരുന്നത് കൊണ്ടു വിശ്വാ
സത്താൽ അവന്റെ പ്രവൃത്തികളും അവറ്റിന്റെ ഫലവും എനിക്ക
സ്വന്തമാകും എന്ന അവൻ പറഞ്ഞു—

ക്രിസ്തി- നീ അപ്പൊൾ എന്തു ചെയ്തു—

ശുഭാ- എന്റെ അവിശ്വാസം നിമിത്തം എന്നെ രക്ഷിപ്പാൻ അവന്നു ഇഷ്ടമു
ണ്ടാകുമൊ എന്ന് ഞാൻ വിചാരിച്ചു സംശയിച്ചു-

ക്രി- അതിന്നു വിശ്വസ്തൻ എന്തു പറഞ്ഞു-

ശുഭാ- പൊയി നൊക്കുക എന്നു പറഞ്ഞാറെ ഞാൻ അതു ധിക്കാരമ
ല്ലയൊ എന്ന് ചൊദിച്ചപ്പൊൾ അവൻ അല്ല അവൻ നിന്നെ
ക്ഷണിച്ചിരിക്കുന്നു എന്ന് പറഞ്ഞു ധൈര്യം ഉണ്ടാകുവാനായി യെശു
വിനെ വർണ്ണിക്കുന്നൊരു പുസ്തകവും തന്നു അതിലെ ഒരൊരു പുള്ളി
യും വിസർഗ്ഗവും ഭൂമിസ്വർഗ്ഗങ്ങളെക്കാൾ ഉറപ്പുള്ളതാകുന്നു എന്ന
ത് കെട്ട ശെഷം ഞാൻ അവന്റെ സമീപത്തെത്തിയാൽ ഞാൻ എന്തു
ചെയ്യെണം എന്ന ചൊദിച്ചതിന്നു മുട്ടുകുത്തി പിതാവ് പുത്ര
നെ എനിക്ക് വെളിപ്പെടുത്തുവാനായി പൂർണ്ണ ഹൃദയംകൊണ്ട് പ്രാ
ർത്ഥിക്കെണം എന്നവൻ പറഞ്ഞാറെ എങ്ങിനെ അപെക്ഷി
ക്കെണം എന്ന് ഞാൻ ചൊദിച്ചപ്പൊൾ അവൻ വരുന്നവർക്കെല്ലാ
വർക്കും കരുണയും ക്ഷമയും നല്കുവാനായി കാലം തൊറും ഇരിക്കു
ന്ന കൃപാസനത്തിന്മെൽ തന്നെ പാർക്കുന്നതിനെ കാണും എന്നവ
ൻ പറഞ്ഞു- അപ്പൊൾ ഞാൻ എന്തു പറയെണം എന്ന് ചൊദി
ച്ചശെഷം ദൈവമെ പാപിയാകുന്ന എനിക്ക് കരുണയുണ്ടാകെ
ണമെ- യെശുക്രിസ്തുവിനെ അറിഞ്ഞു വിശ്വസിപ്പാൻ എന്നെ
സഹായിക്കെണമെ- അവന്റെ നീതിയിങ്കൽ വിശ്വസിക്കാഞ്ഞാ
ൽ ഞാൻ നശിക്കുമല്ലൊ- ഹാ കർത്താവെ നിന്റെ പുത്രനായ
യെശുക്രിസ്തുവിനെ ലൊകരക്ഷിതാവാക്കി നിശ്ചയിച്ചു എന്നും
മഹാ പാപിയായ എനിക്കും അവനെ നല്കുവാൻ ഇഷ്ടവും കരുണയുമുള്ള
ദൈവമാകുന്നു എന്നും ഞാൻ കെട്ടിരിക്കുന്നു- ഹാ കർത്താവെ നി
ന്റെ പുത്രനായ യെശുക്രിസ്തു മൂലം എന്നെയും രക്ഷിക്കുന്നതി
നാൽ നിന്റെ കരുണയുടെയും വലിപ്പത്തെ കാട്ടെണമെ ആ
മെൻ എന്ന പ്രാർത്ഥനയെ അവൻ എന്നെ പഠിപ്പിക്കയും ചെയ്തു-

ക്രി- അവൻ പറഞ്ഞ പ്രകാരം നീ ചെയ്തുവൊ-

ശുഭാ- ചെയ്തു വെണ്ടുംവണ്ണം ചെയ്തു—

ക്രി - എന്നാൽ പിതാവ് പുത്രനെ നിനക്കു വെളിപ്പെടുത്തിയൊ-

ആശാ - ഞാനൊരു പ്രാവശ്യം അപെക്ഷിച്ചിട്ടും ആയില്ല-

ക്രി - നീ അപ്പോൾ എന്തു ചെയ്തു-

ആശാ - എന്തു ചെയ്യെണമെന്നറിഞ്ഞില്ല

ക്രി - പ്രാത്ഥന നിറുത്തുവാൻ തൊന്നിയില്ലയൊ

ആശാ - നൂറിരട്ടി അങ്ങിനെ തൊന്നി-

ക്രി - എന്നാൽ അതു ചെയ്യാഞ്ഞതു എന്തിന്നു

ആശാ - ക്രിസ്തുവിന്റെ നീതി കൂടാതെ സകല ലൊകവും എന്റെ രക്ഷ
ക്കുമതിയാകയില്ല എന്നു ഞാൻ വിശ്വസിച്ചു പ്രാത്ഥന ഉ
പെക്ഷിച്ചാൽ മരിക്കും നിശ്ചയം എന്നാൽ കൃപാസനത്തിന്റെ
കാൽക്കൽ മരിക്കട്ടെ അതുമാത്രമെ വരുവാൻ കഴിയും എന്നു വി
ചാരിച്ചു- അതു താമസിച്ചാലും അതിന്നായി കാത്തിരിക്ക
അതു വരും നിശ്ചയം അതു താമസിക്കയില്ല എന്നു വെദവാക്യവും
ഓർത്തു പിതാവ് പുത്രനെ എനിക്കു വെളിപ്പെടുത്തുവൊളവും പ്രാത്ഥി
ച്ചുകൊണ്ടിരുന്നു-

ക്രി - അവൻ നിനക്കു എങ്ങിനെ വെളിപ്പെട്ടുവന്നു-

ആശാ - മാംസദൃഷ്ടികൊണ്ടല്ല ജ്ഞാനദൃഷ്ടികൊണ്ടത്രെ ഞാൻ അവനെ
കണ്ട പ്രകാരം പറയാം - ഒരു ദിവസം എന്റെ പാപത്തിന്റെ
വലിപ്പവും വെറുപ്പും ഭയങ്കരമായി കണ്ടു ദുഃഖപരവശനായി നി
ത്യനരകവും നാശവും അല്ലാതെ എനിക്കു ഒന്നും ഉണ്ടാകയില്ല എ
ന്നു വിചാരിച്ചു നിൽക്കുമ്പോൾ കർത്താവ് സ്വർഗ്ഗത്തിൽനിന്നു നൊക്കി- നി
കർത്താവായ യെശു ക്രിസ്തുവിങ്കൽ വിശ്വസിച്ചാൽ രക്ഷിക്കപ്പെടും-
എന്നു പറഞ്ഞ പ്രകാരം എനിക്കു തൊന്നി എന്നാറെ ഞാൻ ഹാ കർത്താ
വെ ഞാൻ എത്രയും വലിയ പാപിയാകുന്നു എന്നു പറഞ്ഞതിന്നു അ
വൻ എന്റെ കൃപ നിനക്കു മതി എന്നതു കെട്ടശെഷം എന്നാൽ
കർത്താവെ വിശ്വസിക്ക എന്നുള്ളതു എന്തു എന്നു ചൊദിച്ചാറെ അവ
ൻ എന്റെ അടുക്കൽ വരുന്നവൻ ഒരുനാളും വിശക്കയില്ല എന്നി
ൽ വിശ്വസിക്കുന്നവൻ ഒരുനാളും ദാഹിക്കയുമില്ല എന്ന വചന

താൽ വിശ്വസിക്കയും വരിക എന്നുള്ളതും ഒന്നു തന്നെ പൂർണ്ണ മനസ്സുകൊ
ണ്ടു രക്ഷ കാംക്ഷിച്ച് ക്രിസ്തുവിന്റെ അടുക്കൽ വരുന്നവൻ വിശ്വസിക്ക
തന്നെ ചെയ്യുന്നു എന്ന് ബോധിച്ചു കൊള്ളേണം. ദുഃഖി ഹാ കർത്താവെ
മഹാ പാപിയായ എന്നെയും നിശ്ചയമായിട്ടു കൈക്കൊണ്ടു ര
ക്ഷിക്കുമൊ എന്ന് ചോദിച്ചതിന്നു അവൻ എന്റെ അടുക്കൽ
വരുന്നവനെ ഞാൻ ഒരു പ്രകാരത്തിലും തള്ളിക്കളകയില്ല എന്ന്
പറഞ്ഞപ്പോൾ ഹാ കർത്താവെ ഞാൻ വരുമ്പോൾ എന്റെ വിശ്വാ
സം എത്ര ക്ഷീണമായിരിക്കുന്നതിനെ എന്റെ നെരെ ചാ
രിച്ചുകൊണ്ടു ഞാൻ തള്ളുക ഇല്ല എന്നു ബോധിച്ച ശേഷം അവൻ പാപികളെ
രക്ഷിപ്പാൻ ക്രിസ്തു ലോകത്തിലെക്കു വന്നിരിക്കുന്നു- വിശ്വസിക്കു
ന്ന എല്ലാവന്റെ നീതിക്കായിട്ടു അവൻ ന്യായപ്രമാണത്തിന്റെ അ
വസാനമാകുന്നു- നമ്മുടെ പാപത്തിന്നായി അവൻ മരിച്ചു നമ്മുടെ നീ
തീകരണത്തിന്നായിട്ടു വീണ്ടും എഴുന്നീറ്റിരിക്കുന്നു- അവൻ നമ്മെ
സ്നേഹിച്ചു തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ കഴുകിക്കളഞ്ഞു
ദൈവത്തിന്റെയും നമ്മുടെയും നടുവിൽ ഒരു മദ്ധ്യസ്ഥനായി നമുക്കാ
യിട്ടു പ്രാർത്ഥിക്കേണ്ടതിന്നു നിത്യം ജീവിക്കുന്നു- എന്ന വെദവാക്യങ്ങ
ളാൽ നീതീകരണത്തിന്നു വെണ്ടി അവനെയും പാപപരിഹാരത്തിന്നാ
യി വെണ്ടി അവന്റെ രക്തത്തെയും നോക്കേണ്ടതാകുന്നു എന്ന് വിചാ
രിച്ചു അവൻ പിതാവിന്റെ കല്പന അനുസരിച്ചതും ന്യായപ്രമാ
ണത്തിന്റെ ശാപശിക്ഷകളെ സഹിച്ചതും തനിക്കായിട്ടല്ല രക്ഷ
കായിട്ടു ഉത്തരകൊണ്ടു ക്രിതഞ്ഞതെനാക്കിരിക്കുന്നവനാവെണ്ടി
തന്നൊടു ചേരുന്നു എന്ന് ഉറപ്പായി വിശ്വസിച്ചപ്പോൾ എന്റെ ഹൃദ
യത്തിൽ സന്തോഷവും കണ്ണിൽ നീരും നിറഞ്ഞു യെശുക്രിസ്തുവിന്റെ
നാമത്തെയും ജനനത്തെയും പഴിയെയും സ്തുതിപ്പാൻ തുടങ്ങു
കയും ചെയ്തു-

ശിഷ്യ- ഇപ്രകാരം ഞങ്ങൾക്കുണ്ടായ ക്രിസ്തുവിന്റെ വെളിപ്പാട് നിന്റെ അനു
ഭവത്തിൽ വ്യാപരിച്ചത് എന്ത

ഗുരു= സർവ്വലോകരുടെയും നമ്മുടെ സകല ദുഃഖങ്ങൾക്കും ഉപദെശിക്കുന്നവനായി

ശിക്ഷിക്കപ്പെട്ടിരിക്കുന്നവനെന്നും പിതാവായ ദൈവം നീതിമാനാകുന്നെ
ങ്കിലും തന്റെ അടുക്കൽ വരുന്ന പാപിയെ നീതീകരിപ്പാൻ അവന്നു
ന്യായമുണ്ടെന്നും കണ്ടു- മുമ്പെയുണ്ടായ എന്റെ ദോഷങ്ങളുടെ
ള്ളിന്മെൽ ഞാൻ ലജ്ജിച്ചു മുമ്പെ ക്രിസ്തുവിന്റെ സൌന്ദര്യത്തെ
കുറിച്ചു ഒരിക്കലും നല്ല വിചാരം ഹൃദയത്തിൽ ഇല്ലാഞ്ഞുകൊണ്ടു എന്റെ
ബുദ്ധിഹീനത നിമിത്തം ലജ്ജിച്ചു ശുദ്ധനാകിരിപ്പാനും കർത്താവായ യേ
ശുവിന്റെ മഹത്വത്തിന്നായിട്ടെന്തെങ്കിലും ചെയ്വാനും ആഗ്രഹിച്ചു- എ
ന്നെ എന്റെ ശരീരത്തിൽ ഉള്ള ശിരം മാത്രം രക്തം നിറഞ്ഞാലും കർത്താ
വായ യേശു നിമിത്തം സകലവും ഒഴിച്ചുകളവാൻ തോന്നി കാര്യം
ചെയ്തു-

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ- ആശാമയൻ തിരിഞ്ഞു
അവർ മുമ്പെ വിട്ടിരുന്ന അജ്ഞാനിയെ കണ്ടു ക്രിസ്തിയനോടു ഉണ്ണി പിന്നാലെ വരു
ന്ന പ്രകാരം കണ്ടുവൊ-

ക്രിസ്തി- കണ്ടു നമ്മോടു കൂടെ പോരുവാൻ അവന്നു ഒരു താല്പൎയ്യവും ഇല്ലെന്നു
തോന്നുന്നു-

ആശാ- അവൻ ഇതുവരെയും നമ്മോടു കൂടെ നടന്നു എങ്കിൽ അവന്നു ചേദം
വരികയില്ലയായിരുന്നു പോൽ-

ക്രിസ്തി- സത്യം എങ്കിലും അവന്റെ വിചാരം വേറെ-

ആശാ- അങ്ങിനെ ഉണ്ടായിരിക്കും നാം അവനായി കൊണ്ടു അല്പം നില്ക്ക എന്നു
പറഞ്ഞാറെ അവർ താമസിച്ചു നിന്നു-

അവൻ എത്തിയാറെ ക്രിസ്തിയൻ അല്ലയൊ സഹോദര എന്തു വഴി ഇത്ര വൈകി
യതു എന്നു-

അജ്ഞാനി- എനിക്ക് ഒരു കൂട്ടുകാരുമായി നടക്കുന്നതിനെക്കാൾ തനിയെ നടക്കുന്നത് ഏറെ
നല്ലതു-

അപ്പോൾ ക്രിസ്തിയൻ നമ്മോടു കൂടെ പോരുവാൻ അവന്നു ഒട്ടും താല്പൎയ്യവും ഇ
ല്ല എന്നു ഞാൻ പറഞ്ഞുവല്ലൊ എങ്കിലും ഈ വനത്തിൽ നേരം പോക്കേണ്ടതിന്നു
സംസാരിക്കുന്നതു നല്ലതാകുന്നു എന്നു പതുക്കെ ആശാമയനോടു പറഞ്ഞു പി
ന്നെ അജ്ഞാനിയെ നോക്കി അല്ലയൊ സഹോദര ദൈവവും നിന്നെക്കും തമ്മിൽ എങ്ങി

നൊ എന്ന ചൊദിച്ചു-

അജ്ഞാ- നല്ലതന്നെ എന്റെ മനസ്സിൽ വിടാതെ ഉണ്ടാകുന്ന നല്ല ചിന്തകൾ
സഞ്ചാരത്തിൽ ആശ്വാസം എത്തിച്ചുവരുന്നു-

ക്രിസ്തി- ആ നല്ല ചിന്തകൾ ഞങ്ങൾക്കും അറിയാമൊ-

അജ്ഞാ- ഞാൻ ദൈവത്തെയും സ്വർഗ്ഗത്തെയും വിചാരിച്ചുകൊണ്ടിരിക്കുന്നു-

ക്രിസ്തി- അതു പിശാചുകളും നരകവാസികളും ചെയ്യാമല്ലൊ-

അജ്ഞാ- ഞാൻ അവ വിചാരിച്ചു ആഗ്രഹിക്കയും ചെയ്യുന്നു-

ക്രിസ്തി- ഒരു നാൾ എങ്കിലും അവിടെ എത്താത്ത പലരും അങ്ങിനെ തന്നെ ചെയ്യു
ന്നു- മടിയന്റെ ആത്മാവ ആഗ്രഹിച്ചിട്ടും ഒന്നും കിട്ടുന്നില്ല (സദൃ ൧൩)

അജ്ഞാ- ഞാനൊ അവ വിചാരിച്ചിട്ട എനിക്കുള്ളത സകലവും വിട്ടിരിക്കുന്നു-

ക്രിസ്തി- അതിൽ എനിക്ക സംശയമുണ്ട സകലവും വിടുവാൻ മഹാ പ്രയാസമാ
കകൊണ്ട വിലർ മാത്രം അങ്ങിനെ ചെയ്വാൻ മനസ്സവരും- ദൈവം:
നിമിത്തമായി സകലവും വിട്ടുവൊ എന്ന നിങ്ങൾ എങ്ങിനെ അറി
യാം-

അജ്ഞാ- എന്റെ ഹൃദയത്തിൽ അങ്ങിനെ തൊന്നുന്നു

ക്രിസ്തി- തന്റെ ഹൃദയത്തിൽ വിശ്വസിക്കുന്ന മനുഷ്യൻ മൂഢൻ എന്ന ജ്ഞാ
നമുള്ളവൻ പറഞ്ഞുവല്ലൊ-

അജ്ഞാ- അതു ദൊഷമുള്ള ഹൃദയത്തെ കുറിച്ചു പറഞ്ഞതാകുന്നു എങ്കിലും
എന്റെ ഹൃദയം നല്ലതാകുന്നു-

ക്രിസ്തി- അതിനെ എങ്ങിനെ നിശ്ചയിച്ചു-

അജ്ഞാ- അതു സ്വർഗ്ഗത്തിന്റെ ആശ കൊണ്ട എന്നെ സന്തൊഷിപ്പിക്കുന്നു-

ക്രിസ്തി- അതിലെ വഞ്ചന കൊണ്ടു അങ്ങിനെ ആകുന്നു എങ്കിലൊ ഹൃദയം അ
സ്ഥില്ലാത്ത ആശകളെ തൊന്നിച്ചു മനുഷ്യന്ന സന്തൊഷം വരുത്തുകയി
ല്ലയൊ-

അജ്ഞാ- എന്റെ ഹൃദയവും നടപ്പും ഒത്തു വരുന്നത കൊണ്ട എന്റെ ആശ
ന്യായമുള്ളതാകുന്നു-

ക്രിസ്തി- നിന്റെ ഹൃദയവും നടപ്പും ഒത്തതാകുന്നു എന്ന നിന്നോട പറ
ഞ്ഞതാര്

അജ്ഞാ- എന്റെ ഹൃദയം തന്നെ-

ക്രിസ്തി- തന്റെ ഹൃദയം തന്നെയൊ- ഈ കാൎയ്യത്തിൽ ദൈവവചനമല്ലാതെ
ഒരു സാക്ഷിയും ഇല്ല എന്ന് ഞാൻ പറഞ്ഞതു നീ വിശ്വസിക്കാഞ്ഞാ
ൽ എന്റെ കൂട്ടാളിയൊട് ചൊദിക്ക

അജ്ഞാ- നല്ല ചിന്തകളുള്ള ഹൃദയവും ദൈവകല്പന പൊലെയുള്ള നടപ്പും നല്ലത
ല്ലയൊ-

ക്രിസ്തി- ഉണ്ടെങ്കിലും അങ്ങിനെ ഇരിക്കുന്നതിനും അങ്ങിനെ വിചാരിക്കുമാ
ത്രം ചെയ്യുന്നതിനും തമ്മിൽ വ്യത്യാസമുണ്ടല്ലൊ-

അജ്ഞാ- എന്നാൽ നല്ല ചിന്തയും ദൈവകല്പന പൊലെ ഉള്ള നടപ്പും എങ്ങി
നെ-

ക്രിസ്തി- നമ്മെയും ദൈവത്തെയും ക്രിസ്തുവിനെയും മറ്റും ഏറിയ വിഷയങ്ങ
ളെ കുറിച്ചും നല്ല ചിന്തകൾ ഉണ്ടായിരിക്കും-

അജ്ഞാ- നമ്മെ കുറിച്ചു എങ്ങിനെയുള്ള ചിന്തകൾ നല്ലവയാകുന്നു-

ക്രിസ്തി- ദൈവവചനപ്രകാരമുള്ള ചിന്തകൾ തന്നെ

അജ്ഞാ- നമ്മെ കുറിച്ചുള്ള ചിന്തകൾ ദൈവവചനപ്രകാരമാകുന്നത് എങ്ങി
നെ-

ക്രിസ്തി- നീതിമാൻ ആരുമില്ല ഒരുത്തൻ പൊലുമില്ല ഗുണം ചെയ്യുന്നവൻ ആരു
മില്ല ഒരുത്തൻ പൊലുമില്ല (റൊമ) മനുഷ്യന്റെ ദുഷ്ടത വലിയതും
അവന്റെ ഹൃദയത്തിലെ വിചാരങ്ങടെ ഭാവം ഒക്കയും എല്ലായ്പൊഴും
ദൊഷമുള്ളതുമാകുന്നു എന്നുള്ള ദൈവവചനപ്രകാരം നമ്മെ തന്നെ
വിചാരിച്ചാൽ നമ്മുടെ ചിന്തകൾ ദൈവവചനപ്രകാരവും നല്ലതുമാകു
ന്നു—

അജ്ഞാ- എന്റെ ഹൃദയം ഇത്ര ദൊഷമുള്ളതാകുന്നു എന്ന് ഞാൻ ഒരു നാളും
സമ്മതിക്കില്ല-

ക്രിസ്തി- അതുകൊണ്ടു തന്നെ നിനക്ക് ഒരു നാൾ എങ്കിലും നിന്നെ കുറിച്ചു നല്ല ചി
ന്തകൾ ഉണ്ടായിട്ടില്ല എങ്കിലും ദൈവവചനം നമ്മുടെ ഹൃദയങ്ങളുടെ ന്യായം
വിധിക്കുന്നപ്രകാരം നടപ്പുകളും വിധിക്കുന്നു ആകയാൽ നാം നമ്മുടെ ഹൃ
ദയങ്ങളെയും നടപ്പുകളെയും ആ വിധിപ്രകാരം വിചാരിച്ചാൽ ചിന്ത

കൾനല്ലതാകുന്നു-

ബൌദ്ധൊ- അതെങ്ങിനെ

ക്രിസ്തി- മനുഷ്യന്റെ വഴിനന്നല്ലാതവും വിപരീതവും കുറവുമുള്ളതാകുന്നു അവർ വഴിഅറിയാതെ തെറ്റിനടക്കുന്നു എന്ന് ദൈവവചനം പറയുന്നപ്രകാരം തന്റെ നടപ്പിനെ മനൊവിനയത്തൊടെ വിചാരിക്കുന്ന മനുഷ്യന്നു ദൈവവിഷയങ്ങളെ ചൊല്ലി നല്ലതുമായ ചിന്തകൾ ഉണ്ടു-

ബൌദ്ധൊ- എന്നാൽ ദൈവത്തെക്കുറിച്ചുള്ള നല്ലചിന്തകൾ എങ്ങിനെ-

ക്രിസ്തി- പരിശുദ്ധവചനം അവനെയും അവന്റെ സ്വഭാവങ്ങളെയും വർണ്ണിക്കുന്നപ്രകാരം അവനെ വിചാരിക്കുന്നവന്നു ദൈവത്തെക്കുറിച്ചു നല്ലചിന്തകൾ ഉണ്ടു ഇത് ഇപ്പൊൾ വിസ്താരമാക്കി പറവാൻ നെരമില്ല എങ്കിലും നാം നമ്മെ തന്നെ അറിയുന്നതിനെക്കാൾ അവൻ നമ്മെ അറിയുന്നു- നാം നമ്മിൽ പാപം കാണുന്നില്ല എങ്കിലും അവൻ കാണുന്നു നമ്മുടെ അശുദ്ധവിചാരങ്ങൾ എല്ലാം ഹൃദയങ്ങളുടെ അഗാധവും അവന്റെ മുമ്പാകെ മറവുകൂടാതെ അറിക്കുന്നു നമ്മുടെ നീതി എല്ലാം ഒരു ദുർഗ്ഗന്ധം പൊലെ ആകകൊണ്ടു നമ്മുടെ ഗുണങ്ങളിൽ ആശ്രയിച്ചാൽ അവന്നു നമ്മെ കണ്ടുകൂടാ എന്ന് വിചാരിക്കുന്നെങ്കിൽ നമുക്കു നല്ലചിന്തകൾ ഉണ്ടു-

ബൌദ്ധൊ- എന്നെക്കാൾ ദൈവം അധികം കാണുന്നില്ല എന്ന് വിചാരിക്കയും എന്റെ സൽഗുണങ്ങളിൽ ആശ്രയിച്ചിട്ടു അവന്റെ അടുക്കൽ ചെല്ലുവാൻ നൊക്കുകയും ചെയ്യുന്ന മൂഢൻ ഞാൻ ആകുന്നു എന്നു നീ വിചാരിക്കുന്നുവൊ-

ക്രിസ്തി- എന്നാൽ ഈ കാൎയ്യത്തിൽ നിന്റെ മതം എന്തു-

ബൌദ്ധൊ- ചുരുക്കമായി പറയാം നീതീകരണത്തിന്നായി ക്രിസ്തുവിൽ വിശ്വസിക്കെണം-

ക്രിസ്തി- ഒരു മത്താലും കൎമ്മത്താലും നിനക്കു ഉണ്ടാകുന്ന കുറവുകളെ കാണാതെ ഇരിക്കുന്ന നിന്നെയും ക്രിയകളെയും പ്രശംസിച്ചുകൊണ്ടിരിക്കുമ്പൊൾ ക്രിസ്തുവിൽ വിശ്വസിക്കെണം എന്ന് നീ പറഞ്ഞതെന്തു അവന്റെ നീതികൊണ്ടു നിനക്കു ആവശ്യം എന്തൊന്നും ഇല്ലല്ലൊ-

നിഞ്ചൊ- ആകട്ടെ ഞാൻ വെണ്ടുംവണ്ണം വിശ്വസിക്കുന്നു താനും

ക്രിസ്തി- നീ എങ്ങിനെ വിശ്വസിക്കുന്നു

നിഞ്ചൊ- പാപികൾക്കു വെണ്ടി മരിച്ച ക്രിസ്തുവിന്റെ കല്പന പ്രമാണിച്ചു അനു
സരണം കാണിക്കയാൽ അവൻ പ്രസാദിച്ചു എന്നെ ദൈവംമു
ബാകൊശാപത്തിൽനിന്നു രക്ഷിക്കും എന്ന് എന്റെ പക്ഷം എ
ന്നിക്കു ക്രിസ്തുവിന്റെ അനുസരണത്താൽ എന്റെ സെവാകൎമ്മ
ങ്ങളെ പിതാവിന്നു ഗ്രാഹ്യമാക്കുന്നതിനാൽ ഞാൻ നീതിമാനാകും
എന്ന് വിശ്വസിക്കുന്നു-

ക്രിസ്തി- നിന്റെ വിശ്വാസത്തെ കുറിച്ചു എനിക്കു ചില വാക്കു പറവാൻ
ഉണ്ടു-

൧., അത് ദൈവവചനപ്രകാരമല്ലായ്കകൊണ്ടു മിത്ഥ്യമതിഭ്രമമു
ള്ളതാകുന്നു-

൨., ക്രിസ്തുവിന്റെ നീതി നിന്റെ നീതിയൊടു ചെൎപ്പാൻ നൊക്കുന്ന
തു കൊണ്ടു നിന്റെ വിശ്വാസം കാവടം കലൎന്നിരിക്കുന്നു-

൩., ക്രിസ്തു നിന്റെ പ്രവൃത്തികളെക്കും പ്രവൃത്തിക്കാരൻ നിന്നെക്കും നീതീക
രിക്കും എന്നു നീ വിചാരിക്കകൊണ്ടു നിന്റെ വിശ്വാസം വ്യാജം തന്നെ-

൪., നിന്റെ വിശ്വാസം നിന്നെ വഞ്ചിച്ചു സൎവ്വശക്തനായ ദൈവത്തി
ന്റെ ദൎശിക്കൽ കൊപത്തെ വരുത്തുകയും ചെയ്യും- സത്യവും നീതീക
രണവും ഉള്ള വിശ്വാസം ന്യായപ്രമാണത്താൽ വരുന്ന ശാപത്തെ
ഉണൎത്തി ആത്മാവിന്നു ക്രിസ്തുവിന്റെ നീതി ഒരു സങ്കെതസ്ഥലമാക്ക
വാൻ തൊന്നിക്കും- ഈ നീതി ആകട്ടെ നിന്റെ അനുസരണത്തിൽ
ദൈവപ്രസാദം വരുത്തുന്ന കൃപാവിലാസമല്ല അവൻ നമുക്കാകി
ട്ടു ന്യായപ്രമാണത്തെ നിവൃത്തിച്ചും അതിൽ വിധിച്ചിട്ടുള്ള ശിക്ഷ
കളെ സഹിച്ചും കൊണ്ടു നീ കാണുന്ന അനുസരണത്തെ കാട്ടിയതത്രെ
ആകുന്നു- ആകയാൽ നീ സത്യവിശ്വാസിയെ കൊണ്ടു ദൈവത്തിന്റെ
വൊലെ ഉടുപ്പു വരുന്നതിനാൽ ദൈവമുമ്പാകെ കുറവും
ശിക്ഷയും വരാതെ ഒഴിവുള്ളവനാകയും ചെയ്യും-

നിഞ്ചൊ- ക്രിസ്തു സഹകാൎയ്യമായി ചെയ്ത ക്രിയകളിൽ ആശ്രയിക്കേണമൊ-

എന്നാൽ ഞാൻ ഹൃദയത്തിലെ മൊഹങ്ങളിൻ പ്രകാരം നടന്നു ഇഷ്ടം
പൊലെ പാപം ചെയ്യുന്നതിന്നു ഉത്തരിയൊടും ക്രിസ്തുവിൽ വിശ്വസി
ച്ചാൽ കുററവും ശിക്ഷാവിധിയുമില്ലല്ലൊ-

ക്രിസ്തി- നിന്റെ നാമവും പൊലെ ബുദ്ധിക്കുമിതിക്കുന്നു- നീതീകരിക്കുന്ന നീതി
ലെക്കും അതിൽ വിശ്വസിച്ചു നിന്റെ ആത്മാവിന്നു ദൈവ
കൊപത്തിൽനിന്നു രക്ഷ പ്രാപിക്കുന്ന ക്രമത്തെയും നീ ധരിക്കുന്നില്ല-
ക്രിസ്തുവിന്റെ നീതിയിങ്കലെ രക്ഷാപ്രദമായ വിശ്വാസം ഹൃദയത്തെ
ക്രിസ്തുവിനാൽ ദൈവമുഖാന്തരം തിരിച്ചുമടക്കുമാറാക്കി അവന്റെ
നാമം വചനം വഴികളെ നന്നുകൾ എന്നിവ സ്നെഹിപ്പാൻ സംഗതി വരുത്തു
ന്നു- എന്നു നീ ബൊധിക്കുന്നില്ല- അജ്ഞാനി അജ്ഞാധൻ എന്നത
ന്നു നിന്റെ പെർ-

ആശാമ- ക്രിസ്തു തനിക്കു സ്വർഗ്ഗത്തിൽനിന്നു വെളിവാക്കി വന്നുവൊ എന്നു അ
വനൊട്ട ചൊദിക്ക-

അജ്ഞാ- അല്ലകൊ ദുർനടക്കാരനായും നിന്റെ മതക്കാരെല്ലാവരും ആകാ
ശ്ചം കൊണ്ടു പറയുന്നതൊക്കെ ലവർ ബുദ്ധിക്കുടെ ഫലം തന്നെ എന്നു എ
ന്റെ പക്ഷം-

ആശാമ- എന്തിന്നു ജഡബൊധത്തിൽനിന്നു മറഞ്ഞിരിക്കുന്ന ക്രിസ്തുവിനെ
പിതാവ് വെളിപ്പെടുത്തുന്നില്ലെങ്കിൽ ഒരു മനുഷ്യനും അവനെ അറി
ഞ്ഞുകൂടാ-

അജ്ഞാ- അതു നിങ്ങളുടെ വിശ്വാസം എന്റെതല്ല എങ്കിലും എനിക്ക് അത്രെ
വരും തൊന്നൽ ഇല്ലെങ്കിലും നിങ്ങൾക്കുള്ളതു പൊലെ നല്ല വിശ്വാസം
ഉണ്ടു—

ക്രിസ്തി- ഞാൻ ഇനിക്കു ഒന്നുമാത്രം പറയട്ടെ- ഈ കാൎയ്യത്തെ കുറിച്ചു നീ പറഞ്ഞ
വാക്ക ഒട്ടും നന്നല്ല- പിതാവ് തന്റെ പുത്രനായ യെശു ക്രിസ്തുവിനെ
വെളിപ്പെടുത്താഞ്ഞാൽ ഒരു മനുഷ്യനും അവനെ അറിവാൻ കഴികയി
ല്ല- എന്നു എന്റെ കൂട്ടാളി പറഞ്ഞതു ഞാനും ധൈൎയ്യമായി സമ്മതിക്കു
ന്നു- പ്രകാരം ക്രിസ്തുവിനെ മുറുകപ്പിടിക്കുന്ന വിശ്വാസം ദൈവശക്തി
യുടെ മഹത്വമുള്ള ക്രിയ തന്നെ ... എങ്കിലും നിൎഭാഗ്യനായ ...

ബ്ബോധനെ അവിശ്വാസത്തിന്റെ വ്യാപാരശക്തിയെ തിരിക്കുന്നി
ല്ലല്ലൊ- ഹാ ഇതിനെന്തിന്റെ പാപംഎത്രതന്നെ വിചാരിച്ചു കാൎയ്യാപേക്ഷി
ച്ചാൽ അവന്റെ അടുക്കൽ ഒന്നു ചെല്ലുക- അപ്പൊൾ അവൻ തന്റെ ദിവ്യ
സ്തുതിയെ ചൊല്ലിനിന്നൊരി ക്ഷമാവിധിയിൽനിന്ന രക്ഷിക്കയും ചെയ്യും-

ആശാ- നിശ്ചയം ബഹുസ്വാദു കാരണം കൊണ്ടു എനിക്ക ഒരുമിച്ചു നടപ്പാൻ കഴിക
യില്ല ഞാൻ വഴിയെ വരാം-

അപ്പൊൾ അവൻ- തന്നെത്താൻ അറിയാഞ്ഞാൽ
പിന്നെത്താൻ അറിഞ്ഞുകൊള്ളും
കുട്ടിത്തൊടെണ്ടിയാൾ
ഇഷ്ടം വിരെതൊട്ടുപൊരുളും
നെമമായി ചെവിക്കൊള്ളാ-
കെമമാക്കുന്നു കാരണം- എന്നു പാടുകയും ചെയ്തു

അനന്തരം ക്രിസ്ത്യാൻ തന്റെ കൂട്ടാളിയൊടു അല്ലയൊ ആശാ മകനെ നാം
പിന്നെയും തനിയെ നടക്കേണ്ടിവന്നുവല്ലൊ എങ്കിലും ഈ മനുഷ്യനെക്കുറിച്ചു
എനിക്കു വ്യസനം ഉണ്ടു ഒടുവിൽ അവൻ നശിച്ചുപൊകും-

ആശാ- ഇവകൾ എന്റെ നാട്ടിലും വളരെ ഉണ്ടു വീടുകളും ഭവനങ്ങളും നി
റഞ്ഞിരിക്കുന്നകൂട്ടം- പിന്നെ ഇവൻ തെരുവായിൽ എത്രയൊ
പിക്കും ഉണ്ടാകും-

ക്രിസ്ത്യാ- അവർ കാണാതിരിക്കെണ്ടതിന്നു അവൻ അവരുടെ കണ്ണുകളെ കുരുടാ
ക്കി എന്നവചനം ഞാൻ ഓൎക്കുന്നു- അവൎക്കു ചിലപ്പൊൾ പാപബോധ
വും ഭയവും ഉണ്ടു എന്നു നിനക്കു തൊന്നുന്നുവൊ-

ആശാ- നീ എന്നെക്കാൾ പ്രായം ചെന്നവനാക കൊണ്ടു എനിക്കുള്ളതിനെക്കാൾ നിന്നെ
കുറിച്ചു നിന്നിൽ നിന്നു കേൾപ്പാൻ ആവശ്യം-

ക്രിസ്ത്യാ- ചിലപ്പൊൾ അങ്ങിനെ ഉണ്ടു എങ്കിലും അവർ ബുദ്ധിയില്ലാത്തവരാക
കൊണ്ടു പാപബോധവും ഭയവും തങ്ങളുടെ നന്മക്കായിട്ടാകുന്നു എന്നറി
യാതെ അവയെ അമൎത്തി തനിച്ചു വഴിക്കിൽ മദിച്ചു പുകഴ്ച്ചു കൊ
ണ്ടിരിക്കുന്നു എന്ന് എനിക്കു തൊന്നുന്നു-

ആശാ- ഭയം തന്നെ മനുഷ്യരുടെ നന്മക്കായിട്ടും സഞ്ചാരആരംഭത്തിന്

അവരെ നേരെയാക്കി വെക്കുന്നത് എന്നും പറഞ്ഞ പ്രകാരം എനിക്കും
തോന്നുന്നു-

ക്രിസ്തി- സാരമുള്ള ഭയം അങ്ങിനെ ചെയ്യും സംശയമില്ല- കർത്താവിന്റെ ഭ
യം ജ്ഞാനത്തിന്റെ ആരംഭം എന്ന വചനമുണ്ടല്ലൊ-

ആശ- സാരമുള്ള ഭയത്തെ നീ എങ്ങിനെ വിവരിക്കും-

ക്രിസ്തി- സാരമുള്ള ഭയം മൂന്നു വിധം- അത്-

൧., രക്ഷാപ്രദമായ പാപബോധത്താൽ വരുന്നു-

൨., ആത്മ ഹൃദയം രക്ഷക്കായിട്ടു ക്രിസ്തുവിനെ മുറുകപ്പിടിക്കുമാറാക്കു
ന്നു-

൩., ആത്മ ദൈവത്തെ ശങ്കിച്ചു അവന്റെ വചനവഴികളിൽ അങ്ങുമാറാ
ക്കുന്നത് അല്ലാതെ നാം ഇടത്തോട്ടും വലത്തോട്ടും മാറി ദൈവത്തെ അ
വമാനിച്ചു സമാധാനം കെട്ടു ആത്മാവിനെ ദുഃഖിപ്പിച്ചു ശത്രുവിന്നു
ദൂഷ്യത്തിന്നു അവസരം കൊടുത്തു ആവൊ കാതിരിക്കേണ്ടതിന്നു
ഇത്ര സമ്പ്രേക്ഷയെ ജ്വലിപ്പിക്കുന്നു-

ആശ- നല്ലതു നീ പറഞ്ഞത് സത്യം തന്നെ- നാം ഇന്ദ്രവിചാരനിലം കട
ന്നൊഴിഞ്ഞില്ലെ-

ക്രിസ്തി- എന്തിന്നു ഈ സംഭാഷണം അലസലായൊ-

ആശ- എന്നിട്ടല്ല നാം എവിടെ എത്തി എന്നറിവാൻ വേണ്ടി ഞാൻ ചോദിച്ചു-

ക്രിസ്തി- ഇനി രണ്ടു നാഴിക മാത്രമെയുള്ളു എങ്കിലും നാം സംസാരിച്ചുകൊണ്ടിരി
ക്ക- ഭയപ്രദമായ പാപബോധം നമ്മെ രക്ഷക്കായിട്ടാക്കുന്നു എന്നിരിക്കെ ബോധമി
ൽ അറിയായ്ക കൊണ്ടു അവർ അതിനെ അമുക്കി മുടക്കുന്നു എന്നു നാം പ
റഞ്ഞുവല്ലൊ-

ആശ- അവർ അതിനെ എങ്ങിനെ മുടക്കുന്നു-

ക്രിസ്തി- ൧- ദൈവകൃതമാകുന്ന ഈ ഭയം പിശാചിന്റെ ക്രിയ ആകുന്നു എന്ന്
അവർ വിചാരിച്ചു നഷ്ടം വരുത്തുന്ന കാര്യം പോലെ വിരോധിക്കുന്നു-

൨., ഈ ഭയം വിശ്വാസത്തെ ഇടിച്ചു കളയും എന്ന് അവർ വിചാരിച്ചു ഹൃദ
യം കഠിനമാക്കുന്നു വിശ്വാസം അവർക്കേട്ടും ഇല്ലതാനും-

൩., ഭയം തങ്ങൾക്കല്ല എന്ന് വിചാരിച്ചു മടിച്ചു കള്ള സമാധാനത്തിൽ

ശുശ്രൂഷിക്കയും ചെയ്യുന്നു-

൫. അവർ വന്നു ശീലിച്ചുകൊണ്ടിരുന്ന വ്യാജമായ പുണ്യത്തെയും സ്വാസ്ഥ്യ
ജ്ഞെയെയും ഈ ഭയം നീക്കും എന്ന കണ്ടു അതിനെ കളയുന്നെടത്തൊ
ളം വിരോധിക്കുന്നു-

ആശാ- ഇതിൽ എനിക്കു അവരിലെ ഭയമുണ്ടു ഞാൻ എന്നെ തന്നെ അറിയുന്നതി
ൽ മുമ്പെ അങ്ങിനെ തന്നെ ചെയ്തു-

ക്രിസ്തി- നാം പഴയ തൊഴിൽ നായകന്മാരുടെ ഗുണങ്ങളെപ്പൊൾ വിട്ടു ഉപകാരത്തി
ന്നായി മറ്റും വല്ലതും സംസാരിക്ക-

ആശാ- നല്ലതു നീ തുടങ്ങുക-

ക്രിസ്തി- നീ പത്തു സംവത്സരം മുമ്പെ നമ്മുടെ രാജ്യത്തിൽ പാർക്കും ഭക്തിവെഷം
ധരിക്കുകയും ചെയ്ത കാലൊന്നസാരിയെ അറിയുമൊ-

ആശാ- അറിയും അവൻ നെരസ്യ നഗരത്തിൽനിന്ന രണ്ടു നാഴികദൂരമായി
രിക്കുന്ന അകരുണനാട്ടിൽ വസിച്ചു വിന്തിരിപ്പൻ എന്റെ സമീപത്ത
ന്നെ പാർത്തു-

ക്രിസ്തി- അതെ അവരിരുവരും ഒരു പറമ്പിൽ തന്നെ പാർത്തു- ആ മനുഷ്യൻ ഒരിക്ക
ൽ നല്ലവണ്ണം ഉണർന്നു പാപത്തെയും അതിന്നു വരുന്ന ക്രൂരമിഷെയും വിചാ
രിച്ചു ഭയപ്പെട്ടു എന്ന് എനിക്ക തൊന്നുന്നു-

ആശാ- അതിന്ന സംശയമില്ല അവൻ എന്റെ ഭവനത്തിൽനിന്നു മൂന്നു
നാഴികദൂരമെ പാർക്കകൊണ്ടു പലപ്പൊഴും എന്റെ അടുക്കൽ വന്നു ക
ണ്ണീരും ഒഴുക്കിയതിനാൽ എനിക്ക അവനിൽ [illegible] മമത ഉണ്ടായിരു
ന്നു എങ്കിലും കർത്താവെ കർത്താവെ എന്നു നിലവിളിക്കുന്നവൻ എല്ലാം സ്വർഗ്ഗ
രാജ്യത്തിലെക്ക പ്രവെശിക്കയില്ല എന്ന വാക്ക എത്രയും സത്യം-

ക്രിസ്തി- ഞാനും യാത്രയാകും എന്ന അവൻ ഒരു സമയം എന്നൊടു പറഞ്ഞു എ
ങ്കിലും കുറെ കാലം കഴിഞ്ഞ ശെഷം സ്വരക്ഷകൻ എന്നൊരുത്തനൊട്ടു
ചെൻ എനിക്ക അന്യനായിതിൽ-

ആശാ- ആ വകക്കാർ ഇത്ര വെഗം പിൻവാങ്ങിപ്പൊകുന്നതിന്ന എന്തു സം
ഗതി--

ക്രിസ്തി- ഇതുകൊണ്ടു എന്റെ പക്ഷം എന്തെ-

ആശാ - അതിന്നാലുകാരണങ്ങളുണ്ടു-

൧. അവൎക്കപാപബൊധ്യം ഉണ്ടാകയില്ലെങ്കിലും മാനസാന്തരമില്ലായ്കകൊ
ണ്ടുഭക്തികൊണ്ടിട്ടുഉണ്ടാകുന്നഗുണങ്ങളുടെവഴിയിലും മരണശെഷം
അവൎമുമ്പെത്തമക്കാരങ്ങളെപിന്നെയുംആചരിപ്പാൻതുനികയും-ഒ
രുനാളുംമനസ്സിലുള്ളവിഭ്രമത്തിന്നുതിനെചൊൎദ്ദിക്കുംഎങ്കി
ലുംഅവൻചൊൎദ്ദിച്ചതിനെവെറുക്കായ്കകൊണ്ടുവെദനമാറികശെ
ഷംഉടനെതിരിഞ്ഞുസകലവുംഅങ്ങാമുതൽനീതിനിയമങ്ങളെയുംനാശി
തന്റെചൊൎദ്ദിക്കലെക്കതിരിക്കുന്നവരെഎഴുതിഇരിക്കുന്നവല്ലൊ-അ
പ്രകാരംആമനുഷ്യൻനരകവെദനയുടെഒൎമ്മനിമിത്തംമാത്രംസ്വ
ൎഗ്ഗത്തെആഗ്രഹിക്കകൊണ്ടുനരകഭയംതീരകയുംആളുകളിൽസ്വൎഗ്ഗക
ൾആശയുംരക്ഷയിങ്കലെതാല്പൎയ്യവുംകുറയിച്ചുപൊകും-ഇങ്ങിനെ
കുറഞ്ഞാൽഉണ്ടായഭയവുംനിത്യജീവമഹത്വങ്ങളുടെആശയുംന
ശിച്ചശെഷംഅവൎഉടനെമറിക്കുകയും-

൨. മനുഷ്യനെകുറിച്ചുള്ളഭയംകുടുക്കിനെവരുത്തുന്നു(സുഭ-൨൯.൨൫)
എന്നവാക്കിൽകാണുന്നപ്രകാരംഅവൎക്കുഇടമല്ലെട്ടുതന്നമാ
നുഷഭയമുണ്ടാകകൊണ്ടുനരകജ്വാലകൾചെവിക്കുപുറവുംചെവി
ച്ചിരുന്നെങ്കിൽസ്വൎഗ്ഗത്തിലെതാല്പൎയ്യംനിജമനസ്സുഭെദിച്ചുഇരി
ക്കുംഅല്പംതാമസിക്കാതെബദ്ധപ്പാടൊന്നുംവെണ്ടസകലവുംഉപെ
ക്ഷിച്ചുകഷ്ടങ്ങളെസഹിപ്പാൻഎന്നുള്ളവൃത്താന്തംഎന്നെവിചാരിച്ചുപി
ന്നെയുംലൊകത്തൊടുചെരുന്നു-

൩. അടുത്തിരിക്കുന്നിന്ദകുംഅവൎക്കുള്ളൽഅടച്ചു-ഡംഭികളുംതന്നിഷ്ടക്കാ
രുമായഅവൎക്കുഭക്തിഎത്രെയുംനിരസവുംനിന്ദ്യവുമാകകൊണ്ടുനരക
ഭയവുംവരുവാനുള്ളകൊപത്തിന്റെഒൎമ്മയുംവിട്ടശെഷംഅവൎമു
മ്പെത്തവെറുപ്പിലെക്കമടങ്ങിചെല്ലും-

൪. കുറഞ്ഞിട്ടുംഭയത്തിന്റെഒൎമ്മയുംഅവൎക്കസഹ്യമാകകൊണ്ടും
നാശംവരുന്നതിന്നുമുമ്പെഞങ്ങൾവിചാരിക്കെണ്ടതിന്നുമനസ്സില്ലായ്കകൊ
ണ്ടുംനിത്യമാൻധാവനംചെയ്തുരക്ഷപ്രാപിക്കുന്നവരെഅതിലെത്ത
ഒട്ടുചെല്ലുവാൻസംഗതിവരാതെദൈവകൊപവുംഭയങ്കരങ്ങളും

മറ്റൊരു ശേഷം അവർ ഹൃദയം കഠിനമായിട്ടുള്ള വഴിയിൽ കൂടി തന്നെ നടക്കും—

ഗുരു — ഇപ്രകാരത്തിലെ കാരുണ്യം കിട്ടാതെ വരുന്നതു മനുഷ്യനെ ഉപേക്ഷിക്കുന്നതും മാറാം വരാത്തതും അവരിൽ ഉള്ള കാരണം — ന്യായവിധിയുടെ മുമ്പാകെ നില്ക്കുന്ന കുറ്റങ്ങൾ ഉണ്ടാക്കുന്നതു പാപം ചെയ്യുന്നവരെ തന്നെ ആകുന്നു അവന്റെ മനസ്സു മടിച്ചു കാര്യങ്ങളും ദോഷവും ചെയ്തു കൊണ്ടു ഇരിക്കുന്നതു കൊണ്ടു തന്നെ ദോഷങ്ങളെ ഇടവിടാതെ പ്രവൃത്തികളെ തന്നെ ചെയ്യുന്ന പ്രകാരം മനുഷ്യരും ചെയ്തിരിക്കുന്നു—

ശിഷ്യൻ — അവരുടെ ഉപേക്ഷയിൻ വീഴ്ചയുടെ കാരണങ്ങളെ കുറെ നിങ്ങൾ പറഞ്ഞുവല്ലോ എങ്കിലും അതിന്റെ ക്രമങ്ങളെ അറിയിക്കേണ്ടതു ആവശ്യമായിരിക്കുന്നു—

ഗുരു — പറയാമല്ലോ—

൧. ദൈവം മരണം ന്യായവിധി എന്നിവരെ കുറിച്ചുള്ള വിചാരം മിക്കത്രം വിടുന്നു

൨. അവർ ക്രമത്താലെ പ്രാർത്ഥനകളും കൂദാശകളും ഉപദേശവും വായനയും ഇവറ്റിലുള്ള സന്തോഷവും ഉപേക്ഷിക്കുന്നു—

൩. അവർ ഭക്തിയുള്ളവരോട സംസർഗ്ഗത്തെ ഒഴിക്കുന്നു—

൪. അവർ ദൈവവചനം കേൾക്കുന്നതിലും വായിക്കുന്നതിലും മറ്റും ഭക്തിക്കടുത്ത കാര്യങ്ങളിലും മടിയുള്ളവരായിത്തീരുന്നു—

൫. അവർ ദൈവശാസ്ത്രഭാവം ഉണ്ടു വിശ്വാസികളെ കൊണ്ടു ദോഷങ്ങളെ ഉണ്ടാക്കി അവരിൽ കാണുന്ന കുറവുകൾ നിമിത്തം ഭക്തിമാർഗ്ഗത്തെ നിന്ദിച്ചു പരിഹാസം ചെയ്തു സംസാരിച്ചു തുടങ്ങുന്നു—

൬. അതിന്റെ ശേഷം അവർ ദൈവശുശ്രൂഷയിൽ പരിഹാസികളും ദൈവഭക്തി ഇല്ലാത്തവരുമായ വരെപ്പോലെ ആകും—

൭. ഇതിന്റെ ശേഷം അവർ നാനാവിധ ദുഷ്കർമ്മങ്ങൾ പറയുന്നതിലും ചെയ്യുന്നതിലും രസിക്കുന്നു—

൮. അതിന്റെ ശേഷം അല്പം നില പാപകാര്യങ്ങളെ കൊണ്ടു പരസ്യമാക്കിക്കൊള്ളുന്നു—

൬൦. ൧ ഈപ്രകാരം അവർക്കിനിയാശയുള്ളവൻ തങ്ങളെ ഉള്ളവ പൊലെ കാട്ടി
ഒരതിശയത്താൽ രക്ഷ വരാഞ്ഞാൽ പാപാന്ധകാരത്തിൽ തങ്ങ
ളുടെ വഞ്ചനയിൽ നശിച്ചു പൊകയും ചെയ്യും—

അപ്പൊൾ ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ സഞ്ചാരികൾ മന്ത്രഭൂമി
ലംഘിച്ചു പൊന്ന ശെഷം ബെയുലാ രാജ്യത്തിൽ എത്തി—ആ ദെശത്തിലെ വായു നല്ല
വാസനകളുള്ളതാകകൊണ്ടു അവർ കുറെ കാലം ആശ്വസിച്ചിരുന്നു—അവിടെ അവ
ർ പക്ഷികൾ പാടുന്നതും കെട്ടു ഭൂമിയിൽ വിടരുന്ന പുഷ്പങ്ങളെയും ദിനം തൊ
റും കണ്ടു മരണനിഴലിന്റെ താഴ്വരെക്കും നിരാശാഭീമാസുരന്റെ സംശയപുരിക്കും
അകലെ ആകകൊണ്ടു സൂര്യചന്ദ്രന്മാർ ഇടവിടാതെ പ്രകാശിച്ചു—ആ ദെശം സ്വർഗ്ഗത്തി
ന്റെ അതിരിൽ ആകകൊണ്ടു തെജൊമയന്മാരുടെ (ദൈവദൂതന്മാരുടെ)
സഞ്ചാരം പലപ്പൊഴും ഉണ്ടാകയല്ലാതെ അവർ അന്വെഷിച്ച പട്ടണത്തെയും
നിവാസികളെയും കണ്ടു ആ ദെശത്തിലും മണവാളനും മണവാട്ടിക്കും ഉണ്ടായ
വിവാഹക്കരാർ പുതുതാക്കപ്പെട്ടു മണവാളൻ മണവാട്ടിയുടെ മെൽ സന്തൊഷി
ക്കുന്നപ്രകാരം അവരുടെ ദൈവം അവരുടെ മെൽ സന്തൊഷിക്കയും ചെയ്തു—(യെ
ശ. ൬൨. ൫) അവിടെ ധാന്യത്തിലും വീഞ്ഞിലും ഒരു കുറവ് വരാതെ അവർ സഞ്ചാ
ര കാലത്തിൽ അന്വെഷിച്ചതു ധാരാളമാക്കി സാധിച്ചു ഉടനെ നിന്റെ
രക്ഷ വരുന്നു എന്നു ചീയൊൻ പുത്രിയൊടു പറവിൻ അവനൊടു കൂടെ പ്രതിഫലവും
ഉണ്ടെന്നുള്ള ശബ്ദങ്ങളെ പട്ടണത്തിൽനിന്ന കെട്ടു (യെശ. ൬൨. ൧൧) കർത്തൃരക്ഷി
തന്മാരും വിശുദ്ധജനവും എന്ന ആ നാട്ടുകാർ എല്ലാവരും അവർക്കു പെരിട്ടു
കയും ചെയ്തു—(യെശ. ൬൨. ൧൨)

അന്വെഷിച്ച രാജ്യത്തിനു അടുത്തിരിക്കുന്ന ആ ദെശത്തിൽ അവർ സഞ്ചരി
ച്ചു ദൂരം വിട്ട സ്ഥലങ്ങളിലെക്കാൾ അധികം സന്തൊഷിച്ചു—പട്ടണത്തിന
ടുക്കെ ചെല്ലുന്തൊറും മുത്തുകളും രത്നങ്ങളും കൊണ്ടു പണിതതും ഒരു വീഥിക
ൾ പൊന്നുകൊണ്ടു പടുത്തതുമാകുന്നതിനാൽ അതിന്റെ ശൊഭയും സൂര്യകിരണങ്ങ
കിരുന്നതു കണ്ട ശെഷം ക്രിസ്ത്യാനി ആശയാൽ ദീനം പിടിച്ചു അപ്പൊൾ ആശ
യുള്ളവനും കുറെ സുഖക്കെടു വന്നാറെ അവർ വിലാസമായി കിടക്കുമ്പൊൾ എ
ന്റെ പ്രിയനെ കണ്ടാൽ ഞാൻ സ്നെഹപരവശനായിരിക്കുന്നു എന്ന് അവനെ
അറിയിപ്പിൻ എന്നു വിളിക്കയും ചെയ്തു—

പിന്നെ അവർ അല്പം ശക്തിയേറീട്ട ദീനവും സഹിപ്പാൻ പ്രാപ്തന്മാരായപ്പോൾ യാത്രയായി പട്ടണത്തിന്ന അടുത്തടുത്ത ചെന്നു പെരുവഴിക്ക എതിരെ വാതിലുകൾ തുറന്നിരിക്കുന്ന പൂങ്കാവുകളും മുന്തിരിങ്ങാത്തോട്ടങ്ങളും മറ്റും കണ്ടു വഴിയരികെ നില്ക്കുന്ന തോട്ടക്കാരനോട ഈ നല്ല മുന്തിരിത്തോട്ടങ്ങളും ഉദ്യാനങ്ങളും ആൎക്കുള്ളതാകുന്നു എന്നു ചോദിച്ചപ്പോൾ അവൻ രാജാവിന്റെ ആകുന്നു തന്റെ സന്തോഷത്തിന്നും സഞ്ചാരികളുടെ ആശ്വാസത്തിന്നും വേണ്ടി ഉണ്ടാക്കപ്പെട്ടിരിക്കുന്നു എന്നു ചൊല്ലി അവരെ മുന്തിരിത്തോട്ടങ്ങളുടെ അകത്ത കടത്തി നിങ്ങൾ ഇഷ്ടംപോലെ ഭക്ഷിച്ചു തൃപ്തരാകാം എന്നു പറഞ്ഞു രാജാവിന്റെ വഴികളെയും അവന്റെ ഇഷ്ടവാസസ്ഥലങ്ങളായ വള്ളിക്കെട്ടുകളെയും കാണിച്ചശേഷം അവർ അവിടെ ഉറങ്ങി—

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടത എന്തെന്നാൽ അവർ സകല സഞ്ചാരത്തിലും ഈ കാലത്തിലെക്കാൾ അധികം ഉറക്കത്തിൽ സംസാരിച്ചതുകൊണ്ട ഞാൻ അതിശയിച്ചപ്പോൾ തോട്ടക്കാരൻ എന്നോട നീ എന്തിന്ന ആശ്ചര്യപ്പെടുന്നു ഈ തോട്ടങ്ങളിലെ പഴങ്ങളുടെ മഹാമധുരം ഉറങ്ങുന്നവരുടെ അധരങ്ങളെയും സംസാരിപ്പിക്കുന്നു എന്നു പറഞ്ഞു-
(പാട്ട. ൭, ൯)-

പിന്നെ അവർ ഉണൎന്നാറെ പട്ടണത്തിലേക്ക പുറപ്പെട്ടു എങ്കിലും ഞാൻ പറഞ്ഞ പ്രകാരം ആ പട്ടണം ശുദ്ധ പൊന്നുമയമാകകൊണ്ടും സൂൎയ്യരശ്മികൾ പ്രസന്നമായിരിക്കകൊണ്ടും അവൎക്ക നോക്കുവാൻ വേണ്ടി വിശിഷ്ടദൎശനം അസാദ്ധ്യമായിരുന്നു-
(൨ കൊ. ൩, ൧൮) അപ്പോൾ ഞാൻ ഇനി നടന്നുകൊണ്ടിരിക്കുമ്പോൾ സ്വൎണ്ണമയ വസ്ത്രം ഉടുത്ത രണ്ടു തേജോമുഖന്മാർ എതിരെ വരികയും ചെയ്തു-

ആ പുരുഷന്മാർ സഞ്ചാരികളോട നിങ്ങൾ എവിടെനിന്നു വരുന്നു എന്നു ചോദിച്ചാറെ അവർ അറിയിച്ചപ്പോൾ അവർ വഴിയിൽനിന്ന എവിടെ എല്ലാം പാൎത്തു എന്നും എല്ലാം സങ്കടങ്ങളും കഷ്ടങ്ങളും സഹിച്ചു എന്നും എല്ലാം ആശ്വാസവും സന്തോഷവും അനുഭവിച്ചു എന്നും ചോദിച്ചതിന്ന അവർ എല്ലാം വിവരമായി പറഞ്ഞാറെ നിങ്ങൾ പട്ടണത്തിൽ എത്തുമ്മുമ്പെ ഇനി രണ്ടു കഷ്ടങ്ങളെ മാത്രം സഹിക്കേണ്ടിവരും എന്നു പറഞ്ഞത കേട്ടിട്ട ക്രിസ്ത്യാനും കൂട്ടാളിയും നിങ്ങൾ ഞങ്ങളോടുകൂട വരേണം എന്ന അപേക്ഷിച്ചപ്പോൾ അവർ പറഞ്ഞു എങ്കിലും

ന്നെങ്ങൾ തന്നെ വിശ്വാസത്താൽ സകലവും സാധിക്കൊന്നം എന്നു പറഞ്ഞു പട്ടണ
വാതിലിനെ കാണും വരെക്കും ഒത്തിച്ചു നടന്നു എന്നു ഞാൻ സ്വപ്നത്തിൽ കണ്ടു-
വിശെഷം അവർക്കും പട്ടണവാതിലിന്നും മദ്ധ്യെ ശത്രുക്കും ആഴമുള്ള ഒരു പുഴ ഉണ്ടാ
യിരുന്നു- അവിടെ കടപ്പാൻ പാലമില്ലാക്കകൊണ്ടു സഞ്ചാരികൾ സ്തംഭിച്ചു നി
ല്ക്കുമ്പോൾ ഒരുത്തൊ മനുഷ്യൻ നിങ്ങൾ പുഴയിൽ കൂടി കടക്കാതെ കണ്ടു വാതിൽക്ക
ൽ എത്തുവാൻ കഴികയില്ല എന്നു പറഞ്ഞു-
അപ്പോൾ സഞ്ചാരികൾ വാതിൽക്കൽ ചെല്ലുന്നതിന്നു മറെറാരു വഴി ഇല്ലയൊ
എന്നു ചോദിച്ചതിന്നു അവർ ഉണ്ടു എങ്കിലും ലോകാരംഭം തുടങ്ങി ഒടുക്കമുള്ള കാ
ഹളത്തുരുത്ത സമയം വരെക്കും ഹാനൊക്കും ഏലിയാവും അല്ലാതെ ഒരു മനുഷ്യനും അ
തിലെ പോവാൻ കഴികയില്ല നിശ്ചയം എന്നു പറഞ്ഞതു കെട്ടാറെ സഞ്ചാരികൾ
ഇരുവർക്കും പ്രത്യെകം ക്രിസ്തിയാനും വളരെ മനോവ്യസനം ഉണ്ടായി അങ്ങും ഇങ്ങു
ം നോക്കീട്ടും പുഴയെ ഒഴിച്ചു മറെറാരു വഴിയെ കണ്ടില്ല- അനന്തരം അവർ
വെള്ളം ഒക്കെ ആഴമുള്ളതൊ എന്നു ചോദിച്ചാറെ അവർ ഇല്ല എങ്കിലും ഈ രാജ്യത്തി
ൻെറ രാജാവിങ്കൽ നിങ്ങൾ വെക്കുന്ന വിശ്വാസപ്രകാരം
ആഴം അധികമായും ന്യൂനമായും ഇരിക്കും എന്നു പറഞ്ഞു-
അനന്തരം അവർ വെള്ളത്തിൽ ഇറങ്ങിയാറെ ക്രിസ്തിയാൻ മുങ്ങിപ്പോയി
തന്റെ ആശാമയനെ വിളിച്ചു ഞാൻ നിലയില്ലാത്ത വെള്ളങ്ങളിൽ അകപ്പെട്ടു
തിരകൾ എല്ലാം എന്റെ മീതെ കവിഞ്ഞു പോകുന്നു എന്നു പറഞ്ഞു
അപ്പോൾ മറെറവൻ സഹോദരാ ധൈര്യമായിരിക്ക ഞാൻ നല്ല നിലയിൽ ഞാ
ൻ എത്തിയിരിക്കുന്നു എന്നു പറഞ്ഞാറെ ക്രിസ്തിയാൻ ഹാ സ്നേഹിതാ മരണവേദന
കൾ എന്നെ ചുറ്റിയിരിക്കുന്നു പാലും തേനും ഒഴുകുന്ന ദേശം ഞാൻ കാണുകയില്ല എന്നു പ
റഞ്ഞശെഷം ക്രിസ്തിയാന്റെ മേൽ വലിയ അന്ധകാരവും ഭയവും വീണു മുമ്പോട്ടു
നോക്കുവാൻ കഴിയാതെ ആയി ബോധവും വിട്ടു യാത്രാകാലത്തിൽ ഉണ്ടായ
ആശ്വാസവും എല്ലാം മറന്നു താൻ ഒരു നാളും വാതിൽക്കൽ എത്തുകയില്ലയൊ പു
ഴയിൽ മരിച്ചു പോകുമൊ എന്നു സംശയിച്ചു ഭയപ്പെട്ടു സഞ്ചാരത്തിന്നു മുമ്പും പി
മ്പും ചെയ്ത പാപങ്ങളെ ഓർത്തു വളരെ ദുഃഖിച്ചു എന്നു ക്രിസ്തിയാൻ പറഞ്ഞ വാക്കുകളാലും
കെട്ട പിശാചുക്കളും ഭൂതങ്ങളും അവനെ വളരെ ഞെരുക്കിയെന്നു അവൻ പറ
ഞ്ഞ വിലാപങ്ങളാൽ തെളിവായി വരികയും ചെയ്തു- അതുകൊണ്ടു ആശാമയൻ

തന്റെ സഹോദരന്റെ തല പ്രയാസത്തോടെ പിടിച്ചു വെള്ളത്തിന്മീതെ ഉയ
ർത്തി നടന്നു. ചിലപ്പോൾ അവൻ മുഴുവനും മുങ്ങിത്തിരിയുമ്പോൾ ശ്വാസം മുട്ടി മര
ണത്തിനടുത്ത പ്രകാരമാകുന്നതു കണ്ടാറെ ആശാമയൻ ഹാ സഹോദര വാതിലി
ന്മേൽ നമ്മെ കാത്തിരിക്കുന്നവരെയും ഞാൻ കാണുന്നു എന്നു ആശ്വാ
സിപ്പിച്ചതിന്നു ക്രിസ്തിയാൻ എന്നെ കാത്തിട്ടല്ല നിന്നെ കാത്തിട്ടു തന്നെ അവർ കാ
ത്തിരിക്കുന്നു ഞാൻ നിന്നെ അറിഞ്ഞതു മുതൽ നീ ആശയുള്ളവൻ തന്നെ എ
ന്നു പറഞ്ഞതു കേട്ടു ആശാമയൻ നീയും അങ്ങിനെ തന്നെ ആയിരുന്നുവല്ലോ
എന്നു പറഞ്ഞ ശേഷം ക്രിസ്തിയാൻ ഹാ സഹോദര എന്റെ കാര്യം നേരായി
രുന്നു എങ്കിൽ അവൻ എഴുന്നേറ്റു എന്നെ സഹായിക്കുമല്ലോ എങ്കിലും എന്റെ
പാപം നിമിത്തം അവൻ എന്നെ ഈ കണിക്കിൽ കുടുക്കിവിട്ടിരിക്കുന്നു എന്നു പറക
ട്ടാറെ ആശാമയൻ ഹാ സഹോദര. അവരുടെ മരണത്തിൽ ഒരു കഷ്ടപ്പാടും വരി
കയില്ല ബലവും സ്ഥിരമാകുന്നു. അവർ മറ്റവർ എന്നപോലെ ഉപദ്രവത്തി
ൽ ആകയില്ല എന്നു ദുഷ്ടന്മാരെക്കുറിച്ചു പറഞ്ഞതു നീ മറന്നുവൊ
യൊ - ദൈവം നിന്നെ ഉപേക്ഷിച്ചതു കൊണ്ടല്ല നീ ഈ വെള്ളത്തിൽനിന്നു അനുഭവി
ച്ചു വരുന്ന ഉപദ്രവങ്ങൾ എല്ലാം ദുഃഖത്തിലും അവനെ ഓർത്തു എന്നിരിക്കുമോ എന്നു നി
ന്നെ പരീക്ഷിപ്പാൻ വേണ്ടിയിട്ടും ഈ വെള്ളത്തിൽ ഞെരുക്കങ്ങളും ദു
ഖങ്ങളും ഇരിക്കുന്നു എന്നു പറഞ്ഞു —

അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ ക്രിസ്തിയാൻ മിണ്ടാതെ വി
ചാരിച്ചുകൊണ്ടിരിക്കുമ്പോൾ ആശാമയൻ നീ ധൈര്യമായിരിക്ക യേശുക്രിസ്തു
നിന്നെ സൌഖ്യമാക്കും എന്നു ആശ്വസിപ്പിച്ച ശേഷം ക്രിസ്തിയാൻ ഹൊ ഞാൻ
അവനെ കണ്ടു നീ വെള്ളത്തിൽ കൂടി കടക്കുമ്പോൾ ഞാൻ കൂടെ ഇരിക്കും നീ
നദികളിൽ കൂടി ചെല്ലുമ്പോൾ വെള്ളങ്ങൾ നിന്റെ മീതെ കവികയില്ല എന്ന
വൻ എന്നോടു പറയുന്നു എന്നു ഉറക്കെ നിലവിളിച്ചതിനാൽ ഇരുവർക്കും ധൈര്യം ഉണ്ടാ
യി ശത്രുവും ഒരു കല്ലു പോലെ മിണ്ടാതെയായി. അപ്പോൾ ക്രിസ്തിയാന്നു നില്പാ
ൻ വെള്ളത്തിൽ നില കിട്ടിയ ശേഷം പുഴയും ആഴമില്ലാതെ ആകകൊണ്ടു അവർ സുഖേന കടന്നു.
മറുകരയിൽ എത്തിയപ്പോൾ ആ രണ്ടു തേജോമയന്മാർ അവരെ കാത്തു വെള്ള
ത്തിൽനിന്നു കയറിയ ശേഷം കുശലം വിചാരിച്ചു രക്ഷ അവകാശമാക്കി അനുഭ
വിപ്പാനുള്ളവർക്കു വേണ്ടി അയക്കപ്പെട്ട സേവകന്മാർ ഞങ്ങൾ തന്നെ എന്നു

ക്കുന്നതെന്നു പറഞ്ഞാറെ അവർ ഒരുമിച്ചു വാതിൽക്കലെക്ക പുറപ്പെട്ടു- വാനപ
ട്ടണം എത്രയും ഉയൎന്ന പൎവ്വതത്തിന്മെൽ ഇരിക്കുന്നെങ്കിലും തെജൊമയന്മാർ
ഇരുവരും നശ്വരമായ വസ്ത്രങ്ങൾ പുഴയിൽ അഴിഞ്ഞു പൊയ സഞ്ചാരികളെ ഒ
ക്കെ പിടിച്ചു നടത്തുക കൊണ്ടു മെലെങ്ങുളെട്ടു തെജസ്ഥാനമുള്ള പട്ടണത്തി
ന്നാകിവായുമാൎഗ്ഗങ്ങളെ കടപ്പാൻ കഴിവുണ്ടാകി പുഴ വിട്ടു പൊന്നതു കൊണ്ടും
ഇത്ര മഹത്വമുള്ള കൂട്ടാളികൾ ഉണ്ടാക കൊണ്ടും പ്രസാദിച്ചു തമ്മിൽ സംസാരിച്ചു
കയറുകയും ചെയ്തു-
തെജൊമയന്മാർ ആ സ്ഥല മഹത്വത്തെയും അവരൊട്ടു അറിയിച്ചു- അവിടെ ശി
യൊൻ പൎവ്വതമായ സ്വൎഗ്ഗീയ യരുശലെമും അസംഖ്യ ദൈവദൂതന്മാരുടെ കൂട്ട
വും തികഞ്ഞു ചമഞ്ഞ നീതിമാന്മാരുടെ ആത്മാക്കളും ഉണ്ടു- (എബ്ര-൧൨-൨൨)
നിങ്ങൾ ഇപ്പൊൾ ദൈവത്തിന്റെ പരദീസയിൽ പ്രവെശിച്ചു ജീവവൃക്ഷത്തെ ക
ണ്ടു അതിന്റെ വാടാത്ത ഫലങ്ങളെ തിന്നു വെള്ള വസ്ത്രവും ഉടുത്തു രാജാവിനൊ
ടു കൂട നടന്നു സംസാരിക്കയും ചെയ്യും- മുമ്പെത്ത കാൎയ്യങ്ങൾ എല്ലാം ഒഴിഞ്ഞു പൊ
യതുകൊണ്ടു നിങ്ങൾ ഭൂലൊകത്തിൽ കണ്ട ദുഃഖ കഷ്ട ദീന മരണങ്ങൾ ഇനി ഉണ്ടാ
കയില്ല- (യെശ-൬൫-൧൬ അറി-൨൧-൪) ദൈവം വരുവാനുള്ള കഷ്ടങ്ങളിൽ നിന്നു ര
ക്ഷിക്കയാൽ തങ്ങളുടെ കിടക്കയിൽ ആശ്വസിക്കയും ഒരൊരുത്തൻ അവനവ
ന്റെ നീതിയിൽ നടക്കയും ചെയ്യുന്ന അബ്രഹാം ഇസഹക്ക യാക്കൊബ് മുതലായ
പ്രവാചകന്മാരൊടു നിങ്ങൾ ചെരും എന്നു പറഞ്ഞാറെ സഞ്ചാരികൾ എന്നാൽ ആ
പരിശുദ്ധസ്ഥലത്തിൽ ഞങ്ങൾക്കു എന്തു വെല ഉണ്ടാകും എന്നു ചൊദിച്ചതിന്നു അവ
ർ നിങ്ങളുടെ പ്രയാസത്തിന്നു പകരം ആശ്വാസവും ദുഃഖത്തിന്നു പകരം സന്തൊഷ
വും ലഭിച്ചു പ്രാൎത്ഥനയാലും കണ്ണീരാലും വഴിയിൽ വെച്ചു രാജാവിന്നിമിത്തം നിങ്ങ
ൾ സഹിച്ച കഷ്ടങ്ങളാലും വിതച്ചതിന്റെ ഫലം കൊയ്യും- സ്വൎഗ്ഗകിരീടങ്ങളെ ധരി
ച്ചു പരിശുദ്ധിയുള്ളവനെ അവൻ ഇരിക്കുന്ന പ്രകാരം തന്നെ നിത്യം കണ്ടു ജഡത്തി
ന്റെ ബലഹീനത നിമിത്തം പ്രയാസത്തൊടെ നിങ്ങൾ ഭൂലൊകത്തിൽ സെവിപ്പാൻ
ആഗ്രഹിച്ചിട്ടുള്ളവനെ നിത്യം നന്ദിയൊടെ വാഴ്ത്തി പുകഴ്ത്തി സെവിച്ചു- മഹത്വമുള്ള
വനെ കണ്ടു അവന്റെ മധുരശബ്ദം കെൾക്കുന്നതിനാൽ നിങ്ങളുടെ കണ്ണുകൾക്കും ചെവി
കൾക്കും വളരെ സുഖമുണ്ടാകും- മുമ്പെ അവിടെ എത്തി ചെൎന്നവരെയും കണ്ടു ആ പരി
ശുദ്ധസ്ഥലത്തിലെക്ക പിന്നാലെ വരുന്നവരെയും നിങ്ങൾ സന്തൊഷിച്ചു കൈക്കൊ

ള്ളും- അന്നിടെ മഹത്വവും പ്രകാശവും ധരിച്ചു മഹത്വമുള്ള രാജാവിനൊടു കൂടെ സ്വർഗ്ഗാരൊഹണം ചെയ്യുണ്ടതിന്നു ഇതിന്നമായ വാഹനം ഒരുങ്ങും അവൻ കാഹളശബ്ദത്തൊടെ മെഘങ്ങളിൽ വരുമ്പൊൾ നിങ്ങളും കൂടെ വരും ന്യായാസനത്തിന്മെൽ ഇരിക്കുമ്പൊൾ നിങ്ങളും കൂടെ ഇരിക്കും തനിക്കും നിങ്ങൾക്കും ശത്രുക്കളും എതിരിക്കുന്ന ദുഷ്ടന്മാരായ മനുഷ്യരെയും പരലൊകവാസികളെയും വിധിച്ചാൽ നിങ്ങളും വിധിക്കും- പട്ടണത്തിലെക്ക അവൻ മടങ്ങി ചെല്ലുമ്പൊൾ നിങ്ങളും കൂടെ പൊകും എന്നും അവനൊടു കൂടെ വാഴുകയും ചെയ്യും-

അവർ ഇങ്ങിനെ പാതിവഴി അടുത്തപ്പൊൾ ഇതാ ഒരു സ്വർഗ്ഗസെനാസംഘം അവർക്കെതിരെ വന്നാറെ ഇതെല്ലാം മക്കാമാർ ലൊകത്തിൽ വെച്ചു നമ്മുടെ കർത്താവിനെ സ്നെഹിച്ചു അവന്റെ പരിശുദ്ധനാമം നിമിത്തം സകലവും ഉപെക്ഷിച്ച മനുഷ്യർ ഇവർ തന്നെ ആകുന്നു- ഞങ്ങൾക്ക കല്പന വന്ന പ്രകാരം അവരെ കൊണ്ടുവന്നു ഞങ്ങൾ രക്ഷിതാവിന്റെ മുഖം സന്തൊഷത്തൊടെ കാണുന്നതിനായി ഞങ്ങളുടെ വാഞ്ഛിതയാത്രയിൽ ഇത്രൊടം എത്തിയിരിക്കുന്നു എന്ന അവരൊടു പറഞ്ഞ ശെഷം സ്വർഗ്ഗസെനകൾ ആർത്തട്ടഹസിക്കുകയും ഉടനെ ... പ്രിയപ്പെട്ടവർ ഭൂമിയിലെ വാസം ... അതിനെന്നിട്ട ഉറക്കെ ആർപ്പുവിളിച്ചപ്പൊൾ വെള്ളവസ്ത്രം ധരിച്ച രാജാവിന്റെ കുഴൽക്കാർ പലരും തങ്ങളുടെ മധുരഗാനങ്ങളുടെ മാറ്റൊലി കൊണ്ടു സ്വർഗ്ഗങ്ങൾ മുഴങ്ങുമാറാക്കി പുറത്തുവന്നു ക്രിസ്ത്യാനിയെയും അവന്റെ കൂട്ടാളിയെയും പതിനായിരം കുശലവാക്യങ്ങളാലും കാഹളശബ്ദത്താലും സല്ക്കരിച്ചു ശെഷം അവർ എല്ലാവരും സഞ്ചാരികളെ ചുറ്റി നാലുപുറവും നടന്നു കാത്തു സ്വർഗ്ഗീയഗീതങ്ങളെ പാടുകയും കാഹളം ഊതുകയും ചെയ്തു- ആ കാഴ്ചയും കാണെണ്ടതിന്നു കണ്ണുള്ളവർക്ക സ്വർഗ്ഗം തന്നെ അവരെ എതിരെല്പാൻ ഇറങ്ങിവന്നു എന്ന തൊന്നും- അവർ ഇങ്ങിനെ നടന്നുകൊണ്ടിരിക്കുമ്പൊൾ കുഴൽക്കാർ കൂടക്കൂടെ കാഹളം ഊതി സന്തൊഷശബ്ദം ഉണ്ടാക്കി തങ്ങൾക്കുള്ള സ്നെഹവും അവരുടെ വരവിനാൽ ഉണ്ടായ സന്തൊഷവും പല മുഖഭാവവിചെഷ്ടങ്ങളാൽ ക്രിസ്ത്യാനിക്കും അവന്റെ സഹോദരനും അറിയിച്ചു ഇത്രകൊണ്ട സ്വർഗ്ഗത്തിൽ എത്തും മുമ്പെ തന്നെ അവർ സ്വർഗ്ഗീയസുഖം അനുഭവിച്ചു ദൈവദൂതന്മാരെ കണ്ടു അവരുടെ മധുരശബ്ദങ്ങളെ കെട്ടു സന്തൊഷിച്ചു വട്ടണം മുഴുവനും കണ്ടു തങ്ങളുടെ വരവിനാൽ ഉണ്ടാകുന്ന സന്തൊഷം നിമിത്തം അതിലെ മണികൾ എല്ലാം മുഴങ്ങുന്നു എന്ന തൊന്നി ഇങ്ങിനെ ... നിത്യം

ഈ ദൂതരൊടു കൂടവാഴുന്നതും എന്നെന്നെക്കുമായിട്ടിരിക്കകൊണ്ടവൎക്കുണ്ടാ
യസന്തൊഷം നാവുകൊണ്ടൊ തൂവൽകൊണ്ടൊ പ്രകാശിപ്പിപ്പാൻ എന്തുകഴിവു-
ഉണ്ടിനി അവർ വാതിൽക്കൽ എത്തിയാറെ ജീവവൃക്ഷത്തിൽ അധികാരം
വാങ്ങുവാനും വാതിൽക്കൽ കൂടി പട്ടണെ പ്രവെശിപ്പാനും ദൈവകല്പനകളെ പ്ര
മാണിക്കുന്ന പരിശുദ്ധന്മാർ ഭാഗ്യവാന്മാരാകുന്നു എന്നു പൊന്നിറമായൊരെ
ഴുത്തുകളിൽ എഴുതിവെച്ചിരിക്കുന്നതു കണ്ടു - അറി ൨൨ ൧൪-
അപ്പൊൾ ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ തെജൊമയന്മാർ അവ
രൊടു നിങ്ങൾ വാതിൽക്കൽ വിളിക്കെണം എന്നു പറഞ്ഞ പ്രകാരം അവർ വിളി
ച്ചു ഉടനെ ഹനൊക്ക മൊശ എലിയാ മുതലായവർ മെലിൽനിന്നു നൊക്കി സഞ്ചാ
രിക്കുന്നവരാകുന്നവർ ഈ സ്ഥലത്തിന്റെ രാജാവിനെ സ്നെഹിച്ചു നാശപുരം വിട്ടു ഇ
വിടെക്കു വന്നിരിക്കുന്നു എന്നു കെട്ടാറെ സഞ്ചാരികൾ പ്രയാണാരംഭത്തിങ്കൽ കി
ട്ടിയ ചീട്ടുകളെ അവൎക്കു കാണിച്ചുകൊടുത്ത ശെഷം അവരെ ഉടനെ രാജസന്നി
ധിയിങ്കൽ കൊണ്ടുചെന്നപ്പൊൾ രാജാവ് വാങ്ങി വായിച്ചു അവർ എവിടെ എ
ന്നു ചൊദിച്ചു അവർ വാതിൽക്കൽ ഉണ്ട് എന്നു കെട്ടു ഉടനെ സത്യത്തെ പ്രമാണിക്കു
ന്ന പരിശുദ്ധജനം പ്രവെശിക്കെണ്ടതിന്നു വാതിലിനെ തുറക്കുവിൻ - യെശ. ൨൬,൨
എന്നു കല്പിച്ചു-
അനന്തരം ഞാൻ സ്വപ്നത്തിൽ കണ്ടതെന്തെന്നാൽ ആ മനുഷ്യർ രണ്ടും അ
കത്തു കടന്ന ഉടനെ അവരുടെ രൂപം മാറി പൊന്നിറമായ വസ്ത്രം ഉടുത്ത ശെഷം
ചിലർ വന്നു അവൎക്കു വീണകളും കിരീടങ്ങളും കൊടുത്തു അവരെ വീണകൾ സ്തുതിക്കും
കിരീടങ്ങൾ ബഹുമാനത്തിന്റെ അടയാളത്തിന്നും ആകട്ടെ എന്നു പറഞ്ഞ
പ്പൊൾ പട്ടണത്തിൽ എല്ലാമണികളും കൎത്താവിന്റെ സന്തൊഷത്തി
ലെക്കു പ്രവെശിപ്പിൻ എന്നു സഞ്ചാരികളൊടു കല്പനയുണ്ടായ ശെഷം അവർ സിം
ഹാസനത്തിന്മെൽ ഇരിക്കുന്നവന്നും ആട്ടിൻകുട്ടിക്കും ബഹുമാനവും മഹത്വവും ശ
ക്തിയും എന്നെക്കും ഉണ്ടാകട്ടെ എന്നു ഘൊഷിച്ചു പറഞ്ഞതിനെ ഞാൻ സ്വപ്നത്തി
ൽ കെൾക്കയും ചെയ്തു-
ആ മനുഷ്യർ പ്രവെശിക്കെണ്ടതിന്നു വാതിൽ തുറന്നിരുന്നപ്പൊൾ ഞാനും അക
ത്തെക്കു നൊക്കി ആ പട്ടണം എല്ലാം സൂൎയ്യനെ പൊലെ പ്രകാശിച്ചു തെരുവീ
ഥികൾ ശുദ്ധപൊന്നു കൊണ്ടു പടുത്തതും കിരീടം ധരിച്ചു കരങ്ങളിൽ ഒലകളും സ്തു

വന്നു പിന്നെയും പിടിച്ചു നടന്നു സ്തുതിച്ചു കൊണ്ടിരിക്കുന്നവരെയും കൎത്താവ് പരി
ശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ഇടവിടാതെ വിളിച്ചു കൊണ്ടിരിക്കു
ന്നവരെയും കണ്ടപ്പോൾ അവർ വാതിലിനെ അടച്ചശേഷം ഞാനും അങ്ങോ
ട്ടു ചെന്ന് അവരുടെ ഇടയിൽ പാൎത്തിരിക്കേണമെന്നു വിചാരിക്കയും ചെ
യ്തു— ഇവകളെയും വിസ്മയിച്ചു നോക്കിയ ശേഷം ഞാൻ തിരിഞ്ഞു നോക്കി അജ്ഞാ
നൻ നദീതീരത്ത് എത്തിയത് കണ്ടു എങ്കിലും മറ്റെ ഇരുവരും സഹിച്ച പ്രയാസ
ത്തിൽ പാതിയും കൂടാതെ വേഗം കടന്നു പോന്നതിന്റെ സംഗതിയാവിതു— അ
വൻ എത്തുമ്പോൾ അവിടെ ഉണ്ടായ മായാശരൻ എന്നൊരു തോണിക്കാരൻ അ
വനെ കയറ്റി മറുകരയിൽ എത്തിച്ചു— പിന്നെ കടന്നവരെ മറ്റവരെപ്പോലെ
അവനും പൎവ്വതത്തിന്മേൽ കയറി നടന്നു എങ്കിലും അവനെ എതിരേല്പാനും
പ്രസാദിപ്പിപ്പാനും ആരും വന്നില്ല— വാതിൽക്കൽ എത്തിയ ശേഷം മെ
ലെഴുത്തിനെ നോക്കി തട്ടുകയും ഉടനെ തുറക്കും എന്നു വിചാരിച്ചു മുട്ടുവാൻ തു
ടങ്ങി എങ്കിലും പുറത്തു നോക്കിയവർ നീ എവിടെ നിന്നു വന്നു എന്തു വേ
ണം എന്നു ചോദിച്ചതിന്നു അവൻ ഞാൻ രാജാവിന്റെ സന്നിധിയിൽ ഭക്ഷി
ക്കയും കുടിക്കയും ഞങ്ങളുടെ തെരുവീഥികളിൽ അവൻ പഠിപ്പിക്കയും ചെ
യ്തു എന്നു പറഞ്ഞപ്പോൾ അവർ രാജാവിന്നു കാണിപ്പാൻ നിന്റെ ചീ
ട്ടു എവിടെ എന്നു ചോദിച്ചതു കേട്ടു അവൻ മടിയിലും മറ്റും അന്വേഷിച്ചു നോ
ക്കി ഒന്നും കാണായ്കകൊണ്ടു അവർ ചീട്ടു ഇല്ലയോ എന്നു
ചോദിച്ച ശേഷം അവൻ മിണ്ടാതിരിക്കയും ചെയ്തു— അപ്പോൾ അവർ എല്ലാം
രാജാവെ ഉണൎത്തിച്ചാറെ അവൻ ഇറങ്ങി ചെന്നു അവനെ നോക്കുവാൻ മനസ്സുണ്ടാകാ
തെ ആശാമയ ക്രിസ്ത്യാനികളെ പട്ടണത്തിൽ എത്തിച്ച തേജോമയന്മാരോടു നി
ങ്ങൾ പോയി അജ്ഞാനിയെ കൈകാലുകളെയും കെട്ടി കൊണ്ടുപോകു
വിൻ എന്നു കല്പിച്ച പ്രകാരം അവർ ചെന്നു അവനെ പിടിച്ചു ഞാൻ മുമ്പെ
മലയുടെ അരികിൽ കണ്ട ദ്വാരത്തിന്നകത്തു കൊണ്ടുപോയി ഇട്ടുകളഞ്ഞു—
അപ്പോൾ നാശപുരത്തിൽനിന്നു മാത്രമല്ല സ്വൎഗ്ഗവാതിൽക്കൽനിന്നും
തന്നെ നരകത്തിലേക്ക് ഒരു വഴി ഉണ്ടു എന്നു ഞാൻ കാണുകയും
ചെയ്തു—

അനന്തരം ഞാൻ ഉണൎന്നു ഇതു സ്വപ്നം എന്നറികയും ചെയ്തു—

ഇനിക്കും മഹാസാരമുള്ളൊരു സ്വപ്നം ഉണ്ടായിരുന്നു എങ്കിലും മലയാളത്തിൽ അതിനെ വിസ്താരമായി പറവാൻ സംഗതി വന്നില്ല- ക്രിസ്തിയാൻ സഞ്ചാരം തുടങ്ങിയപ്പോൾ ഭാൎയ്യാപുത്രന്മാരും അവനെ പരിഹസിച്ചും നിന്ദിച്ചും കൊണ്ടു വളരെ ദുഃഖിച്ചു തനിയെ യാത്രയായ്പ്പോയെന്നു കെട്ടുവല്ലൊ എങ്കിലും അവൻ പുഴ കടന്നു വാനപട്ടണത്തിലെക്ക പ്രവെശിച്ചശെഷം ഭാൎയ്യയാകുന്ന ക്രിസ്തിയാനെക്കും മത്തായി ശമുവെൽ യൊസെഫ യാക്കൊബ് എന്ന പുത്രന്മാൎക്കും അനുതാപം ജനിച്ചുടക്കത്തക്ക നാശപുരം വിട്ടു അയല്ക്കാരത്തിയായ കരുണാമതിയൊടു കൂടി യാത്രയായി അച്ഛൻ നടന്ന വഴിയിലും സഞ്ചരിച്ചു വളരെ കഷ്ടങ്ങളെ സഹിച്ചു ദൈവസഹായത്താൽ പുഴ കടന്നതിന്റെ ശെഷം അമ്മയും കടന്നു കൎത്താവിന്റെ സന്തൊഷത്തിലെക്ക പ്രവെശിച്ചു എങ്കിലും പുത്രന്മാർ ഇനി വരെയും സഭാവൎദ്ധനക്കായിട്ടു പുഴസമീപ പ്രദെശത്തിൽ പാൎക്കുന്ന പ്രകാരം കെട്ടിരിക്കുന്നു എന്ന ചുരുക്കമായി പറഞ്ഞു തുടങ്ങുമ്പോൾ മതി എന്നെ തൊന്നുന്നു—

TELLICHERRY MISSION PRESS

1849

1922 G 9992

3.40 Schimmeltrockenreinigung
08/2016

ഇഹത്തിൽനിന്നു പരത്തിൽ

പ്രവെശിക്കുന്ന

സഞ്ചാരിയുടെ പ്രയാണം

Bunyan, Pilgrim's Progress.

യൊഹൻപുനിയൻ

ഇങ്ക്ലിഷിൽ എഴുതിയ ചരിത്രത്തിന്റെ

മലയാള ഭാഷാന്തരം

(Tellicherry 1849)

തലശ്ശെരിക്കല്ലെച്ചരാച്ചിതം